سورة سبأ

34. സൂറതു സബഅ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 54 - വിഭാഗം (റുകൂഉ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلۡحَمۡدُ لِلَّهِ ٱلَّذِي لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ وَلَهُ ٱلۡحَمۡدُ فِي ٱلۡأٓخِرَةِۚ وَهُوَ ٱلۡحَكِيمُ ٱلۡخَبِيرُ ١

《1》 അല്ലാഹുവിനത്രെ സർവ്വസ്തുതിയും ! ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) യാതൊരുവനുള്ളതാണോ അവന്ന് (സ്തുതി). പരലോകത്തിലും അവന്നു തന്നെയാണ് സ്തുതി, അഗാധജ്ഞനും, സൂക്ഷ്മജ്ഞനും അവനത്രെ.

يَعۡلَمُ مَا يَلِجُ فِي ٱلۡأَرۡضِ وَمَا يَخۡرُجُ مِنۡهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعۡرُجُ فِيهَاۚ وَهُوَ ٱلرَّحِيمُ ٱلۡغَفُورُ ٢

《2》 ഭൂമിയിൽ കടന്നുകൂടുന്നതും, അതിൽ നിന്ന് പുറത്തുവരുന്നതും, ആകാശത്ത് നിന്നു ഇറങ്ങുന്നതും, അതിൽ കേറിച്ചെല്ലുന്നതും (എല്ലാം) അവൻ അറിയുന്നു. അവനത്രെ കരുണാനിധിയും വളരെ പൊറുക്കുന്നവനുമായുള്ളവൻ.

《1》 ٱلْحَمْدُ സ്തുതി(സ്തുതിയായിട്ടുള്ളതെല്ലാം) لِلَّهِ അല്ലാഹുവിനാണ് الَّذِي യാതൊരുവൻ لَهُ അവനാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും وَلَهُ الْحَمْدُ അവന് തന്നെയാണ് സ്തുതി فِي الْآخِرَةِ പരലോകത്ത് وَهُوَ അവൻ, അവനത്രെ الْحَكِيمُ അഗാധജ്ഞൻ الْخَبِيرُ സൂക്ഷ്മജ്ഞൻ 《2》 يَعْلَمُ അവൻ അറിയുന്നു

مَا يَلِجُ പ്രവേശിക്കുന്നത്, കടന്നുവരുന്നത് فِي الأَرْضِ ഭൂമിയിൽ وَمَا يَخْرُجُ പുറത്തുവരുന്നതും مِنْهَا അതിൽ നിന്ന് وَمَا يَنْزِلُ ഇറങ്ങുന്നതും مِنَ السَّمَاءِ ആകാശത്തുനിന്നു وَمَا يَعْرُجُ കയറിവരുന്നതും فِيهَا അതിൽ وَهُوَ അവൻ (തന്നെ) الْغَفُورُ വളരെ പൊറുക്കുന്നവൻ الرَّحِيمُ കരുണാനിധി

പ്രത്യക്ഷമായും, പരോക്ഷമായും ആകാശഭൂമികളിൽ അനുനിമിഷം വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹകോടികളുടെ പേരിൽ – നടക്കുന്നതും നടക്കേണ്ടതുമായ – എല്ലാ സ്തുതികീർത്തനങ്ങളുടെയും അർഹതയും, അവകാശവും അല്ലാഹുവിനാകുന്നു. പരലോകത്ത് വെച്ച് അവന്റെ നല്ല അടിയാൻമാർക്ക് അനുഭവപ്പെടുന്ന എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചുള്ള സ്തുതിയും അവന് മാത്രമാകുന്നു.

നിക്ഷേപങ്ങൾ, ധാതുവസ്തുക്കൾ, മരിച്ചുമണ്ണടിഞ്ഞവർ, ദ്രവിച്ചു നശിച്ചുപോയവ, വറ്റിപ്പോയ ജലാംശങ്ങൾ പുരാണാവശിഷ്ടങ്ങൾ എന്നിങ്ങനെ ഭൂമിക്കുള്ളിൽ പ്രവേശിച്ചുകഴിഞ്ഞ സകലവും അല്ലാഹു അറിയുന്നു. സസ്യങ്ങൾ, ജീവികൾ, ഉറവുകൾ ആദിയായി ഭൂമിക്കുള്ളിൽനിന്നു വെളിക്കുവരുന്ന വസ്തുക്കളെയും അവൻ അറിയുന്നു. മഴ, മഞ്ഞ്, കാറ്റ്, ഇടി, മലക്കുകൾ, ദൈവീക കൽപനകൾ എന്നിത്യാദി ആകാശത്ത് നിന്നു ഭൂമിയിലേക്ക് വരുന്നവയെയും, മനുഷ്യകർമ്മങ്ങൾ, ആത്മാക്കൾ, മലക്കുകൾ, ആവി, വാതകം, റോക്കറ്റ് മുതലായി ഭൂമിയിൽ നിന്ന് മേൽപോട്ടുയർന്നുപോകുന്ന സർവ്വത്തെയും അല്ലാഹു അറിയുന്നു. അൽപജ്ഞാനികൾ ധരിക്കുന്നത്പോലെ – അല്ലെങ്കിൽ വക്രതാൽപര്യക്കാർ ജൽപിക്കാറുള്ളതുപോലെ – അവൻ കാര്യങ്ങളെ മൊത്തത്തിൽ മാത്രം അറിയുകയല്ല ചെയ്യുന്നത്. എല്ലാ ഓരോ കാര്യവും ശരിക്കുശരിയായി സവിസ്തരം അറിയുന്ന അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമത്രെ അവൻ. (അടുത്ത വചനത്തിന്റെ അവസാനഭാഗവും ശ്രദ്ധിക്കുക.)

وَقَالَ ٱلَّذِينَ كَفَرُوا۟ لَا تَأْتِينَا ٱلسَّاعَةُ ۖ قُلْ بَلَىٰ وَرَبِّى لَتَأْتِيَنَّكُمْ عَـٰلِمِ ٱلْغَيْبِ ۖ لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ وَلَآ أَصْغَرُ مِن ذَٰلِكَ وَلَآ أَكْبَرُ إِلَّا فِى كِتَـٰبٍ مُّبِينٍ ﴿٣﴾

《3》 അവിശ്വസിച്ചവർ പറയുകയാണ്: അന്ത്യസമയം നമുക്ക് വരികയില്ല എന്ന്! (നബിയേ) പറയുക: ഇല്ലാതേ! അദൃശ്യത്തെ അറിയുന്നവനായ എന്റെ രക്ഷിതാവ് തന്നെയാണ (സത്യം)! അത് നിശ്ചയമായും നിങ്ങൾക്ക് വരുകതന്നെ ചെയ്യും. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവനിൽ നിന്ന് (അവനറിയാതെ) വിട്ടുപോകുന്നതല്ല. അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ (ഒന്നും തന്നെ) സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ (രേഖപ്പെടു ത്തപ്പെടാതെ) യില്ല.

﴾3﴿ وَقَالَ പറഞ്ഞു, പറയുകയാണ് الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَا تَأْتِينَا നമുക്ക് വരികയില്ല السَّاعَةُ അന്ത്യസമയം قُلْ പറയുക, بَلَىٰ ഇല്ലാതേ, (ഉണ്ട്) وَرَبِّي എന്റെ റബ്ബ് തന്നെയാണ് لَتَأْتِيَنَّكُمْ അത് നിങ്ങൾക്ക് വരുകതന്നെ ചെയ്യും عَالِمِ الْغَيْبِ അദൃശ്യത്തെ അറിയുന്നവനായ(റബ്ബ്) لَا يَعْزُبُ വിട്ടുപോകു(ഒഴിവാ)കയില്ല عَنْهُ അവനിൽനിന്ന് مِثْقَالُ ذَرَّةٍ ഒരുഅണുത്തൂക്കവും فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലും ഇല്ല وَلَا أَصْغَرُ ചെറിയതുമില്ല مِنْ ذَٰلِكَ അതിനെക്കൾ وَلَا أَكْبَرُ വലിയതുമില്ല إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ)ഇല്ലാതെ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

പുനഃരുത്ഥാനത്തെ പരിഹാസപൂർവ്വം നിഷേധിക്കുന്നവരോട് അല്ലാഹുവിൽ ആണയിട്ടു (സത്യം ചെയ്തു, കൊണ്ട് മറുപടി കൊടുക്കുവാൻ നബി ﷺ യോട് കൽപിക്കുന്ന മൂന്ന് ക്വുർആൻ വചനങ്ങളിൽ രണ്ടാമത്തേതാണിത്) ഒന്നാമത്തേത് : وَيَسْتَنبِئُونَكَ أَحَقٌّ هُوَ قُلْ إِي وَرَبِّي إِنَّهُ لَحَقٌّ –يونس :٥٣ (അത് യഥാർത്ഥമാണോ എന്ന് അവർ നിന്നോട് വർത്തമാനമന്വേഷിക്കുന്നു :പറയുക : ഓ ! എന്റെ റബ്ബ് തന്നെയാണ ! നിശ്ചയമായും അത് യഥാർത്ഥം തന്നെ (സൂ: യൂനുസ് 53) മൂന്നാമത്തെ വചനം : زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا قُلْ بَلَىٰ وَرَبِّي لَتُبْعَثُنَّ- التغابن:٧ (അവിശ്വസിച്ചവർ ജൽപിക്കുകയാണ്, അവർ പുനരെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ! പറയുക : എന്റെ റബ്ബ് തന്നെയാണ ! നിശ്ചയമായും നിങ്ങൾ പുനരെഴുന്നേൽപിക്കപ്പെടുന്നതാണ് (സൂ: തഗാബുൻ . 7) വിഷയത്തിന്റെ ഗൗരവമാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. കഴിഞ്ഞ ആയത്തിലെ ആശയം ഒന്ന് കൂടി വ്യക്തമായ ഭാഷയിൽ ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

لِّيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۚ أُولَٰئِكَ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾

﴾4﴿ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പ്രതിഫലംനൽകുവാൻ വേണ്ടിയാകുന്നു (അത്). അക്കൂട്ടരാകട്ടെ, അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

وَالَّذِينَ سَعَوْ فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿٥﴾

﴾5﴿ (നമ്മെ) പരാജയപ്പെടുത്താൻ ശ്രമിക്കുന്നവരായിക്കൊണ്ട് നമ്മുടെ ആയത്തുകളിൽ(കുഴപ്പത്തിന്) പരിശ്രമം നടത്തിയിട്ടുള്ളവരാകട്ടെ, അക്കൂട്ടർക്ക് വേദനയേറിയ കഠിന ദണ്ഡനയാകുന്ന ശിക്ഷയുമുണ്ടായിരിക്കും.

وَيَرَى ٱلَّذِينَ أُوتُواْ ٱلْعِلْمَ ٱلَّذِىٓ أُنزِلَ إِلَيْكَ مِن رَّبِّكَ هُوَ ٱلْحَقَّ وَيَهْدِىٓ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴿٦﴾

﴿6﴾ അറിവ് നൽകപ്പെട്ടിട്ടുള്ളവർ കണ്ടറിയുന്നതാണ് ; നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് ഇറക്കപ്പെട്ടിട്ടുള്ളതുതന്നെയാണ്, യഥാർത്ഥമെന്നും, സ്തുത്യർഹനായ പ്രതാപശാലി യായുള്ളവന്റെ [അല്ലാഹുവിന്റെ] പാതയിലേക്ക് അത് മാർഗദർശനം നൽകുന്നു വെന്നും.

﴿4﴾ لِيَجْزِيَ അവൻ പ്രതിഫലം കൊടുക്കുവാൻ വേണ്ടി الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കയും ചെയ്ത أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് مَغْفِرَةٌ പാപമോചനം وَرِزْقٌ ഉപജീവനം, ആഹാരവും كَرِيمٌ മാന്യമായ ﴿5﴾ وَالَّذِينَ سَعَوْا പരിശ്രമം നടത്തിയ (കുഴപ്പമുണ്ടാക്കുന്ന)വർ فِي آيَاتِنَا നമ്മുടെ ലക്ഷ്യ(ദൃഷ്ടാന്ത)ങ്ങളിൽ مُعَاجِزِينَ അസാധ്യമാക്കുന്നവരായിട്ട്, (പരാജയപ്പെടു ത്തുവാൻ ശ്രമിച്ചുകൊണ്ട്) أُولَٰئِكَ അക്കൂട്ടർ لَهُمْ عَذَابٌ അവർക്കുണ്ട് ശിക്ഷ مِنْ رِجْزٍ കഠിന ദണ്ഡനയാകുന്ന, കടുത്തയാതനയിൽപെട്ട أَلِيمٌ വേദനയേറിയ ﴿6﴾ وَيَرَى കാണുന്നതാണ് നൽകപ്പെട്ടവർ അറിവ് ഇറക്കപ്പെട്ടത് നിനക്ക് مِنْ رَبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് هُوَ الْحَقَّ അത് തന്നെയാണ് യഥാർത്ഥം (എന്ന്) وَيَهْدِي അതു മാർഗദർശനം നൽകുന്നു എന്നും إِلَىٰ صِرَاطِ الْعَزِيزِ പ്രതാപശാലിയുടെ പാതയിലേക്ക് الْحَمِيدِ സ്തുത്യർഹനായ

അറിവ് നൽകപ്പെട്ടിട്ടുള്ളവർ എന്നു പറഞ്ഞത് വേദഗ്രന്ഥങ്ങളെയും, മതകാര്യങ്ങളെയുംകുറിച്ചു അറിയുന്നവരെപ്പറ്റിയാണ്. ലൗകികമോ ശാസ്ത്രീയമോ ആയ അറിവുകൾ ആ യാഥാർത്ഥ്യം അറിയുവാൻ മതിയാവുകയില്ലല്ലോ. (5-ാം വചനത്തിലെ ആശയത്തെക്കുറിച്ച് താഴെ 33-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്)

وَقَالَ ٱلَّذِينَ كَفَرُواْ هَلْ نَدُلُّكُمْ عَلَىٰ رَجُلٍ يُنَبِّئُكُمْ إِذَا مُزِّقْتُمْ كُلَّ مُمَزَّقٍ إِنَّكُمْ لَفِى خَلْقٍ جَدِيدٍ ﴿٧﴾

﴿7﴾ അവിശ്വസിച്ചവർ പറയുകയാണ് : നിങ്ങൾ എല്ലാ വിധേനയും (നശിച്ചു) ഛിന്നഭിന്ന മാക്കപ്പെട്ടാൽ, (വീണ്ടും) നിങ്ങൾ ഒരു പുതിയ സൃഷ്ടിയിൽ തന്നെ ആയിരിക്കുമെന്ന് നിങ്ങളോട് വർത്തമാനം അറിയിക്കുന്ന ഒരു മനുഷ്യനെക്കുറിച്ച് ഞങ്ങൾ നിങ്ങൾ ക്കു അറിയിച്ചു തരട്ടെയോ ?!

أَفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَم بِهِۦ جِنَّةُۢۗ
بَلِ ٱلَّذِينَ لَا يُؤۡمِنُونَ بِٱلۡأٓخِرَةِ فِي
ٱلۡعَذَابِ وَٱلضَّلَٰلِ ٱلۡبَعِيدِ ﴿٨﴾

《8》 അവൻ അല്ലാഹുവിന്റെമേൽ കളവ് കെട്ടിച്ചമയ്ക്കുകയാണോ, അതല്ല, അവന് വല്ല ഭ്രാന്തുമുണ്ടോ ?! പക്ഷെ, പരലോകത്തിൽ വിശ്വസിക്കാത്തവർ ശിക്ഷയിലും, വിദൂരമായ വഴിപിഴവിലുമായി രിക്കും.

أَفَلَمۡ يَرَوۡاْ إِلَىٰ مَا بَيۡنَ أَيۡدِيهِمۡ وَمَا
خَلۡفَهُم مِّنَ ٱلسَّمَآءِ وَٱلۡأَرۡضِۚ
إِن نَّشَأۡ نَخۡسِفۡ بِهِمُ ٱلۡأَرۡضَ أَوۡ
نُسۡقِطۡ عَلَيۡهِمۡ كِسَفٗا مِّنَ ٱلسَّمَآءِۚ
إِنَّ فِي ذَٰلِكَ لَأٓيَةٗ لِّكُلِّ عَبۡدٖ مُّنِيبٖ
﴿٩﴾

《9》 എന്നാൽ, ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അവരുടെ മുന്നിലും പിന്നിലുമുള്ളതിലേക്ക് അവർ നോക്കിക്കാണുന്നില്ലേ ?!

നാം ഉദ്ദേശിക്കുകയാണെങ്കിൽ, നാമവരെ ഭൂമിയിൽ ആഴ്ത്തിക്കളയും ; അല്ലെങ്കിൽ ആകാശത്തുനിന്ന് അവരുടെമേൽ നാം തുണ്ടങ്ങൾ വീഴ്ത്തും. നിശ്ചയമായും (അല്ലാഹുവിലേക്ക്) മനസ്സു മടങ്ങുന്ന എല്ലാ അടിയാന്നും അതിൽ ദൃഷ്ടാന്തമുണ്ട്.

《7》 وَقَالَ പറഞ്ഞു, പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ هَلْ نَدُلُّكُمْ ഞങ്ങൾ
നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ عَلَىٰ رَجُلٍ ഒരു പുരുഷനെ (മനുഷ്യനെ)പ്പറ്റി يُنَبِّئُكُمْ
നിങ്ങൾക്ക് വർത്തമാനമറിയിക്കുന്ന إِذَا مُزِّقْتُمْ നിങ്ങൾ ഛിന്നഭിന്നമാക്കപ്പെട്ടാൽ,
ചിച്ചിച്ചീന്തപ്പെട്ടാൽ كُلَّ مُمَزَّقٍ എല്ലാ (വിധ)ഛിന്നഭിന്നമാക്കലും إِنَّكُمْ നിശ്ചയമായും നിങ്ങൾ
لَفِي خَلْقٍ ഒരു സൃഷ്ടിയിൽ തന്നെയായിരിക്കും جَدِيدٍ പുതുതായ 《8》 أَفْتَرَىٰ അവൻ
കെട്ടിച്ചമച്ചിരിക്കയാണോ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا കളവ്, വ്യാജം أَمْ بِهِ
അതല്ല(പക്ഷേ) അവന്നുണ്ടോ جِنَّةٌ വല്ല ഭ്രാന്തും بَلْ പക്ഷേ, എങ്കിലും الَّذِينَ لَا يُؤْمِنُونَ
വിശ്വസിക്കാത്തവർ بِالْآخِرَةِ പരലോകത്തിൽ فِي الْعَذَابِ ശിക്ഷയിലായിരിക്കും وَالضَّلَالِ
വഴിപിഴവിലും الْبَعِيدِ വിദൂരമായ, അകന്ന 《9》 أَفَلَمْ يَرَوْا എന്നാലവർ കണ്ടില്ലേ,
നോക്കുന്നില്ലേ إِلَىٰ مَا യാതൊന്നിലേക്ക് بَيْنَ أَيْدِيهِمْ അവരുടെ മുന്നിലുള്ള وَمَا خَلْفَهُمْ അവരുടെ
പിന്നിലുള്ളതിലേക്കും مِنَ السَّمَاءِ ആകാശത്തുനിന്ന് وَالْأَرْضِ ഭൂമിയിൽ നിന്നും إِنْ نَشَأْ നാം
ഉദ്ദേശിക്കുന്നുവെങ്കിൽ نَخْسِفْ بِهِمُ അവരെ നാം വിഴുങ്ങിക്കും, ആഴ്ത്തും الْأَرْضَ ഭൂമിയെ,
ഭൂമിയിൽ أَوْ نُسْقِطْ അല്ലെങ്കിൽ നാം വീഴ്ത്തും عَلَيْهِمْ അവരുടെ മീതെ كِسَفًا കഷ്ണങ്ങളെ,
തുണ്ടുകളെ مِنَ السَّمَاءِ ആകാശത്ത് നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു
ദൃഷ്ടാന്തം لِكُلِّ عَبْدٍ എല്ലാ (ഓരോ)അടിയാന്നും مُنِيبٍ മനസ്സ് മടങ്ങുന്ന,
ഭക്തിപ്പെട്ടുവരുന്ന

മരണാനന്തരജീവിതത്തെപ്പറ്റി നബി പ്രസ്താവിക്കുന്നതിനെ പരിഹസിച്ചുകൊണ്ട് മുശ്‌രിക്കുകൾ പറയാറുള്ള ചില വാക്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്.ആയത്തുകളുടെ ആശയം സ്പഷ്ടമാണല്ലോ. അടുത്ത ആയത്തുകളിൽ ദാവൂദ് നബി(അ)ക്കും, സുലൈമാൻ നബി(അ)ക്കും നൽകപ്പെട്ട ചില പ്രത്യേകാനുഗ്രഹങ്ങളെക്കുറിച്ച് പറയുന്നു:

വിഭാഗം - 2

۞ وَلَقَدْ ءَاتَيْنَا دَاوُۥدَ مِنَّا فَضْلًا ۖ يَـٰجِبَالُ أَوِّبِى مَعَهُۥ وَٱلطَّيْرَ ۖ وَأَلَنَّا لَهُ ٱلْحَدِيدَ ﴿١٠﴾

﴾10﴿ ദാവൂദിന് നമ്മുടെ വകയായി ഒരു (പ്രത്യേക) അനുഗ്രഹം (അഥവാ ശ്രേഷ്ഠത) നാം നൽകയുണ്ടായിട്ടുണ്ട്. അതായത് : പർവ്വതങ്ങളേ, അദ്ദേഹ ത്തോടൊപ്പം - പക്ഷികളുമൊന്നിച്ച്- കീർത്തനമാവർത്തിക്കുക ! (എന്നു പറഞ്ഞു)

അദ്ദേഹത്തിന് നാം ഇരുമ്പ് മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു:

أَنِ ٱعْمَلْ سَـٰبِغَـٰتٍ وَقَدِّرْ فِى ٱلسَّرْدِ ۖ وَٱعْمَلُوا۟ صَـٰلِحًا ۖ إِنِّى بِمَا تَعْمَلُونَ بَصِيرٌ ﴿١١﴾

﴾11﴿ (നാം കൽപിച്ചു) വിശാലമായവയെ [വലിയ പടയങ്കികളെ] നിർമിക്കുക ; (കണ്ണികൾ) മടയു ന്നതിൽ തോത് കണക്കാക്കുകയും ചെയ്യുക എന്ന്. നിങ്ങൾ (എല്ലാവരും) സൽക്കർമം പ്രവർത്തിക്കുകയും വേണം ; നിശ്ചയമായും, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞാൻ കണ്ടറിയുന്നവനാകുന്നു (എന്നും)

﴾10﴿ وَلَقَدْ آتَيْنَا തീർച്ചയായും നാം നൽകിയിട്ടുണ്ട് دَاوُدَ ദാവൂദിന് مِنَّا നമ്മിൽ നിന്ന് (നമ്മുടെവക) فَضْلًا ഒരനുഗ്രഹം, ദയവ്, ശ്രേഷ്ഠത يَا جِبَالُ ഹേ, പർവ്വതങ്ങളേ, മലകളേ أَوِّبِي (കീർത്തനം)ആവർത്തിക്കുക, മടക്കിച്ചെയ്യുക مَعَهُ അദ്ദേഹത്തോടൊപ്പം وَالطَّيْرَ പക്ഷികളുമൊന്നിച്ച്, പക്ഷികളോടും (വിളിച്ചുപറഞ്ഞു) وَأَلَنَّا നാം മയപ്പെടുത്തി(മൃദുവാക്കി)ക്കൊടുക്കുകയും ചെയ്തു لَهُ അദ്ദേഹത്തിന് الْحَدِيدَ ഇരുമ്പ് ﴾11﴿ أَنِ اعْمَلْ നിർമിക്കുക എന്ന് سَابِغَاتٍ വിശാലമായവയെ وَقَدِّرْ തോതുവെക്കണം (കണക്കാക്കിയുണ്ടാക്കണം)എന്നും فِي السَّرْدِ മടച്ചിലിൽ, നെയ്ത്തിൽ وَاعْمَلُوا നിങ്ങൾ പ്രവർത്തിക്കണമെന്നും صَالِحًا സൽകർമം إِنِّي നിശ്ചയമായും ഞാൻ بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ്

അല്ലാഹുവിന് തസ്ബീഹ് (പ്രകീർത്തനം) നടത്തുന്നതിൽ ദാവൂദ് നബി(അ)യോടൊപ്പം പങ്കെടുക്കത്തക്കവണ്ണം മലകളെയും പക്ഷികളെയും അല്ലാഹു അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്തതിനെക്കുറിച്ചാണ് 10-ാം വചനത്തിൽ ആദ്യം പ്രസ്താവിച്ചിരിക്കുന്നത്.

സൂറത്തുൽ അൻബിയാഉ് 79-ാം വചനത്തിലും അതിന്റെ വിവരണത്തിലും ഇതിനെപ്പറ്റി നാം വേണ്ടതുപോലെ വിവരിച്ചിട്ടുള്ളത്കൊണ്ട് ഇവിടെ ഇതാവർത്തിക്കുന്നില്ല. ഈ വിഷയത്തെ അന്യഥാ ചിലർ വ്യാഖ്യാനിക്കുന്ന തിനെക്കുറിച്ചും നാം അവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇരുമ്പുകൊണ്ടുള്ള സാധനസാമഗ്രികൾ വളരെ വേഗത്തിൽ നിർമിക്കുവാൻ തക്കവണ്ണം അല്ലാഹു ദാവൂദ് നബി(അ)ക്ക് അതിനെ മൃദുവാക്കിക്കൊടുത്തി രുന്നുവെന്നാണ് 10-ാം വചനത്തിന്റെ അവസാന വാക്യത്തിൽ പ്രസ്താവിക്കുന്നത്. മെഴുകോ, പൊടിമാവോ കൊണ്ടെന്നപോലെ, അത്രവേഗത്തിൽ ഇരുമ്പുകൊണ്ട് ഉപകരണങ്ങൾ നിർമിക്കുവാൻ അദ്ദേഹത്തിന് സാദ്ധ്യമായിരുന്നുവെന്ന് പല മഹാൻമാരും പറഞ്ഞുകാണുന്നു. ഇതിനെക്കുറിച്ച് ചിലർ : അങ്ങിനെയെങ്കിൽ അതുകൊണ്ട് എങ്ങിനെയാണ് വാളും മറ്റും ഉണ്ടാക്കുക ? എന്ന് പരിഹാസപൂർവ്വം ചോദിക്കാറുണ്ട്. ഇരുമ്പ് കഴിയുന്നത്ര കാച്ചി പതംവരുത്തിയാണ് ഉപകരണങ്ങളുണ്ടാക്കുകയെന്നും, പിന്നീടത് ഊട്ടി ശരിപ്പെടുത്തുമ്പോൾ പഴയപടി കടുപ്പമുള്ളതായിത്തീരുകയാണ് ചെയ്യുന്നതെന്നും ഓർക്കാതെയുള്ള ഒരു ചോദ്യമത്രെ അത്, മെഴുകിനോടും മാവിനോടും ഉപമിച്ചത് കേവലം ഒരു ഉപമാലങ്കാരമാണെങ്കിലും, മറ്റാർക്കുമുള്ളതിനെക്കാൾ കൂടുതൽ സൗകര്യം ഈ വിഷയത്തിൽ ദാവൂദ് നബി(അ)ക്ക് ലഭിച്ചിരുന്നുവെന്ന് തീർച്ചയാണ്. അല്ലാമാ സയ്യിദ് ക്വുതുബ് ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണപോലെ ഇരുമ്പുകാച്ചി ചൂടുപിടിപ്പിച്ച് പതം വരുത്തി പണിയെടുക്കുവാൻ പാകമാക്കുന്നതിനെക്കുറിച്ചല്ല, ഇവിടെ പറയുന്നത്. സാധാരണമാർഗത്തിലൂടെയല്ലാതെ ഇരുമ്പ് മയമായിക്കിട്ടുന്ന ഒരു മുഅ്ജിസത്ത് (അമാനുഷികസംഭവം) ആയിരുന്നു അത് എന്നാണ് മനസ്സിലാക്കേണ്ടത്. الله اعلم അല്ലാത്തപക്ഷം ഈ പ്രസ്താവനക്ക് വിശിഷ്യാ സ്ഥാനമില്ലല്ലോ. ദാവൂദ് (അ)ന് നൽകിയ ചില പ്രത്യേകാനുഗ്രഹങ്ങളെന്ന നിലക്കാണ് ഇതും മലകളുടെയും പക്ഷികളുടെയും പ്രകീർത്തനവും അല്ലാഹു ഇവിടെയും മറ്റു പലേടത്തും എടുത്തുപറയുന്നത്.

ദാവൂദ് നബി(അ)ക്ക് പടച്ചട്ട-പടയങ്കി-നിർമാണം പഠിപ്പിച്ചതിനെക്കുറിച്ചാണ് 11-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഇതിനെപ്പറ്റി സൂ: അൻബിയാഉ് : 80-ലും അതിന്റെ വിവരണത്തിലും കൂടുതൽ വിവരം നമുക്ക് കഴിഞ്ഞുപോയിരിക്കുന്നു. പടച്ചട്ട മടഞ്ഞുണ്ടാക്കുമ്പോൾ അതിന്റെ കണ്ണികളെല്ലാം, അളവും തോതും കൃത്യപ്പെടുത്തിക്കൊള്ളണമെന്ന നിർദ്ദേശം സൂ : അൻബിയാഇൽ ഇല്ലാത്തതാണ്. ദാവൂദ് (അ)നു മുമ്പ് പടച്ചട്ടകൾ ഉണ്ടായിരുന്നുവെങ്കിലും ഇവ ഇരുമ്പുതകിടുകൊണ്ടു ണ്ടാക്കപ്പെട്ടവയായിരുന്നതിനാൽ, ഭാരം കൂടുതലും ഉപയോഗിക്കാൻ സൗകര്യം കുറവും ആയിരുന്നുവെന്നും, ഇരുമ്പുകമ്പികൾകൊണ്ട് പരിഷ്കൃതരൂപത്തിൽ പടയങ്കിമടഞ്ഞു ണ്ടാക്കിയത് ആദ്യമായി ദാവൂദ് നബി(അ)യാണെന്നും മക്വാത്തിൽ (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു اعلم الله

മേൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെക്കുറിച്ച് പറഞ്ഞതോടൊപ്പം ദാവൂദ് നബി(അ)യും, അദ്ദേഹത്തിന്റെ ആൾക്കാരും സൽക്കർമങ്ങൾവഴി അതിനു നന്ദി ചെയ്യേണ്ടതുണ്ടെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല, അങ്ങിനെയുള്ള അനുഗ്രഹങ്ങളെ അവർ എപ്രകാരം ഉപയോഗപ്പെടുത്തുന്നുവെന്നും, അതിൽ അവർ നന്ദിയുള്ളവരാണോ എന്നും അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നും താക്കീതു ചെയ്യുന്നു.

وَلِسُلَيْمَـٰنَ ٱلرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ ۖ وَأَسَلْنَا لَهُۥ عَيْنَ ٱلْقِطْرِ ۖ وَمِنَ ٱلْجِنِّ مَن يَعْمَلُ بَيْنَ يَدَيْهِ بِإِذْنِ رَبِّهِۦ ۖ

﴾12﴿ സുലൈമാന്നു കാററിനെയും (കീഴ്പെടുത്തി ക്കൊടുത്തു) : അതിന്റെ കാലത്തെ പോക്ക് ഒരു മാസ(ത്തെ ദൂരം)വും അതിന്റെ വൈകുന്നേരത്തെ വരവ് ഒരു മാസ(ത്തെ ദൂര)വും ആകുന്നു. അദ്ദേഹത്തിന് നാം ചെമ്പുദ്രാവകത്തിന്റെ ഉറവ് ഒഴുക്കിക്കൊടുക്കുകയും ചെയ്തു. തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച് അദ്ദേഹത്തിന്റെ മുമ്പിൽവെച്ച് പ്രവൃത്തിയെടുക്കുന്നവരിൽ ജിന്നുകളിൽപെട്ടവരും ഉണ്ടായിരുന്നു.

وَمَن يَزِغْ مِنْهُمْ عَنْ أَمْرِنَا نُذِقْهُ مِنْ عَذَابِ ٱلسَّعِيرِ ﴿١٢﴾

അവരിൽ [ജിന്നുകളിൽ] നിന്ന് ആരെങ്കിലും നമ്മുടെ കല്പന വിട്ട് തെറ്റിപ്പോകുന്ന പക്ഷം, നാം അവന് ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷയിൽ നിന്നും ആസ്വദിപ്പിക്കുന്നതാകുന്നു.

﴾12﴿ وَلِسُلَيْمَانَ സുലൈമാനും الرِّيحَ കാറ്റിനെ غُدُوُّهَا അതിന്റെ കാലത്തെ പോക്ക്(പുറപ്പാട്) شَهْرٌ ഒരു മാസ(ദൂര)മാണ് وَرَوَاحُهَا അതിന്റെ വൈകുന്നേരത്തെ വരവ്(മടക്കം) شَهْرٌ ഒരു മാസമാകുന്നു وَأَسَلْنَا നാം ഒരുക്കി (ഒലിപ്പിച്ചു) കൊടുക്കുകയും ചെയ്തു لَهُ അദ്ദേഹത്തിന് عَيْنَ الْقِطْرِ ചെമ്പുദ്രാവകത്തിന്റെ ഉറവ് وَمِنَ الْجِنِّ ജിന്നിൽപെട്ടവരാണ്, ജിന്നിൽ നിന്നും مَنْ ചിലർ. ചിലരെ(കീഴ്പെടുത്തി) يَعْمَلُ പ്രവർത്തിയെടുക്കുന്ന بَيْنَ يَدَيْهِ അദ്ദേഹത്തിന്റെ മുമ്പിൽ(സാന്നിദ്ധ്യത്തിൽ) بِإِذْنِ رَبِّهِ തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച്, അനുവാദം കൊണ്ട് وَمَنْ يَزِغْ ആരെങ്കിലും തെറ്റിപ്പോയാൽ مِنْهُمْ അവരിൽ നിന്ന് عَنْ أَمْرِنَا നമ്മുടെ കല്പന വിട്ട് نُذِقْهُ നാമവനെ ആസ്വദിപ്പിക്കും مِنْ عَذَابِ ശിക്ഷയിൽ നിന്ന് السَّعِيرِ ജ്വലിക്കുന്നതീയിന്റെ

രാവിലെ മുതൽ ഉച്ചവരേക്ക് ഒരു മാസത്തെ സാധാരണ യാത്രാദൂരവും, ഉച്ചക്കു ശേഷം രാത്രിവരേക്ക് ഒരു മാസത്തെ യാത്രാദൂരവും സഞ്ചരിക്കുവാൻ അല്ലാഹു സുലൈമാൻ നബി(അ)ക്ക് കാറ്റിനെ സഹായകമാക്കിക്കൊടുത്തിരുന്നു. കാറ്റിന്റെ സഹായത്താൽ അദ്ദേഹം തേരിൽ കയറി ഉച്ചയാകുമ്പോഴേക്ക് തലസ്ഥാനമായ ദിമിശ്കി(ഡമസ്കസി)ൽ നിന്ന് ഇസ്തക്വ്റിലേക്കും, രാത്രിയാകുമ്പോഴേക്കു അവിടെനിന്ന് കാബൂളിലേക്കും എത്തിയിരുന്നുവെന്ന് ഹസൻബസ്വരി (റ) പ്രസ്താവിച്ചുകാണുന്നു. الله اعلم സുലൈമാൻ നബി(അ)ക്ക് കീഴ്പെടുത്തിക്കൊടുക്കപ്പെട്ട കാറ്റ് സാധാരണ പോലെയുള്ള കാറ്റല്ലായിരുന്നുവെന്നും, അതൊരു പ്രത്യേക കാറ്റുതന്നെയായിരുന്നുവെന്നും ഇമാം റാസി(റ)എടുത്തു പറഞ്ഞിട്ടുണ്ട്. അത് വാസ്തവമാണെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടതും.

അദ്ദേഹം അതിന് പറഞ്ഞ ഒരു തെളിവ് ഇതാണ് : ഈ കാറ്റിനെക്കുറിച്ചു പറയുമ്പോൾ ക്വുർആൻ ഏകവചനമായികൊണ്ട് الريح എന്ന് വാക്കാണ് ഉപയോഗിക്കുന്നത്. അല്ലാത്ത പക്ഷം-അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ ക്വുർആന്റെ പതിവ് പ്രകാരം - ബഹുവചനമായികൊണ്ട് الرياح എന്നു പറയേണ്ടതായിരുന്നു. വളരെ ശ്രദ്ധേയമായ ഒരു തെളിവാണിത്. കൂടുതൽ വിവരം സൂ: അൻബിയാഉ് 82-ലും വിവരണത്തിലും നോക്കുക.

ചെമ്പുദ്രാവകത്തിന്റെ ഉറവൊഴിക്കിക്കൊടുത്തതാണ് സുലൈമാൻ നബി(അ)ക്ക് നൽകപ്പെട്ട മറ്റൊരു അനുഗ്രഹം. ധാരാളം ചെമ്പ് ലഭിക്കുന്ന ഖനികൾ ഏർപ്പെടുത്തിക്കൊടുക്കുകയും, ഉറവുജലം പോലെ ഉദ്ദേശപ്രകാരം അത് ഉപയോഗപ്പെടുത്തുവാൻ സൗകര്യം നൽകുകയും ചെയ്തിരുന്നുവെന്ന് സാരം. പിതാവിന്റെ കാലത്ത് പല പ്രകാരത്തിലും ഇരുമ്പ് നിഷ്പ്രയാസം ഉപയോഗിക്കുവാൻ സാധിപ്പിച്ചതുപോലെ, ചെമ്പുകൊണ്ടുള്ള പലതും അതിശീഘ്രം നിർമിക്കുവാൻ പുത്രന്റെ കാലത്തും അല്ലാഹു സൗകര്യപ്പെടുത്തിക്കൊടുത്തു. താർ മുതലായ വസ്തുക്ക ളെപ്പോലെ, അദ്ദേഹത്തിന്റെ കാലത്ത് ഖനികളിൽ ചെമ്പും ഒഴുകിയിരുന്നുവെന്നും ചിലർ പ്രസ്താവിച്ചു കാണുന്നു. അല്ലാഹുവിനറിയാം.

അടുത്ത ആയത്തിൽ കാണുന്നതുപോലെ വമ്പിച്ച കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതിനായി മനുഷ്യന് പുറമെ, ജിന്നുവർഗത്തെയും അല്ലാഹു സുലൈമാൻ നബി(അ)ക്ക് കീഴ്പ്പെടുത്തിക്കൊടുത്തിരുന്നു. ഇതും അദ്ദേഹത്തിന് മാത്രം സിദ്ധിച്ച ഒരനുഗ്രഹമത്രെ. ജോലികളിൽ ജിന്നുകളെ ഉപയോഗപ്പെടുത്താൻ സാധിച്ചു കിട്ടിയതു ഒരസാധാരണ സംഭവമെന്ന നിലക്കായിരുന്നു. അതുകൊണ്ടാണ് തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച് പ്രവർത്തിക്കുന്നവർ (بإذن ربّه) എന്ന് പ്രത്യേകം പ്രസ്താവിച്ചി രിക്കുന്നത്. മാത്രമല്ല, ജിന്നുകളെക്കൊണ്ട് സാധാരണയായി മനുഷ്യർക്ക് ജോലി ചെയ്യിപ്പിക്കുവാൻ സാധ്യവുമല്ലല്ലോ. അപ്പോൾ സുലൈമാൻ നബി(അ)ക്ക് വിധേയരായിരിക്കുവാൻ അവർ നിർബ്ബന്ധിതരായിരിക്കുകയാണ്. തക്കം കിട്ടിയാൽ അവർ അതിൽ നിന്ന് കുതറിപ്പോകുകയും ചെയ്തേക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ പ്രവൃത്തി ചെയ്യുന്നവർ (من يعمل بين يديه) എന്നും, നമ്മുടെ കൽപ്പന വിട്ട് അവരിൽ ആരെങ്കിലും തെറ്റിപ്പോകുന്ന പക്ഷം അവന് ജ്വലിക്കുന്ന തീയിൽനിന്നും നാം ആസ്വദിപ്പിക്കും(.... ومن يزغ منهم) എന്നും പ്രസ്താവിച്ചതിൽ നിന്നും ഇത് മനസ്സിലാക്കാം.

സുലൈമാൻ നബി(അ)യുടെ പട്ടാളത്തിൽ ജിന്ന് വിഭാഗവും ഉണ്ടായിരുന്നതായി സൂ: നംല്: 17 ലും, അദ്ദേഹത്തിനുവേണ്ടി സമുദ്രത്തിൽ മുങ്ങുകയും മറ്റും ചെയ്തിരുന്ന പിശാചുക്കൾ ഉണ്ടായിരുന്നതായി അൻബിയാഉ് 82-ലും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. നാമത് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ, ജോലി ചെയ്തിരുന്ന സമ്പ്രദായം എന്താണ്, അവരെ നയിച്ചിരുന്നത് എങ്ങിനെയാണ് എന്നൊന്നും നമുക്കറിവില്ല. മറ്റാരുടെയും കാലത്ത് അറിയപ്പെടാത്ത പല വമ്പിച്ച പ്രവർത്തനങ്ങളും, നിർമാണങ്ങളും സുലൈമാൻ (അ)ന്റെ കാലത്ത് നടന്നിരുന്നുവെന്നത് ക്വുർആൻകൊണ്ടും, ചരിത്രംകൊണ്ടും തെളിഞ്ഞതാകുന്നു. ജിന്നുകൾ സുലൈമാൻ നബി(അ)ക്കുവേണ്ടി പണിചെയ്തിരുന്ന ചില വസ്തുക്കളെ അടുത്ത ആയത്തിൽ അല്ലാഹു എടുത്തു പറയുന്നു :

يَعْمَلُونَ لَهُۥ مَا يَشَآءُ مِن مَّحَـٰرِيبَ وَتَمَـٰثِيلَ وَجِفَانٍ كَٱلْجَوَابِ وَقُدُورٍ رَّاسِيَـٰتٍ ۚ

《13》 അദ്ദേഹത്തിന് വേണ്ടി മണ്ഡപങ്ങള്‍ (അഥവാ കൂറ്റന്‍ കെട്ടിടങ്ങള്‍), പ്രതിമകള്‍, ജലാശയങ്ങളെപ്പോലുള്ള (വമ്പിച്ച) തൊട്ടിപ്പാത്രങ്ങള്‍, (ഇളകാതെ) ഉറച്ചുനില്‍ ക്കുന്ന കിടാരങ്ങള്‍(പാചക പാത്രങ്ങള്‍) മുതലായി അദ്ദേഹം ഉദ്ദേശി ക്കുന്നത് അവര്‍ പണിതു കൊടുത്തി രുന്നു.

ٱعْمَلُوٓا۟ ءَالَ دَاوُۥدَ شُكْرًا ۚ وَقَلِيلٌ مِّنْ عِبَادِىَ ٱلشَّكُورُ ﴿١٣﴾

(നാം പറഞ്ഞു:) നിങ്ങള്‍ – ദാവൂദിന്റെ കുടുംബമേ- നന്ദിയായി പ്രവര്‍ത്തിക്കുവിന്‍ ! എന്റെ അടിയാന്‍മാരില്‍ നിന്ന് നന്ദിയുള്ളവര്‍ കുറവാകുന്നു.

《13》 يَعْمَلُونَ അവര്‍ പണിതിരുന്നു, പ്രവര്‍ത്തിച്ചിരുന്നു لَهُ അദ്ദേഹത്തിന് مَا يَشَاءُ അദ്ദേഹം ഉദ്ദേശിക്കുന്നത് مِن مَحَارِيبَ മിഹ്റാബ് (മണ്ഡപം, മന്ദിരം) കളായിട്ട് وَتَمَاثِيلَ പ്രതിമകളായും وَجِفَانٍ തൊട്ടിപ്പാത്രങ്ങളായും كَالْجَوَابِ വെള്ളത്തള(ജലാശയ)ങ്ങള്‍ പോലെയുള്ള وَقُدُورٍ കിടാരങ്ങളും, കല(പാചകപാത്ര)ങ്ങളും رَاسِيَاتٍ ഉറച്ചു നില്‍ക്കുന്ന, നിശ്ചലമായ اعْمَلُوا പ്രവര്‍ത്തിക്കുവിന്‍ آلَ دَاوُدَ ദാവൂദിന്റെ കുടുംബമേ, ആള്‍ക്കാരേ شُكْرًا നന്ദിയായി, നന്ദിയെ وَقَلِيلٌ കുറവാണ് مِنْ عِبَادِيَ എന്റെ അടിയാന്‍മാരില്‍ നിന്ന് الشَّكُورُ നന്ദിയുള്ളവര്‍.

ജിന്നുകള്‍ അദ്ദേഹത്തിന് വേണ്ടി പണിതീര്‍ത്തിരുന്ന നാലു വസ്തുക്കളെയാണ് അല്ലാഹു എടുത്തു കാട്ടിയത്.

1) ഉന്നത സൗധങ്ങള്‍, വമ്പിച്ച പ്രാര്‍ത്ഥനാ മണ്ഡപങ്ങള്‍ മുതലായ കൂറ്റന്‍ കെട്ടിടങ്ങള്‍, അഥവാ മിഹ്റാബുകള്‍ (محاريب) ക്രിസ്തീയ പള്ളികളിലെ പ്രാര്‍ത്ഥനാമണ്ഡപങ്ങള്‍ക്കും മുസ്‌ലിംപള്ളികളില്‍ ഇമാമിന് നില്‍ക്കുവാനുള്ള പ്രത്യേക കമാനങ്ങള്‍ക്കും കാലാന്തരത്തില്‍ ഈ വാക്ക് ഉപയോഗിക്കപ്പെട്ടുവരുന്നു. പക്ഷേ, ഇവിടെ മേല്‍പ്പറഞ്ഞ അര്‍ത്ഥത്തിലാണ് അത് ഉപയോഗിച്ചിട്ടുള്ളത്.

2) പ്രതിമകള്‍ (تماثيل) കാണികളില്‍ രാജകീയ അന്തസ്സും ഗംഭീരതയും അങ്കുരിപ്പിക്കുവാന്‍ വേണ്ടി, സിംഹാസനങ്ങള്‍, കൊട്ടാരങ്ങള്‍, ഗോപുരങ്ങള്‍ ആദിയായവയില്‍ സിംഹം, ആന മുതലായതിന്റെ പ്രതിമകള്‍ സ്ഥാപിക്കപ്പെടാറുണ്ടല്ലോ. അത് പോലെ സുലൈമാന്‍ നബി(അ)ക്കുവേണ്ടിയും നിര്‍മിക്കപ്പെട്ടിരുന്നുവെന്നാണ് ചില വ്യാഖ്യാതാക്കള്‍ പറയുന്നത്. വലിയ വീടുകളും മറ്റും നിര്‍മിക്കുവാന്‍ ഉദ്ദേശിക്കുമ്പോള്‍ അതിന് മാതൃകയെന്നോണം, ഉദ്ദേശിക്കപ്പെടുന്ന കെട്ടിടത്തിന്റെ പ്രതിമ ഉണ്ടാക്കപ്പെടാറുണ്ട്. അതുപോലെ, അദ്ദേഹം നിര്‍മിക്കുവാന്‍ പോകുന്ന കൂറ്റന്‍ കെട്ടിടങ്ങളുടെയും, കൊട്ടാരങ്ങളുടെയും പ്രതിമകളും, യുദ്ധ സംബന്ധമായ ആവശ്യങ്ങളില്‍ ഉപയോഗപ്പെടുത്തുവാന്‍ വേണ്ടി ശത്രുക്കളുടെ കോട്ട മുതലായതിന്റെ പ്രതിമകളും

ആയിരിക്കാം അതുകൊണ്ടുദ്ദേശ്യമെന്ന് ചിലരും പറഞ്ഞു കാണാം. ഏതായാലും രാജകീയവും, ഭരണപരവുമായ ഉദ്ദേശ്യങ്ങളായിരിക്കും അതിലുള്ളതെന്നു കരുതാം. الله أعلم

3) കുളം : ഹൌള് മുതലായ വലിയ വെള്ളത്തളങ്ങളോളം വലുപ്പമുള്ളതും, വളരെ ആളുകൾക്ക് ഒന്നിച്ചുപയോഗിക്കാവുന്നതുമായ വമ്പിച്ച തൊട്ടിപ്പാത്രങ്ങൾ (جفان كالجواب) അഥവാ തളികപ്പാത്രങ്ങൾ

4) കാലുകളിലോ മറ്റോ ഉറപ്പിച്ചുവെച്ചതും, സ്ഥലമാറ്റം ചെയ്വാൻ സൗകര്യമില്ലാത്തതുമായ വമ്പിച്ച കിടാരങ്ങൾ (قدور راسيات) അഥവാ പാചകപാത്രങ്ങൾ. ഈ നാലിനെയുംകുറിച്ച് പ്രസ്താവിച്ച ശേഷം തന്റെ തഫ്സീറിൽ അല്ലാമാ സയ്യിദ് ക്വുതുബ് പറയുകയാണ് : അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് സുലൈമാൻ നബി(അ)ക്ക് വേണ്ടി ഉണ്ടാക്കുവാൻ ജിന്നുകളെ അവൻ കീഴ്പെടുത്തിക്കൊടുത്തതിന്റെ ചില മാതൃകകളാണ് ഈ പറഞ്ഞവ. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽപ്പെട്ട ചില അസാധാരണ വസ്തുക്കളെന്ന നിലക്കല്ലാതെ, അവക്ക് രൂപം നൽകുവാനോ, കാരണം പറയുവാനോ യാതൊരു മാർഗവുമില്ല. ഇതാണതിന്റെ വ്യക്തമായ ഏകവ്യാഖ്യാനം (فى ظلال القرآن)

ഇങ്ങിനെയുള്ള അതിമഹത്തായ അനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കുന്നതിന്റെ പേരിൽ എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരാകണമെന്നും നന്ദിയുടെ അടയാളങ്ങൾ പ്രവർത്തനം മൂഖേന പ്രകടിപ്പിക്കണമെന്നും – ദാവൂദിന്റെ കുടുംബമേ എന്നു വിളിച്ചുകൊണ്ട്–അല്ലാഹു സുലൈമാൻ നബി(അ)യെയും അദ്ദേഹത്തിന്റെ ജനങ്ങളെയും ഓർമിപ്പിക്കുന്നു. ദാവൂദ് (അ)ന്റെ പുത്രനും, അനന്തരാവകാശിയുമാണ് സുലൈമാൻ (അ). അതുല്യമായ ആ രാജകീയ പ്രതാപങ്ങളെല്ലാം പിതാവിൽനിന്ന് അനന്തരസിദ്ധമാണ്. പിതാവിന്റെ കുടുംബങ്ങളും, അദ്ദേഹത്തിന്റെ ആൾക്കാരും ഒന്നുതന്നെ. അപ്പോൾ, ദാവൂദിന്റെ കുടുംബമേ എന്നു വിളിച്ചതിന്റെ കാരണം വ്യക്തമാണ്. നബിമാരോടുള്ള ഇത്തരം കൽപനകൾ നബിമാരുടെ സമുദായക്കാരായ നാമും പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. والله الموفق

നബി മിമ്പറിൽ (പ്രസംഗപീഠത്തിൽ) കയറി ഈ വചനം ഓതിക്കൊണ്ട്, ഇപ്രകാരം പറഞ്ഞതായി തിർമദീ (റ) ഉദ്ധരിക്കുന്നു : മൂന്ന് കാര്യം ആർക്കു നൽകപ്പെട്ടിട്ടുണ്ടോ അവന് ദാവൂദ് (അ)ന്റെ കുടുംബത്തിന് നൽകപ്പെട്ടതു പോലെയുള്ളത് നൽകപ്പെട്ടിരിക്കുന്നു. അപ്പോൾ സ്വഹാബികൾ ചോദിച്ചു : ഏതാണവ ? തിരുമേനി പറഞ്ഞു : തൃപ്തിയിലും, കോപത്തിലും നീതിപാലനം, ദാരിദ്ര്യത്തിലും ധനത്തിലും മിതപാലനം : രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ ഭയം (العدل فى الرضا والغضب والقصد فى الفقر والغني وخشية الله فى السر والعلانية– الترمذى) ഈ മൂന്ന് ഗുണം ഒരാളിൽ ഉണ്ടായാൽ അയാൾ ദാവൂദ് (അ)ന്റെ കുടുംബത്തെപ്പോലെ നന്ദിയുള്ളവരായിത്തീരുമെന്ന് സാരം. മുഗീറ (റ) പറയുന്നു : നബി രണ്ടു കാലിലും നീർകെട്ടുന്നത്വരെ നമസ്കാരം നിർവ്വഹിക്കുകയുണ്ടായി. എന്തിനാണ് അങ്ങുന്ന് ഇങ്ങിനെ ചെയ്യുന്നത്? അങ്ങേക്ക് കഴിഞ്ഞുപോയതും വരാനുള്ളതുമായ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ടല്ലോ ? എന്ന് ചോദിക്കപ്പെട്ടു, തിരുമേനി മറുപടി പറഞ്ഞു: أفلا أكون عبدا شكورا (അപ്പോൾ ഞാൻ നന്ദിയുള്ള ഒരു അടിയാനായിരിക്കേണ്ടതില്ലേ ?! (ബു; മു.)

നബി ﷺ പറഞ്ഞതായി ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു : (സുന്നത്തായ) നമസ്കാരത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ

നമസ്കാരമാണ്. (സുന്നത്ത്) നോമ്പിൽവെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ നോമ്പുമാകുന്നു. അദ്ദേഹം രാത്രിയുടെ പകുതി ഭാഗം ഉറങ്ങുകയും, മൂന്നിലൊരു ഭാഗം നമസ്കരിക്കുകയും (വീണ്ടും)ആറിലൊരുഭാഗം ഉറങ്ങുകയും ചെയ്തിരുന്നു ; ഒരു ദിവസം നോമ്പു പിടിക്കുകയും ഒരു ദിവസം നോമ്പു വിടുകയും ചെയ്തിരുന്നു (ബു: മു.)മറ്റൊരു ഹദീഥിൽ നബി തിരുമേനി ഇപ്രകാരം പറയുന്നു : സ്വന്തം കൈകാലുകളുടെ പ്രയത്നംകൊണ്ട് ഉപജീവനം കഴിക്കുന്നതിനെക്കാൾ ഉത്തമമായൊരു ഭക്ഷണവും യാതൊരാൾക്കും കഴിക്കുവാനില്ല. അല്ലാഹുവിന്റെ പ്രവാചകനായ ദാവൂദ് (അ)അദ്ദേഹത്തിന്റെ കൈകാലുകളുടെ പ്രവർത്തനം കൊണ്ടായിരുന്നു ഉപജീവനം കഴിച്ചിരുന്നത് ! (ബു)

സാധാരണക്കാരൻ മുതൽ ചക്രവർത്തിമാർവരെയുള്ള ഓരോ സത്യവിശ്വാ സിക്കും മാതൃക ദാവൂദ് നബി(അ) യിലുണ്ടെന്നും അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും നൽകിയ രാജകീയ പ്രതാപങ്ങളൊന്നും സൽക്കർമം ചെയ്യുന്നതിനോ, അല്ലാഹുവിന് നന്ദിചെയ്യുന്നതിനോ അവർക്ക് തടസ്സമായിരുന്നില്ലെന്നും ഇതിൽ നിന്ന് സ്പഷ്ടമാണല്ലോ. അതുകൊണ്ട് തന്നെയാണ് അല്ലാഹു ഇതുപോലെയുള്ള ചരിത്രങ്ങൾ ആവർത്തിച്ചു പറഞ്ഞുതരുന്നതും. കഴിഞ്ഞ വചനങ്ങളിൽ നിന്നും സുലൈമാൻ നബി(അ)യുടെ ശക്തിപ്രതാപങ്ങളും, നിസ്തുലമായ യോഗ്യതയും വ്യക്തമായി. പക്ഷേ, അതൊന്നും അദ്ദേഹത്തിന് മരണത്തിൽ നിന്ന് ഒഴിവ് നൽകിയില്ല. അല്ലാഹുവിന്റെ കൽപന വന്നപ്പോൾ അതദ്ദേഹം ഏറ്റുവാങ്ങുകതന്നെ വേണ്ടി വന്നു.അല്ലാഹു പറയുന്നു:

فَلَمَّا قَضَيْنَا عَلَيْهِ ٱلْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِۦٓ إِلَّا دَآبَّةُ ٱلْأَرْضِ تَأْكُلُ مِنسَأَتَهُۥ ۖ فَلَمَّا خَرَّ تَبَيَّنَتِ ٱلْجِنُّ أَن لَّوْ كَانُوا۟ يَعْلَمُونَ ٱلْغَيْبَ مَا لَبِثُوا۟ فِى ٱلْعَذَابِ ٱلْمُهِينِ ﴿١٤﴾

﴾14﴿. അങ്ങനെ, അദ്ദേഹത്തിന്റെ മേൽ നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടി തിന്ന് (നശിപ്പിച്ചു) കൊണ്ടിരുന്ന ചിതൽ ജീവിയല്ലാതെ (മറ്റാരും) അവർക്ക് അറിവ് നൽകുകയുണ്ടായില്ല.

എന്നിട്ട് അദ്ദേഹം (മരണശേഷം) നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് വ്യക്തമായി ; തങ്ങൾ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ, തങ്ങൾ (ഈ) നിന്ദ്യമായ ശിക്ഷയിൽ [ദുരിതത്തിൽ] കഴിഞ്ഞുകൂടേണ്ടി വരുമായി രുന്നില്ല എന്ന്

﴾14﴿ فَلَمَّا قَضَيْنَا അങ്ങിനെ നാം വിധിച്ചപ്പോൾ عَلَيْهِ അദ്ദേഹത്തിന്റെ മേൽ الْمَوْتَ മരണം مَا دَلَّهُمْ അവർക്ക് അറിയിച്ചില്ല عَلَىٰ مَوْتِهِ അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി إِلَّا دَابَّةُ الْأَرْضِ ചിതൽ ജീവിയല്ലാതെ, ഭൂമിയിലെ ജിവിയല്ലാതെ تَأْكُلُ തിന്നുകൊണ്ടിരുന്ന مِنسَأَتَهُ അദ്ദേഹത്തിന്റെ വടി, ഊന്നുവടി فَلَمَّا خَرَّ അങ്ങനെ അദ്ദേഹം നിലംപതിച്ചപ്പോൾ,

വീണപ്പോൾ تَبَيَّنَتِ വ്യക്തമായി (മനസ്സിലാക്കി) الْجِنُّ ജിന്നുകൾക്ക് (ജിന്നുകൾ) أَن لَّوْ كَانُوا അവരായിരുന്നുവെങ്കിൽ എന്ന് يَعْلَمُونَ അറിയു(മായിരുന്നു വെങ്കിൽ) الْغَيْبَ അദൃശ്യകാര്യം مَا لَبِثُوا അവർ കഴിഞ്ഞുകൂടുമായിരുന്നില്ല فِي الْعَذَابِ ശിക്ഷയിൽ الْمُهِينِ നന്ദ്യമായ, അപമാനകരമായ

പതിവു പ്രകാരം സുലൈമാൻ നബി(അ) തന്റെ വടി ഊന്നിപ്പിടിച്ചുകൊണ്ട് ആരാധനയിലോ മറ്റോ ആയിരിക്കെ, അദ്ദേഹത്തിന്റെ ആയുഷ്കാലത്തിന് അല്ലാഹുവിരാമമിട്ടു. അവന്റെ വിധി ആരിലും, എപ്പോഴും നടപ്പാകുമല്ലൊ. മരണപ്പെട്ടുവെങ്കിലും, ആ സ്ഥിതിയിൽ -അദ്ദേഹം വടി ഊന്നിപ്പിടിച്ച അതേരൂപത്തിൽ -തന്നെ അവശേഷിച്ചു. നിലംപതിച്ചില്ല. മരണവാർത്ത ആരും അറിഞ്ഞതുമില്ല. മിന്നലേറ്റോ മറ്റോ പെട്ടെന്ന് മരണം സംഭവിക്കുമ്പോൾ ഇപ്രകാരം ഉണ്ടാകാറുണ്ടല്ലോ. കുറേ കഴിയുമ്പോൾ അദ്ദേഹത്തിന്റെ ഊന്നുവടിക്ക് ചിതൽ ബാധിച്ചു. ആ വടിയുടെ നിലതെറ്റുകയും അദ്ദേഹം നിലംപതിക്കുകയും ചെയ്തു. അപ്പോഴാണ് അദ്ദേഹം മരണപ്പെട്ടിട്ടുണ്ടെന്ന് അറിവായത്. തങ്ങൾ അദൃശ്യകാര്യങ്ങളെ അറിയുന്നവരാണെന്ന് ജിന്നുകൾ വാദിക്കാറുണ്ടായിരുന്നു, ഈ വാദം തീരെ ശരിയല്ലെന്നും അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ സുലൈമാൻ നബി(അ)മരണപ്പെട്ട വസ്തുത നേരത്തെത്തന്നെ തങ്ങൾ അറിയേണ്ടതായിരുന്നുവെന്നും, അദ്ദേഹം മരിച്ച അതേ നിമിഷത്തിൽതന്നെ തങ്ങൾക്ക് ഈ ശ്രമകരമായ ജോലികളിൽനിന്ന് ഒഴിഞ്ഞുപോയി രക്ഷപ്പെടാമായിരുന്നു എന്നും ജിന്നുകൾക്ക് ബോധ്യമായി. അവർ നിർബന്ധിതരായി കൽപനക്ക് വഴങ്ങിയിരിക്കുകയാണല്ലോ.

ഇത്രയും കാര്യങ്ങൾ ആയത്തിന്റെ വാചകങ്ങളിൽ നിന്നും, പ്രധാന ക്വുർആൻ വ്യാഖ്യാതാക്കളുടെ വിശദീകരണങ്ങളിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. കുത്തിപ്പിടിച്ചു നിൽക്കുന്ന ആ വടിയുടെ അടിഭാഗം കുറച്ചു ചിതൽ പറ്റുന്നതോടെത്തന്നെ തൂക്കത്തിന്റെ സമനില തെറ്റുകയും, മൃതദേഹം മറിഞ്ഞുവീഴുകയും ചെയ്യുമെന്നു പറയേണ്ടതില്ല. ഇതിനു കൊല്ലങ്ങളോ മാസങ്ങളോ ആവശ്യമില്ല. അൽപം ദിവസങ്ങളോ ഏതാനും മണിക്കൂറുകളോകഴിഞ്ഞാലും മതിയായേക്കും. പക്ഷേ, അദ്ദേഹം വീണപ്പോൾ, തങ്ങൾക്ക് അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ ഈ നിന്ദ്യമായ ദുരിതത്തിൽ കഴിഞ്ഞുകൂടേണ്ടിയിരുന്നില്ല....(فلما خرتبينت الجن الخ) എന്ന് പറഞ്ഞതിൽ നിന്ന് അദ്ദേഹം മരണപ്പെട്ടതിനും, നിലംപതിച്ചതിനുമിടയിൽ കുറച്ചു ദിവസങ്ങളെങ്കിലും കഴിഞ്ഞിട്ടുണ്ടാവണമെന്നത്രെ മനസ്സിലാക്കേണ്ടത്. യഥാർത്ഥത്തിൽ അതെത്ര നാളായിരുന്നുവെന്ന് നിർണയിക്കുവാൻ തെളിവില്ല.

മരണം സംഭവിച്ചപ്പോൾ സുലൈമാൻ നബി(അ) എവിടെയായിരുന്നു ? അദ്ദേഹം ഒരു സ്വകാര്യസ്ഥലത്തായിരുന്നുവോ, അല്ലേ ? ജനങ്ങൾക്ക് അദ്ദേഹത്തെ കാണാമായിരുന്നോ, ഇല്ലേ ? വടികുത്തി നിൽക്കുകയായിരുന്നുവോ ? അതോ, ഇരിക്കുകയായിരുന്നോ ? ഇതിനെപ്പറ്റി ഒന്നും തീർത്തുപറയുവാൻ നിവൃത്തിയില്ല (ഈ സംഭവത്തിന്-സുലൈമാൻ നബി(അ)യുടെ മറ്റു സംഭവങ്ങളിൽ ചെയ്തപോലെ-ചിലർ പുതിയ രൂപങ്ങൾ നൽകി ചിത്രീകരിച്ചു കാണുന്നതിനെപ്പറ്റി ഈ സൂറത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നിരൂപണം ചെയ്തിട്ടുള്ളത് നോക്കുക)

ഈ അദ്ധ്യായത്തിന് സൂ: സബഉ് എന്ന് പേരുവരാൻ കാരണമായ സബഉ് ഗോത്രത്തിന്റെ കഥയാണ് അടുത്ത വചനം മുതൽക്കുള്ളത്. സബഉകാരും, സുലൈമാൻ നബി(അ)യും തമ്മിൽ ചില ബന്ധങ്ങൾ ഉണ്ടായിരുന്നത് സൂ: നംലിൽ നിന്നും മനസ്സിലായിട്ടുള്ളതാണല്ലോ.

لَقَدۡ كَانَ لِسَبَإٖ فِي مَسۡكَنِهِمۡ ءَايَةٞۖ جَنَّتَانِ عَن يَمِينٖ وَشِمَالٖۖ كُلُواْ مِن رِّزۡقِ رَبِّكُمۡ وَٱشۡكُرُواْ لَهُۥۚ بَلۡدَةٞ طَيِّبَةٞ وَرَبٌّ غَفُورٞ ﴿١٥﴾

﴾15﴿ സബഉ് ഗോത്രത്തിന് അവരുടെ വാസസ്ഥലത്തു ഒരു ദൃഷ്ടാന്തം ഉണ്ടായിട്ടുണ്ടായിരുന്നു. അതായത് : വലഭാഗത്തും ഇടഭാഗത്തുമായി രണ്ടു തോട്ടങ്ങൾ ! (നാം പറഞ്ഞിരുന്നു : നിങ്ങളുടെ റബ്ബിന്റെ (പക്കൽനിന്നുള്ള) ആഹാരത്തിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കൊള്ളു വിൻ ; അവന് നന്ദി ചെയ്യുകയും ചെയ്യുവിൻ. (നല്ല) ശുദ്ധമായ ഒരു രാജ്യം ! വളരെ പൊറുക്കുന്ന വനായ ഒരു റബ്ബും !!

فَأَعۡرَضُواْ فَأَرۡسَلۡنَا عَلَيۡهِمۡ سَيۡلَ ٱلۡعَرِمِ وَبَدَّلۡنَٰهُم بِجَنَّتَيۡهِمۡ جَنَّتَيۡنِ ذَوَاتَيۡ أُكُلٍ خَمۡطٖ وَأَثۡلٖ وَشَيۡءٖ مِّن سِدۡرٖ قَلِيلٖ ﴿١٦﴾

﴾16﴿ എന്നിട്ട് അവർ (നന്ദികെട്ടവരായി) തിരിഞ്ഞ് കളഞ്ഞു. അപ്പോൾ, അവരുടെമേൽ നാം അണക്കെട്ടിന്റെ ജലപ്രവാഹത്തെ അയച്ചു. അവരുടെ (ആ) രണ്ട് തോട്ടങ്ങൾക്കു പകരം തിന്നാൻ പറ്റാത്ത (കൈപ്പുള്ള) ഫലങ്ങളും, അഥ്ൽ വൃക്ഷവും, അല്പം സിദ്ർ, വർഗത്തിൽപെട്ട ചിലതും ഉള്ള രണ്ടുതോട്ടങ്ങളെ അവർക്ക് നാം മാറ്റികൊടുക്കുകയും ചെയ്തു.

﴾15﴿ لَقَدْ كَانَ ഉണ്ടായിട്ടുണ്ടായിരുന്നു, തീർച്ചയായും ഉണ്ടായി لِسَبَإٍ
സബഉഗോത്രത്തിന് فِي مَسْكَنِهِمْ അവരുടെ വാസസ്ഥലത്തിൽ آيَةٌ ഒരു ദൃഷ്ടാന്തം جَنَّتَانِ
അതായത് രണ്ട്തോട്ടങ്ങൾ عَنْ يَمِينٍ വലഭാഗത്തും وَشِمَالٍ ഇടഭാഗത്തും كُلُوا
ഭക്ഷിക്കു(തിന്നു)വിൻ مِنْ رِزْقِ رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ ആഹാര(ഉപജീവന)ത്തിൽ
നിന്ന് وَاشْكُرُوا നന്ദിയും കാണിക്കുവിൻ لَهُ അവന് بَلْدَةٌ ഒരു രാജ്യം طَيِّبَةٌ നല്ല, ശുദ്ധമായ,
സന്തുഷ്ടമായ وَرَبٌّ ഒരു രക്ഷിതാവും غَفُورٌ വളരെ പൊറുക്കുന്ന
﴾16﴿ فَأَعْرَضُوا എന്നിട്ടവർ തിരിഞ്ഞു കളഞ്ഞു, അവഗണിച്ചു فَأَرْسَلْنَا അപ്പോൾ നാം അയച്ചു
വിട്ടു عَلَيْهِمْ അവരിൽ سَيْلَ الْعَرِمِ അണക്കെട്ടിന്റെ ജല പ്രവാഹം, വെള്ളപ്പൊക്കം, മലവെള്ളം
وَبَدَّلْنَاهُمْ അവർക്ക് നാം പകരം (മാറ്റി) കൊടുക്കുകയും ചെയ്തു بِجَنَّتَيْهِمْ അവരുടെ രണ്ട്
തോട്ടങ്ങൾക്ക് جَنَّتَيْنِ രണ്ടുതോട്ടങ്ങളെ ذَوَاتَيْ أُكُلٍ ഒരു(തരം)തീനി(ഫലം)ഉള്ളവയായ خَمْطٍ
തിന്നാൻ കൊള്ളാത്ത(കയ്പുള്ള, ചവർപ്പുള്ള) وَأَثْلٍ അഥ്ൽ മരവും وَشَيْءٍ ഒരു (കുറഞ്ഞ)
വസ്തുവും مِنْ سِدْرٍ സിദ്റു (ഇലന്ത)വർഗത്തിൽ നിന്ന് قَلِيلٍ അലപ്മായ

ذَٰلِكَ جَزَيْنَٰهُم بِمَا كَفَرُوا۟ ۖ وَهَلْ نُجَٰزِىٓ إِلَّا ٱلْكَفُورَ ﴿١٧﴾

《17》 അത് അവർ (അവിശ്വസിച്ച്) നന്ദികേട് കാണിച്ചതുനിമിത്തം നാമവർക്ക് പ്രതിഫലം നൽകിയതാണ്. നന്ദികെട്ടവരോടല്ലാതെ നാം (ഇത്തരം) പ്രതിഫല നടപടി എടുക്കുമോ ?!

《17》 ذَٰلِكَ അത് جَزَيْنَاهُمْ അവർക്ക് നാം പ്രതിഫലം നൽകിയിരിക്കയാണ് بِمَا كَفَرُوا അവർ അവിശ്വസിച്ചതുകൊണ്ട്, നന്ദികേട് കാണിച്ചതിനാൽ وَهَلْ نُجَازِي നാം പ്രതിഫല നടപടി എടുക്കുമോ إِلَّا الْكَفُورَ നന്ദികെട്ടവരോടല്ലാതെ

ചരിത്ര പ്രസിദ്ധമായ ഒരു വലിയ സംഭവത്തെയാണ് ഈ വചനങ്ങളിൽ അല്ലാഹു ഓർമിപ്പിക്കുന്നത്. അറേബ്യാ ഉപദ്വീപിന്റെ തെക്കുഭാഗത്തായി സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്ന ഒരു രാജ്യമാണ് യമൻ (*) പടിഞ്ഞാറുഭാഗം ചെങ്കടലും, തെക്കുഭാഗം അറബിക്കടലും സ്ഥിതി ചെയ്യുന്നു. യമനിലെ നിവാസികളായിരുന്ന പ്രാചീന അറബി ഗോത്രങ്ങളെ വളരെക്കാലം ഭരിച്ചുവന്ന ക്വഹ്ത്വാനി (القحطانى) വംശത്തിന്റെ ആദ്യപിതാവായ ക്വഹ്ത്വാന്റെ പൗത്രനായിരുന്നു സബഉ് (سبأ) ഇദ്ദേഹത്തിനു ശേഷം ആ വംശപരമ്പര സബഉ് ഗോത്രം എന്ന പേരിൽ അറിയപ്പെട്ടു. തലസ്ഥാനമായ സ്വൻആഉ (صنعاء)ൽ നിന്ന് മൂന്ന് ദിവസത്തെ യാത്രാദൂരത്തായിരുന്നു മഅ്രിബ് (مآرب) ഇവരുടെ വാസസ്ഥലമായിരുന്നു ഇത്. അവിടെ രാജ്യം വാണിരുന്നവരിൽ ഒരാളായിരുന്നു ബിൽക്വീസ് റാണിയും. തുബ്ബഉ് (تبع) എന്ന പേരിലാണ് ആ രാജവംശം അറിയപ്പെടുന്നത്. സദ്വൃത്തരായ ഏകദൈവവിശ്വാസികളും, അല്ലാത്തവരും ഇവരിൽ ഉണ്ടായിട്ടുണ്ട്. ചില രാജാക്കളുടെ കാലത്ത് രാജ്യത്തിന്റെ അതിരും പ്രശസ്തിയുമെല്ലാം വളരെ വികസിച്ചിരുന്നു.

തുബ്ബഅ് വംശത്തിന്റെ സ്മരണകളായിക്കൊണ്ട് പല അവശിഷ്ടങ്ങളും ഇന്നും അവിടെ അവശേഷിക്കുന്നുണ്ടെന്നാണ് ചരിത്രത്തിൽ കാണുന്നത്. സബഉ് ഗോത്രത്തെയും, ക്വുർആനിൽ പ്രസ്താവിച്ച ഈ അണക്കെട്ടിനെയും സംബന്ധിച്ചു പല ചരിത്രകാരൻമാരും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. കൂടുതൽ വിശ്വാസ്യമായതും, വസ്തുനിഷ്ഠമായതും, ആധുനിക നിരീക്ഷണഫലങ്ങളോട് കൂടുതൽ യോജിച്ചതുമാണ് ഹമദാനീ എന്ന മഹാന്റെ അറേബ്യാ ദ്വീപിന്റെ വിവരണം (وصف جزيرة العرب – للهمدانى) എന്ന ഗ്രന്ഥം.

ഫലസമൃദ്ധവും, നാട്ടുകാർക്ക് ക്ഷേമൈശ്വര്യത്തോടെ കഴിഞ്ഞുകൂടുവാൻ മതിയായതുമായ രണ്ട് വമ്പിച്ച തോട്ടങ്ങൾ ആ നാട്ടിലുണ്ടായിരുന്നു. ഏതോ ഒരു നല്ല മനുഷ്യനായ രാജാവിന്റെ ഭരണകാലത്ത് നിർമിക്കപ്പെട്ട ഒരു പടുകൂറ്റൻ അണക്കെട്ടിൽ നിന്നായിരുന്നു അതിന്റെ ഇടതുവശത്തായി സ്ഥിതി ചെയ്തിരുന്ന ആ വിശാലമായ തോട്ടങ്ങൾക്ക് വേണ്ടത്ര വെള്ളം സിദ്ധിച്ചിരുന്നത്. ക്രമേണ നാട്ടുകാർ ദുർന്നടപ്പുകാരും, അല്ലാഹുവിനോട് നന്ദിയില്ലാത്തവരുമായിത്തീർന്നു. പ്രവാചകൻമാരുടെ പ്രബോധനങ്ങളും, ഉപദേശങ്ങളും അവർ നിരസിച്ചു. ഈ അവസരത്തിലാണ് അല്ലാഹു ആ വമ്പിച്ച ശിക്ഷ നൽകി

(*) ഭൂപടം 8 നോക്കുക

യത്. അണകെട്ട് പൊട്ടിത്തകർന്നു തരിപ്പണമായി. അതോടെ വമ്പിച്ച ജലപ്രവാഹവും ! തോട്ടങ്ങളെല്ലാം നാമാവശേഷമായി. നാടു നശിക്കുകയും ആൾനാശം സംഭവിക്കുകയും ചെയ്തു. തോട്ടങ്ങൾ നശിച്ചതുമാത്രമല്ല, ജനങ്ങളുടെ വാസസ്ഥലങ്ങൾ താറുമാറാകുകയും, അവർക്ക് ഉപജീവനമാർഗം നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ, ജനങ്ങൾ അവിടെവിടെയായി ചിന്നിച്ചിതറി. പിന്നീടവിടെ ഉണ്ടായിത്തീർന്നത് ഇരുഭാഗത്തും മിക്കവാറും ഉപയോഗശൂന്യമായതും, ഉപജീവനയോഗ്യമല്ലാത്തതുമായ വൃക്ഷങ്ങളും ചെടികളുമാണ്. വരണ്ടു കിടക്കുന്ന തരിശുഭൂമികളിലും, പാറക്കുന്നിൻ പ്രദേശങ്ങളിലും ഉണ്ടാകാറുള്ള ചുരുക്കം ചില ചെടികളും മരങ്ങളും മാത്രം. ഇതാണ് ആ നന്ദികേടിന് ഈ ലോകത്തുവെച്ചു അല്ലാഹു അവരിൽ എടുത്ത ശിക്ഷാ നടപടി.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചു സുഖമായി ജീവിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം അവനെ ധിക്കരിക്കുന്ന എല്ലാ ജനങ്ങളും - ഏതുകാലത്തും പ്രദേശത്തുമുള്ളവരും - ഇത്തരം ശിക്ഷകൾ അല്ലാഹുവിന്റെ ഭാഗത്ത്നിന്നുണ്ടാകുന്നതിനെ ഭയപ്പെടേണ്ടതാണ്. അതിന് വേണ്ടിതന്നെയാണ് അല്ലാഹു ഈ സംഭവം നമ്മെ ഉണർത്തുന്നതും. ഇതുപോലെയുള്ള ശിക്ഷാസംഭവങ്ങൾ പലതും ഇടക്കിടെ ചിലേടത്തു സംഭവിക്കാറുള്ളത് നാം കണ്ടുംകേട്ടും കൊണ്ടിരിക്കുന്നു. പക്ഷേ, സത്യവിശ്വാസവും, ഉറ്റവിചാരമുള്ളവർക്കുമാത്രമെ അതിൽ നിന്നെല്ലാം പാഠം ലഭിക്കുന്നുള്ളൂ. അല്ലാത്തവർ അതെല്ലാം പ്രകൃതികോപമോ, യാദൃച്ഛികസംഭവമോ ആക്കിത്തള്ളുകയും ചെയ്യും. അല്ലാഹു പറഞ്ഞതുപോലെ, മനുഷ്യൻ സ്വഭാവേന അക്രമിയും വിഡ്ഢിയുമാണല്ലോ (إنه كان ظلوما جهولا)

അണക്കെട്ട് പൊട്ടി രാജ്യം തരിശായശേഷം, സബഉകാർക്ക് പിന്നീടുണ്ടായത്തീർന്ന നാമമാത്ര തോട്ടങ്ങളിലെ പ്രധാന ഉൽപന്നങ്ങളെയാണ് അല്ലാഹു ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. കൈപ്പ്, ചവർപ്പ് മുതലായ ദുസ്വാദുനിമിത്തം തിന്നാൻ കൊള്ളാത്ത ഫലങ്ങൾക്കാണ് اكل خمط എന്നു പറയുന്നത്. اثل (അഥ്ൽ) എന്ന വാക്കിന് ചില നിഘണ്ടുകളിൽ പിച്ചുലം, ഭാനുകം, മന്നച്ചെടി എന്നൊക്കെ അർത്ഥം പറഞ്ഞതുകാണുന്നു. എങ്കിലും ഏതാണ് ഈ വൃക്ഷം - അല്ലെങ്കിൽ ചെടി- എന്ന് മനസ്സിലാകുന്നില്ല. കാറ്റാടിമരം എന്ന്പറയുന്ന ത്വർഫാഉ (طرفاء) ന്റെ ഇനത്തിൽപെട്ടതാണ് ഇതെന്ന് ചിലർ പറയുന്നു. ഈ മരം കായയില്ലാത്തതാണുതാനും, സിദ്ർ എന്ന വാക്കിന് ഇലന്തമരം എന്നു സാധാരണ അർത്ഥം പറയാറുള്ളതാണ്. ഇത് ധാരാളം മുള്ളുകളുള്ള മരമാണെങ്കിലും, ഇതിന്റെ ഫലം ഏറെക്കുറെ ഉപയോഗപ്രദമായതുകൊണ്ടാണ് അല്പം ഇലന്തമരവും (وسدر قليل) എന്ന് അല്ലാഹു പ്രത്യേകം പ്രസ്താവിച്ചതെന്ന് ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നമ്മുടെ രാജ്യങ്ങളിൽ കാണപ്പെടാത്തതും, അറേബ്യായിലെ ചില പ്രദേശങ്ങളിൽ പ്രത്യേകം കാണപ്പെടുന്നതുമാകകൊണ്ട് ഇവയെപ്പറ്റി നമുക്ക് സൂക്ഷ്മമായി നിർണയിക്കുവാൻ പ്രയാസമാണ്. ആയത്തിന്റെ ആശയവും, അതിൽ നിന്നുള്ള പാഠവും ഗ്രഹിക്കുവാൻ അതാവശ്യമില്ലതാനും.

അണക്കെട്ടിനെപ്പറ്റി കൂടുതൽ വിവരം ഈ സൂറത്തിനുശേഷം നൽകിയിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ നിന്നും പടത്തിൽ നിന്നും അറിയാവുന്നതാണ്. സബഉകാരുടെ നന്ദികേടിന്റെ ചില ഉദാഹരണങ്ങൾ അടുത്ത ആയത്തിൽ അല്ലാഹു വ്യക്തമാക്കുന്നു.

وَجَعَلْنَا بَيْنَهُمْ وَبَيْنَ ٱلْقُرَى ٱلَّتِى بَـٰرَكْنَا فِيهَا قُرًى ظَـٰهِرَةً وَقَدَّرْنَا فِيهَا ٱلسَّيْرَ ۖ سِيرُوا۟ فِيهَا لَيَالِىَ وَأَيَّامًا ءَامِنِينَ ﴿١٨﴾

《18》 അവരുടെ [സബഉഗോത്രത്തിന്റെ]യും, നാം അഭിവൃദ്ധി നൽകിയിട്ടുള്ള രാജ്യങ്ങളുടെയും ഇടയിൽ പ്രത്യക്ഷമായ പല രാജ്യങ്ങളെയും നാം ഉണ്ടാക്കി. അവയിലൂടെ സഞ്ചാരത്തിന് നാം തോത് കണക്കാക്കുകയും ചെയ്തു. (നാം പറഞ്ഞു:) അവയിൽകൂടി നിങ്ങൾ രാവും പകലും നിർഭയരായിക്കൊണ്ട് സഞ്ചരിച്ചുകൊള്ളുവിൻ !

فَقَالُوا۟ رَبَّنَا بَـٰعِدْ بَيْنَ أَسْفَارِنَا وَظَلَمُوٓا۟ أَنفُسَهُمْ فَجَعَلْنَـٰهُمْ أَحَادِيثَ وَمَزَّقْنَـٰهُمْ كُلَّ مُمَزَّقٍ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿١٩﴾

《19》 എന്നാൽ, അവർ പറഞ്ഞു : ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രകൾക്കിടയിൽ നീ ദൂരമേർപ്പെടുത്തിത്തരേണമേ ! അവർ തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുകയും ചെയ്തു. അതിനാൽ നാം അവരെ (പഴക്കം ചെന്ന) വർത്തമാനങ്ങളാക്കിത്തീർക്കുകയും, എല്ലാ വിധേനയും അവരെ (നശിപ്പിച്ചു) ഛിന്നഭിന്നമാക്കുകയും ചെയ്തു. നിശ്ചയമായും, അതിൽ നന്ദികാണിക്കുന്ന ക്ഷമാശീലരായ എല്ലാവർക്കും പല ദൃഷ്ടാന്തങ്ങളുമുണ്ട്.

《18》 وَجَعَلْنَا നാം ഉണ്ടാക്കുക (ഏർപ്പെടുത്തുക)യും ചെയ്തു بَيْنَهُمْ അവരുടെ ഇടയിൽ وَبَيْنَ الْقُرَى രാജ്യങ്ങളുടെയും ഇടയിൽ الَّتِي بَارَكْنَا നാം ബർക്കത്ത് (അഭിവൃദ്ധി)നൽകിയിട്ടുള്ള فِيهَا അതിൽ قُرًى ظَاهِرَةً പ്രത്യക്ഷമായ രാജ്യങ്ങളെ وَقَدَّرْنَا നാം കണക്കാക്കുക (തോതുനിർണയിക്കുക)യും ചെയ്തു فِيهَا അവയിലൂടെ السَّيْرَ സഞ്ചാരം, നടത്തം سِيرُوا സഞ്ചരിക്കുവിൻ فِيهَا അവയിലൂടെ لَيَالِيَ രാത്രികളിലും وَأَيَّامًا ദിനങ്ങളി(പകലുകളി)ലും آمِنِينَ നിർഭയരായിട്ട് 《19》 فَقَالُوا എന്നാലവർ പറഞ്ഞു رَبَّنَا ഞങ്ങളുടെ റബ്ബേ بَاعِدْ നീ ദൂരമുണ്ടാക്കണേ, അകലപ്പെടുത്തണേ بَيْنَ أَسْفَارِنَا ഞങ്ങളുടെ യാത്രകൾക്കിടയിൽ وَظَلَمُوا അവർ അക്രമവും ചെയ്തു أَنْفُسَهُمْ അവരോട് തന്നെ فَجَعَلْنَاهُمْ അപ്പോൾ നാമവരെ ആക്കി أَحَادِيثَ വർത്തമാനങ്ങൾ (കഥകൾ) وَمَزَّقْنَاهُمْ നാമവരെ ഛിന്നഭിന്നമാക്കുകയും ചെയ്തു كُلَّ مُمَزَّقٍ എല്ലാ (വിധ) ഛിന്നഭിന്നമാക്കലും إِنَّ فِي ذَلِكَ നിശ്ചയമായും, അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِكُلِّ صَبَّارٍ എല്ലാ ക്ഷമാശീലൻമാർക്കും شَكُورٍ നന്ദിയുള്ള, കൃതജ്ഞരായ

നാം അഭിവൃദ്ധി നൽകിയ രാജ്യങ്ങൾ (القرى التى باركنا فيها) എന്ന് പറഞ്ഞത് ശാം (സിരിയാ) രാജ്യങ്ങളെക്കുറിച്ചാണെന്നാണ് മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. സബഉ് ജനതക്ക് അവരുടെ നാട്ടിൽ നിന്നും ശാംവരെയുള്ള യാത്രാമാർഗത്തിൽ, യാതൊരു വിഷമവും കൂടാതെ രാവും പകലും നിർബാധം സഞ്ചരിക്കത്തക്കവിധത്തിൽ അടുത്തടുത്ത് ജനവാസമുള്ള താവളങ്ങളും ഗ്രാമങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് രാവിലെ യാത്ര തുടങ്ങിയാൽ ഉച്ചക്കു ഇറങ്ങി വിശ്രമിക്കുവാനും, ആഹാരവും മറ്റും കഴിക്കുവാനും വേണ്ടുന്ന സൗകര്യങ്ങളും ആവശ്യമനുസരിച്ച് അവർക്കുണ്ടായിരുന്നു. ഇതാണ് 18-ാം വചനത്തിന്റെ സാരം. അഭിവൃദ്ധി നൽകിയ രാജ്യങ്ങൾകൊണ്ടു വിവക്ഷ മസ്കത്ത് മുതലായ (കിഴക്കെ കടൽതീര പ്രദേശങ്ങളായ) രാജ്യങ്ങളായിരിക്കാമെന്നും ചിലർക്കഭിപ്രായമുണ്ട്. യമനിൽ നിന്ന് വടക്കോട്ടു ശാമിലേക്കുള്ള മാർഗത്തിൽ മുമ്പ് ജനവാസം അത്രത്തോളം ഉണ്ടായിരുന്നതിന്റെ ലക്ഷണം കാണുന്നില്ലെന്നാണ് ഇവർ പറയുന്നത്. എങ്കിലും, ആദ്യത്തെ അഭിപ്രായമാണ് ശരിയായിരിക്കുവാൻ കൂടുതൽ ന്യായം കാണുന്നത്. الله أعلم

ശൈത്യകാലത്ത് യമനിലേക്കും, ഉഷ്ണകാലത്ത് ശാമിലേക്കും ക്വുറൈശികൾ കച്ചവടയാത്രകൾ നടത്താറുണ്ടായിരുന്നു. യമനിൽ നിന്ന് ശാമിലേക്കുള്ള മാർഗമാകട്ടെ, മക്കാപരിസരത്തുകൂടിയാണുതാനും. അറേബ്യായുടെ ചരിത്രഭൂപടങ്ങളിൽ ഈ മാർഗം അടയാളപ്പെടുത്തിക്കാണാം. അതേസമയത്ത് സബഉ ജനതയുടെ പ്രതാപകാലങ്ങളിൽ, അവർക്ക്ഈജിപ്ത് (മിസ്റ്) സിരിയാ (ശാം) മുതലായ മദ്ധ്യധരണ്യാഴി പ്രദേശങ്ങളുമായും, യൂപ്രട്ടീസ്, ടൈഗ്രീസ് (ഫുറാത്ത്, ദിജ്ലഃ) എന്നീ നദിതീര പ്രദേശങ്ങളുമായും കച്ചവട ബന്ധവും മറ്റും ഉണ്ടായിരുന്നതായി ചരിത്രങ്ങളുമുണ്ട്. ഒന്നാമത്തെ യാത്രമാർഗം ചെങ്കടൽ തീരപ്രദേശങ്ങളും, പേർഷ്യൻ ഉൾക്കടൽ(*) തീരങ്ങളുമാകുന്നു. യമനിൽ നിന്ന് ശാമിലേക്ക് പോകുമ്പോൾ, മക്ക, മദീന, ഹിജ്ർ, തബൂക്ക്, മദ്‌യൻ, പെത്രാ(സേലാ), ലൂത്വ് നബി(അ)യുടെ രാജ്യങ്ങൾ, ബസ്റ എന്നിവിടങ്ങളിൽകൂടി ദിമിശ്ഖി (ഡമസ്കസി)ലെത്തുന്നു. ഇറാകിലെ നദീതീരപ്രദേശങ്ങളിലേക്ക് പോകുമ്പോൾ, ഹളറമൗത്ത്, മസ്കത്ത്, ബഹ്റൈൻ എന്നീ പ്രദേശങ്ങൾ കടന്നുപോകുന്നു. ശാമിലേക്കുള്ള അറബികളുടെ യാത്രാമാർഗത്തെക്കുറിച്ച് സൂ: ഹിജ്ർ 76 ഉം, 79 ഉം വചനങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

മേൽ കാണിച്ചതുപോലുള്ള അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിന് പകരം അവർ ക്രമേണ നന്ദികേടു കാണിക്കയാണുണ്ടായത്. യാത്ര മദ്ധ്യെ അടുത്തടുത്തു രാജ്യങ്ങളും ജനങ്ങളും ഉള്ളത്കൊണ്ട് യാത്രയുടെ രസംഅനുഭവപ്പെടുന്നില്ല. സാധുക്കൾക്കും പ്രമാണിമാർക്കും യാത്രാ സൗകര്യം ഒരു പോലെയാണ് ; വലിയ യാത്രാസംഘങ്ങളെ സംഘടിപ്പിച്ച് ആഘോഷത്തോടും ആർഭാടങ്ങളോടും കൂടി യാത്ര നടത്തുവാൻ ഇതൊരു തടസ്സമാണ്. എന്നിങ്ങിനെ അവർക്ക് പരാതിയായി. അതിനാൽ, ഇടക്കിടെ മരുഭൂമിയും, വിജനപ്രദേശവുമായിരിക്കണം ; വിശ്രമത്തിന്നുള്ള താവളങ്ങൾ തമ്മിൽ കുറെ അകലമുണ്ടായിരിക്കണം. എന്നായി അവരുടെ ആവശ്യം. ഇതു വാസ്തവത്തിൽ ക്രൂരവും ധിക്കാരവുമാണെന്ന് മാത്രമല്ല, അവരോടു തന്നെ അവർ ചെയ്യുന്ന അനീതിയുമാണല്ലോ. ഇതിന്റെ ഫലമായി നാനാവിധേന അല്ലാഹു അവരെ ഛിന്നഭിന്നമാക്കി. കുറെഭാഗം നശിച്ചുപോയി. കുറെ ഭാഗം ദൂരപ്രദേശങ്ങളിൽ അലഞ്ഞുതിരിയേണ്ടിവന്നു. പലരും പലേടത്തായി താവളമുറപ്പിച്ചു. സബഇന്റെ ഓരോ ശാഖകളായ ജഫ്നഃ (جفنة) ശാമിലും, ഔസും, ഖസ്റജും (والخسرج الأوس) യഥ്രിബിലും (മദീനയിലും), അസ്ദിന്റെ ഒരു വിഭാഗം (ازدسراة) സറാത്തിലും മറ്റൊരു വിഭാഗം (ازدعمان) ഉമ്മാനിലും വസിച്ചു വന്നു. അങ്ങനെ, വളരെക്കാലം വമ്പിച്ച

(*) ഇപ്പോൾ അറേബ്യൻ ഉൾക്കടൽ എന്നാണ് പറയാനുള്ളത്.

കീർത്തിയും പ്രതാപവുമുണ്ടായിരുന്ന സബഉ് വർഗം പഴങ്കഥകളായി മാത്രം അവശേഷിച്ചു. സബഉഗോത്രക്കാരെപ്പോലെ ചിന്നിച്ചിതറി (تفرقوا أيدى سبأ) എന്നൊരു ഉപമാവാക്യം അറബികളിൽ ഇന്നും ഉപയോഗിക്കാറുള്ളത് സ്മരണീയമാകുന്നു.

ആപത്തുകളിലും, വിഷമങ്ങളിലും ക്ഷമയും സഹനവും കൈക്കൊള്ളുകയും, സുഖത്തിലും സന്തോഷത്തിലും നന്ദികാണിക്കുകയും ചെയ്യുന്നവർക്ക് - അവർ വ്യക്തികളാകട്ടെ, സമൂഹമാകട്ടെ-ഇതിലെല്ലാം ധാരാളം ദൃഷ്ടാന്തവും പാഠവും ലഭിക്കുവാനുണ്ട്. (إن فى ذلك لأيات لكل صبار شكور) അതവർ ഉപയോഗപ്പെടുത്തുകയും ചെയ്യും. ആ രണ്ടു സ്വഭാവവുമില്ലാത്തവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് അടുത്ത വചനത്തിൽ സബഇനെക്കുറിച്ച് അല്ലാഹു തുടർന്നു പ്രസ്താവിച്ചതിൽ നിന്നു മനസ്സിലാക്കാം.

وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُۥ فَٱتَّبَعُوهُ إِلَّا فَرِيقًا مِّنَ ٱلْمُؤْمِنِينَ ﴿٢٠﴾

﴾20﴿ തീർച്ചയായും, ഇബ്‌ലീസ് തന്റെ ധാരണ അവരിൽ സത്യമാക്കുകയുണ്ടായി, അങ്ങനെ - സത്യവിശ്വാസികളിൽ നിന്ന് ഒരു വിഭാഗം ഒഴിച്ചു - അവർ (മുഴുവനും)അവനെ പിൻപറ്റി.

وَمَا كَانَ لَهُۥ عَلَيْهِم مِّن سُلْطَٰنٍ إِلَّا لِنَعْلَمَ مَن يُؤْمِنُ بِٱلْءَاخِرَةِ مِمَّنْ هُوَ مِنْهَا فِى شَكٍّ ۗ وَرَبُّكَ عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٢١﴾

﴾21﴿ അവന് അവരുടെ മേൽ യാതൊരു അധികാര ശക്തിയും ഉണ്ടായിരുന്നില്ല; പക്ഷേ, പരലോകത്തെക്കുറിച്ച് സംശയത്തിൽ സ്ഥിതിചെയ്യുന്നവരിൽനിന്ന് അതിൽ വിശ്വസിക്കുന്നവരെ നമുക്ക് (വേർതിരിച്ചു)അറിയുവാൻ വേണ്ടിയാകുന്നു (അതുണ്ടായത്). നിന്റെ റബ്ബ് എല്ലാ വസ്തുവിന്റെ മേലും സൂക്ഷ്മ വീക്ഷണം ചെയ്യുന്നവനാണ്.

﴾20﴿ وَلَقَدْصَدَّقَ തീർച്ചയായും സത്യമാക്കിയിട്ടുണ്ട് عَلَيْهِمْ അവരിൽ إِبْلِيسُ ഇബ്‌ലീസ് ظَنَّهُ അവന്റെ ധാരണ, വിചാരം فَاتَّبَعُوهُ അങ്ങനെ അവർ അവനെ പിൻപറ്റി إِلا فَرِيقًا ഒരു വിഭാഗം ഒഴികെ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്ന് ﴾21﴿ وَمَا كَانَ ഇല്ല, ഉണ്ടായിരുന്നില്ല لَهُ അവന് عَلَيْهِمْ അവരുടെമേൽ مِنْ سُلْطَانٍ ഒരധികാരവും, ശക്തിയും إِلا പക്ഷേ, എങ്കിലും لِنَعْلَمَ നാം (നമുക്ക്) അറിയാൻ വേണ്ടി مَنْ يُؤْمِنُ വിശ്വസിക്കുന്നവരെ بِالآخِرَةِ പരലോകത്തിൽ مِمَّنْ യാതൊരാളിൽ നിന്ന് هُوَ അവൻ مِنْهَا അതിനെക്കുറിച്ച് فِي شَكٍّ സംശയത്തിലാണ് وَرَبُّكَ നിന്റെ റബ്ബ് عَلَى كُلِّ شَيْءٍ എല്ലാ വസ്തുവിന്റെമേലും حَفِيظٌ സൂക്ഷിച്ച്(വീക്ഷിച്ചു)വരുന്നവനാണ്.

നിഷ്കളങ്കരല്ലാത്ത ആളുകളെ താൻ വഴിപിഴപ്പിക്കുമെന്ന് ഇബ്‌ലീസ് ശപഥം ചെയ്തിട്ടുള്ള വിവരം ക്വുർആൻ പലേടത്തും ഉണർത്തിയിട്ടുള്ളതാണ്. അവന്റെ ധാരണയും, ആഗ്രഹവും അവരെ സംബന്ധിച്ചേടത്തോളം നടപ്പാകുന്നതല്ല. അതെ, അവർ അവന്റെ ദുഷ്പ്രേരണകൾക്കും, ദുരുപദേശങ്ങൾക്കും വശംവദരാകുകയില്ല. നിഷ്കളങ്കരല്ലാത്തവരെ നിർബന്ധിച്ചു വഴിപിഴപ്പിക്കുവാനുള്ള അധികാര ശക്തി ഇബ്‌ലീസിന്നില്ലെങ്കിലും അവർ അവനെ നേതാവാക്കി പിൻപറ്റുകയും, അവന്റെ കെണിയിലകപ്പെടുകയും ചെയ്യും. ഇതാണ് സബഉ ഗോത്രക്കാരിലും സംഭവിച്ചത്. ഇങ്ങിനെ ഇബ്‌ലീസിന്ന് അഭിമാനിക്കുവാൻ അവസരം ലഭിക്കുന്നതിന്റെ രഹസ്യം, യഥാർത്ഥ സത്യവിശ്വാസികളെയും അല്ലാത്തവരെയും വേർതിരിക്കുക എന്നുള്ളതാകുന്നു.

വിഭാഗം - 3

قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِ ٱللَّهِ ۖ لَا يَمۡلِكُونَ مِثۡقَالَ ذَرَّةٍ فِي ٱلسَّمَٰوَٰتِ وَلَا فِي ٱلۡأَرۡضِ وَمَا لَهُمۡ فِيهِمَا مِن شِرۡكٍ وَمَا لَهُۥ مِنۡهُم مِّن ظَهِيرٍ ﴿٢٢﴾

《22》 **(നബിയേ) പറയുക : അല്ലാഹുവിന് പുറമെ നിങ്ങൾ (ആരാധ്യരായി) ജൽപിക്കുന്നവരെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു)കൊള്ളുക. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവർ അധീനമാക്കുന്നില്ല; അവ രണ്ടിലും അവർക്ക് യാതൊരു പങ്കും ഇല്ല ; അവരിൽ നിന്ന് അവന് [അല്ലാഹുവിന്] യാതൊരു പിൻതുണക്കാരനും ഇല്ല.**

وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنۡ أَذِنَ لَهُۥ ۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمۡ قَالُواْ مَاذَا قَالَ رَبُّكُمۡ ۖ قَالُواْ ٱلۡحَقَّ ۖ وَهُوَ ٱلۡعَلِيُّ ٱلۡكَبِيرُ ﴿٢٣﴾

《23》 **അവൻ സമ്മതം നൽകിയവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ ഫലപ്പെടുന്നതുമല്ല.**

അങ്ങനെ, അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങുമ്പോൾ, അവർ (തമ്മിൽ)പറയും : നിങ്ങളുടെ റബ്ബ് എന്താണ് പറഞ്ഞത്! അവർ (മറുപടി)പറയും : ന്യായമായുള്ളതുതന്നെ. അവൻ വലിയ (മഹാനായ) ഉന്നതനത്രെ !

《22》 قُلِ നീപറയുക ادْعُوا നിങ്ങൾ വിളിക്കുവിൻ الَّذِينَ زَعَمْتُمْ നിങ്ങൾ ജല്പിക്കുന്നവരെ مِنْ دُونِ اللهِ അല്ലാഹുവിന് പുറമെ لَا يَمْلِكُونَ അവർ അധീനമാക്കുന്നില്ല (ശക്തരല്ല) مِثْقَالَ ذَرَّةٍ ഒരു അണുത്തൂക്കം فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലുമില്ല وَمَا لَهُمْ

അവർക്ക് ഇല്ലാതാനും فِيهِمَا ഇവ രണ്ടിലും مِن شِرْكٍ ഒരു പങ്കും وَمَا لَهُ അവന്നില്ല مِنْهُم അ വരിൽനിന്ന് مِن ظَهِيرٍ ഒരു പിൻതുണക്കാരനും ﴾23﴿ وَلَا تَنفَعُ ഫലം ചെയ്യുകയുമില്ല الشَّفَاعَةُ ശുപാർശ عِندَهُ അവന്റെ അടുക്കൽ إِلَّا لِمَنْ ഒരുവന്നല്ലാതെ أَذِنَ لَهُ അവനു അവൻ സമ്മതം നൽകി حَتَّىٰ إِذَا فُزِّعَ അങ്ങനെ പരിഭ്രമം നീക്കപ്പെട്ടാൽ (നീങ്ങിയാൽ) عَن قُلُوبِهِمْ അവരുടെ ഹൃദയങ്ങളിൽ നിന്ന് قَالُوا അവർ പറയും مَاذَا قَالَ എന്തുപറഞ്ഞു رَبُّكُمْ നിങ്ങളുടെ റബ്ബ് قَالُوا അവർ പറയും الْحَقَّ ന്യായം (വേണ്ടപ്പെട്ടതു)തന്നെ وَهُوَ അവൻ, അവനത്രെ الْعَلِيُّ ഉന്നതൻ الْكَبِيرُ വലിയവൻ, മഹാൻ

ആകാശഭൂമികളുടെ സ്രഷ്ടാവ് അല്ലാഹുവാണെങ്കിലും അവയിലെ കൈകാര്യങ്ങൾ നടത്തുന്നത് ചില മഹാത്മാക്കളാണെന്ന് ചിലർ ; ഭൂമിയിലെ ചില വസ്തുക്കളെ സൃഷ്ടിച്ചിരിക്കുന്നത് അല്ലാഹു അല്ലാത്ത ഏതോ ചില അദൃശ്യശക്തികളാണെന്ന് ചിലർ ; മരണം, സുഖം, ദുഃഖം ആദിയായവ ഏർപ്പെടുത്തുന്നതിൽ ചില ദേവീദേവൻമാർക്കും മഹാത്മാക്കൾക്കും പങ്കുണ്ടെന്ന് മറ്റു ചിലർ ; എല്ലാം അല്ലാഹുവിന്റെ അധികാരാതിർത്തിയിൽ ഉൾക്കൊണ്ടതാണെങ്കിലും അവന്റെ മുമ്പിൽ ശുപാർശ നടത്തി ഉദ്ദേശ്യം സാധിപ്പിക്കുവാൻ മഹാത്മാക്കൾക്കും, ആരാധ്യവസ്തുക്കൾക്കും കഴിയുമെന്ന് വേറെ ചിലർ ; ഇങ്ങിനെ പലതരത്തിലുള്ള വിശ്വാസവും വാദവും പുലർത്തിക്കൊണ്ടിരിക്കുന്ന ശിർക്കിന്റെ ആൾക്കാരിൽ കാണാം. ഇവർക്കെല്ലാമുള്ള ഖണ്ഡനം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു.

വലിയവരുടെ മുമ്പിൽ ശുപാർശയും, സ്വാധീനവും ചെലുത്തി ഐഹിക കാര്യങ്ങൾ സാധിപ്പിക്കുന്നതുപോലെ അല്ലാഹുവിങ്കൽ സാധ്യമല്ല. അവൻ ആർക്കു സമ്മതം നൽകിയോ, അവർക്കു മാത്രമേ ശുപാർശ ചെയ്വാനും, ചെയ്യപ്പെടുവാനും സാധ്യമാകൂ. അവിശ്വാസികൾക്ക് അല്ലാഹുവിന്റെ മുമ്പിൽ ഏതെങ്കിലും പ്രകാരത്തിലുള്ള ശുപാർശക്കോ, പ്രതീക്ഷക്കോ, അവകാശമില്ലെന്ന് വ്യക്തമാണ്. എന്നിരിക്കെ, ശുപാർശ ചെയ്യപ്പെടുന്നവർ സത്യവിശ്വാസികളും, ശുപാർശക്കാർ, മലക്കുകൾ, നബിമാർ മുതലായവരുമായിരിക്കുമല്ലോ. ആരായാലും ശരി, പ്രത്യേകം അനുമതി കിട്ടിയല്ലാതെ അല്ലാഹുവിന്റെ മുമ്പിൽ സംസാരിക്കുവാൻ പോലും അവർ ശക്തരല്ലതാനും, അല്ലാഹു പറയുന്നു :

يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا -النبأ

وَكَم مِّن مَّلَكٍ فِي السَّمَاوَاتِ لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاءُ وَيَرْضَىٰ - النجم

ولا يشفعون إلا لمن ارتضى - الأنبياء

(സാരം : 1. റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ആ ദിവസം, പരമകാരുണികൻ ആർക്കും സമ്മതം നൽകുകയും, താൻ നേരായത് പറയുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ സംസാരിക്കുകയില്ല. (സൂ: നബഉ്)

2. ആകാശത്തിൽ എത്രയോ മലക്കുകളുണ്ട് – അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്കുവേണ്ടി അവൻ സമ്മതം കൊടുക്കുന്നതിനുശേഷമല്ലാതെ-അവരുടെ ശുപാർശ ഒട്ടും ഫലപ്പെടുകയില്ല. (സൂ: അന്നജ്മ്.)

3. അവൻ–അല്ലാഹു–തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ–മലക്കുകൾ–ശുപാർശ ചെയ്കയില്ല. (സൂ: അൻബിയാഅ്)

ശുപാർശയുടെ ഹദീഥ് (حديث الشفاعة) എന്ന പേരിൽ പ്രസിദ്ധമായതും, ബുഖാരി,

മുസ്‌ലിം(റ) തുടങ്ങിയ മഹാൻമാരെല്ലാം രേഖപ്പെടുത്തിയിട്ടുള്ളതുമായ ഹദീഥിൽ മഹ്ശറിൽ വെച്ച് നടക്കുന്ന ഏറ്റവും വമ്പിച്ച ശുപാർശ ഏതാണെന്ന് വിവരിച്ചിരിക്കുന്നു. അതിന്റെ ചുരുക്കം ഇതാണ് : ജനങ്ങളെല്ലാം താങ്ങാൻ കഴിയാത്ത വ്യസനത്തിലും ഭയത്തിലുമായിരിക്കെ അവർ ആദം നബി(അ)യുടെയും, പിന്നീട് നൂഹ് നബി(അ), ഇബ്‌റാഹീം നബി(അ) മുതലായ നബിമാരുടെയും അടുക്കൽ ചെന്ന് തങ്ങളുടെ കാര്യത്തിൽ വിചാരണ നടത്തി തീരുമാനമെടുക്കുവാൻ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യണമെന്നപേക്ഷിക്കും. ഓരോരുത്തരും ഓരോ കാരണം പറഞ്ഞ് താൻ അതിനർഹനല്ലെന്ന് മറുപടി കൊടുക്കും. അവസാനം അവർ മുഹമ്മദ് നബി ﷺ തിരുമേനിയുടെ അടുക്കൽ ചെന്നപേക്ഷിക്കും. തിരുമേനി അല്ലാഹുവിന് സുജൂദായി വീഴുകയും, ചില പ്രത്യേക സ്തോത്രകീർത്തനങ്ങൾ നടത്തുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് ഇങ്ങിനെ ഉത്തരവു ലഭിക്കും : തല ഉയർത്തുക, മുഹമ്മദേ ! പറയൂ, കേൾക്കാം ! ചോദിക്കൂ, തരാം ! ശുപാർശ ചെയ്തുകൊള്ളുക, സ്വീകരിക്കാം ! (ارفع رأسك يا محمد وقل تسمع وسل تعطه واشفع تشفع – مختصرا من المتفق عليه)

വർണിക്കുവാൻ അസാധ്യമായ ആ ഗൗരവഘട്ടത്തിൽ, അല്ലാഹുവിന്റെ കാരുണ്യം സത്യവിശ്വാസികളിൽ വർഷിക്കുന്നു, ഭയവിഹ്വലതയും, പരിഭ്രമവും അവരുടെ ഹൃദയങ്ങളിൽനിന്ന് നീങ്ങുകയും ചെയ്യുന്നു. ദീർഘമായ പരിഭ്രമത്തിനുശേഷം ലഭിച്ച ആശ്വാസവാർത്തയെക്കുറിച്ച് അവർ അന്യോന്യം ചോദിക്കുകയാണ് : റബ്ബ് എന്ത് പറഞ്ഞു ? (قال ربكم ماذا) ഇങ്ങിനെ മറുപടി ലഭിക്കും : സത്യമായതുതന്നെ ! അല്ലാഹു അത്യുന്നതനാണ്, അതിമഹാനാണ് (الحق وهو العلى الكبير) എന്ന്.

۞ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قُلِ ٱللَّهُ ۖ وَإِنَّآ أَوْ إِيَّاكُمْ لَعَلَىٰ هُدًى أَوْ فِى ضَلَٰلٍ مُّبِينٍ ﴿٢٤﴾

﴾24﴿ (നബിയേ)പറയുക : ആകാശങ്ങളിൽ നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് ആരാണ് ? പറയുക : അല്ലാഹു (തന്നെ). നിശ്ചയമായും ഞങ്ങൾ, അല്ലെങ്കിൽ നിങ്ങൾ, സൻമാർഗത്തിലാണ് ; അല്ലെങ്കിൽ സ്പഷ്ടമായ ദുർമാർഗത്തിലാണ്.

قُل لَّا تُسْـَٔلُونَ عَمَّآ أَجْرَمْنَا وَلَا نُسْـَٔلُ عَمَّا تَعْمَلُونَ ﴿٢٥﴾

﴾25﴿ പറയുക : ഞങ്ങൾ കുറ്റം ചെയ്തതിനെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുകയില്ല ; നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞങ്ങളോടും ചോദിക്കപ്പെടുന്നതല്ല.

﴾24﴿ قُلْ നീപറയുക مَنْ يَرْزُقُكُمْ നിങ്ങൾക്കു ഉപജീവനം (ആഹാരം) തരുന്നതാരാണ് مِنَ السَّمَاوَاتِ ആകാശങ്ങളിൽ നിന്ന് وَالْأَرْضِ ഭൂമിയിൽ നിന്നും قُلِ اللّٰهُ പറയുക അല്ലാഹുവാണ് وَإِنَّا നിശ്ചയമായും ഞങ്ങൾ أَوْ إِيَّاكُمْ അല്ലെങ്കിൽ നിങ്ങൾ لَعَلَىٰ هُدًى സൻമാർഗത്തിൽ

തന്നെ أَوْ فِي ضَلَالٍ അല്ലെങ്കിൽ ദുർമാർഗത്തി(പിഴവി)ലാണ് مُبِينٍ സ്പഷ്ടമായ ﴿25﴾ قُلْ
പറയുക لَا تُسْأَلُونَ നിങ്ങളോടു ചോദിക്കപ്പെടുകയുമില്ല عَمَّا أَجْرَمْنَا ഞങ്ങൾ കുറ്റം ചെയ്ത
തിനെപ്പറ്റി وَلَا نُسْأَلُ ഞങ്ങളോട് ചോദിക്കപ്പെടുകയില്ല عَمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്ന
തിനെപ്പറ്റി.

قُلْ يَجْمَعُ بَيْنَنَا رَبُّنَا ثُمَّ يَفْتَحُ بَيْنَنَا بِالْحَقِّ وَهُوَ الْفَتَّاحُ الْعَلِيمُ ﴿٢٦﴾

﴿26﴾ പറയുക : നമ്മുടെ രക്ഷിതാവ് നമ്മുടെയിടയിൽ ഒരുമിച്ചുകൂട്ടും ; പിന്നീട് നമുക്കിടയിൽ യഥാർത്ഥ(ന്യായ)പ്രകാരം തീർപ്പുണ്ടാക്കുന്നതാണ്. സർവ്വജ്ഞനായ തീർപ്പു കല്പിക്കുന്നവൻ അവനത്രെ.

قُلْ أَرُونِيَ الَّذِينَ أَلْحَقْتُم بِهِ شُرَكَاءَ ۖ كَلَّا ۚ بَلْ هُوَ اللَّهُ الْعَزِيزُ الْحَكِيمُ ﴿٢٧﴾

﴿27﴾ പറയുക : പങ്കുകാരെന്ന നിലയിൽ നിങ്ങൾ അവനോട് കൂട്ടിച്ചേർത്തിട്ടുള്ളവരെ എനിക്കു കാട്ടിത്തരുവിൻ ! (ഞാനൊന്നു കാണട്ടെ) അങ്ങിനെയില്ല ! [അതു സാധ്യമല്ല] എന്നാലവൻ, അല്ലാഹുവാണ് ; അഗാധജ്ഞനായ പ്രതാപശാലിയാണ്.

﴿26﴾ قُلْ നീ പറയുക يَجْمَعُ بَيْنَنَا നമ്മുടെ ഇടയിൽ ഒരുമിച്ചുകൂട്ടും رَبُّنَا നമ്മുടെ റബ്ബ്
ثُمَّ يَفْتَحُ പിന്നെ അവൻ തുറവിയുണ്ടാക്കും(തീർപ്പ് കല്പിക്കും) بَيْنَنَا നമുക്കിടയിൽ بِالْحَقِّ ന്യാ
യപ്രകാരം സത്യമനുസരിച്ച് وَهُوَ അവൻ, അവനത്രെ الْفَتَّاحُ തുറവിയാക്കുന്ന(തീർപ്പ്ക
ല്പിക്കുന്ന)വൻ الْعَلِيمُ സർവ്വജ്ഞനായ ﴿27﴾ قُلْ നീ പറയുക أَرُونِي എനിക്കു കാണിച്ചുതരു
വിൻ الَّذِينَ أَلْحَقْتُمْ നിങ്ങൾ കൂട്ടിച്ചേർത്തവരെ بِهِ അവനോട് شُرَكَاءَ പങ്കുകാരായി كَلَّا
അങ്ങിനെയില്ല بَلْ هُوَ എന്നാൽ(എങ്കിലും)അവൻ اللَّهُ അല്ലാഹുവാണ് الْعَزِيزُ പ്രതാപശാ
ലിയാണ് الْحَكِيمُ അഗാധജ്ഞനായ

ആകാശത്തുനിന്ന് മഴയും മറ്റും ഇറക്കി, ഭൂമിയിൽ ഉല്പാദനമുണ്ടാക്കി, ജനങ്ങൾക്ക് ഉപജീവനമാർഗങ്ങളൊരുക്കുന്നവൻ അല്ലാഹുവാണെന്ന് മുശ്‌രിക്കുകളും സമ്മതിക്കുന്നു. ആ സ്ഥിതിക്ക് അവൻ മാത്രമേ ആരാധനക്ക് അർഹനാകുകയുള്ളൂവെന്ന് അവർ സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോൾ അല്ലാഹുവിനെമാത്രം ആരാധിക്കുന്ന സത്യവിശ്വാസികളാണോ പിഴച്ചവർ, അതല്ല തങ്ങളോ എന്ന് അവർക്ക് കാണുവാൻ പ്രയാസമില്ല. രണ്ടിലൊരു കൂട്ടർ സൻമാർഗത്തിലും, മറ്റേവർ ദുർമാർഗത്തിലുമെന്നല്ലാതെ-ഇരുകൂട്ടരും ഒരുപോലെയാണെന്ന് വരുവാൻ നിവൃത്തിയില്ലല്ലോ. ഓരോരുത്തരുടെയും തെറ്റുകുറ്റങ്ങൾക്ക് ഉത്തരവാദി അവരവർ തന്നെയാണ് താനും. ആകയാൽ, അല്പം മനസ്സാക്ഷിയോടുകൂടി ഒന്നു ചിന്തിച്ചാൽ തങ്ങളുടെ അബദ്ധം തങ്ങൾക്ക് വ്യക്തമാകുമെന്ന് മുശ്‌രിക്കുകളെ ഓർമിപ്പിക്കുന്നു. അതിനവർ തയ്യാറില്ലാത്തപക്ഷം എല്ലാവരെയും അല്ലാഹു

അവന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടി ന്യായമായ തീരുമാനമുണ്ടാക്കിക്കൊള്ളുമെന്ന് താക്കീത് ചെയ്കയും ചെയ്യുന്നു. ഈ വാക്യങ്ങളിലെ ആശയം ഗൗരവതരമാണെങ്കിലും, അവയുടെ ശൈലി എത്ര മിതവും, സൗമ്യവുമാണെന്ന് നോക്കുക.

അല്ലാഹുവിന് സമൻമാരാക്കി സങ്കല്പിച്ചുകൊണ്ട് പലരെയും മുശ്‌രിക്കുകൾ ദൈവങ്ങളായി സ്വീകരിച്ചിട്ടുണ്ടല്ലോ. അവരിൽ ആരെങ്കിലും, അല്ലാഹുവിന്റെ മഹത്തായ ഗുണഗണങ്ങളോ, ശക്തിമാഹാത്മ്യങ്ങളോ-ഭാഗികമായെങ്കിലും-അവകാശപ്പെടാവുന്നവർ ഇല്ല തന്നെ. ഉണ്ടെങ്കിൽ അതൊന്ന് കാണട്ടെ എന്ന് 27-ാം വചനത്തിൽ അവരെ വെല്ലുവിളിക്കുന്നു. ഇല്ല, അതൊരിക്കലും സാധ്യമല്ല എന്ന് തീർത്തുപറയുകയും, അല്ലാഹു മാത്രമെ ആരാധ്യനുള്ളൂവെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

وَمَآ أَرۡسَلۡنَٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ﴿٢٨﴾

﴾28﴿ (നബിയേ) സന്തോഷ വാർത്ത അറിയിക്കുന്നവനായും, താക്കീത് നൽകുന്നവനായും കൊണ്ട് മനുഷ്യരിലേക്ക് ആകമാനമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല

﴾28﴿ وَمَاأَرۡسَلۡنَاكَ നിന്നെ നാം അയച്ചിട്ടില്ല إِلا كَافَّةً ആകമാനമായിട്ടല്ലാതെ لِلنَّاسِ മനുഷ്യർക്ക് بَشِيرًا സന്തോഷവാർത്ത അറിയിക്കുന്നവനായി وَنَذِيرًا താക്കീത് നൽകുന്നവനായും وَلَٰكِنَّ എങ്കിലും, പക്ഷേ أَكۡثَرَ النَّاسِ മനുഷ്യരിലധികവും لَايَعۡلَمُونَ അറിയുന്നില്ല.

മുഹമ്മദ് നബി ﷺ തിരുമേനിയുടെ മുമ്പുള്ള പ്രവാചകൻമാരെല്ലാം ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിലേക്കും, കാലത്തേക്കും നിയോഗിക്കപ്പെട്ടവരായിരുന്നു. മനുഷ്യ സമൂഹത്തിന്റെ അന്നത്തെ പരിതഃസ്ഥിതിയായിരുന്നു അതിന് കാരണം. ബുദ്ധിപരമായും സാമൂഹ്യമായും, നാഗരീകമായും മനുഷ്യൻ വളർന്നുവരികയായിരുന്നു. ആവശ്യമായ പക്വതയും, പാകതയും അവരിൽ സംജാതമായിത്തുടങ്ങിയ ഘട്ടത്തിലാണ് നബി തിരുമേനി റസൂലായി നിയോഗിക്കപ്പെട്ടത്. ലോകാവസാനം വരെയുള്ള മനുഷ്യന്റെ വളർച്ചക്ക് അനുയോജ്യമായിക്കൊണ്ട് ലോകാവസാനം വരെ അവശേഷിക്കുന്ന ഒരു വേദഗ്രന്ഥവും അദ്ദേഹത്തിന് നൽകപ്പെട്ടു. എനി ഒരു റസൂലോ, പ്രവാചകനോ അയക്കപ്പെടേണ്ടുന്ന ആവശ്യമില്ല. അത്കൊണ്ട് അദ്ദേഹം എല്ലാ മനുഷ്യസമുദായത്തിനും, എല്ലാ കാലത്തേക്കുമായി നിയോഗിക്കപ്പെട്ടിരിക്കുകയാണ്.

സജ്ജനങ്ങൾക്ക് സന്തോഷ വാർത്തയും, ദുർജ്ജനങ്ങൾക്ക് താക്കീതും നൽകുകയാണ് ഒരു റസൂലിന് മൊത്തത്തിൽ നിർവ്വഹിക്കേണ്ടതുള്ളത്. അതാണദ്ദേഹം ചെയ്യുന്നതും, അദ്ദേഹത്തിന്റെ പ്രബോധനം ഏതെങ്കിലും ഒരു വിഭാഗത്തിനോ, ജനതക്കോ മാത്രം ഉള്ളതല്ല; അദ്ദേഹത്തിന്റെ ദൗത്യം അറബികൾക്കോ, മുസ്‌ലിംകൾക്കോ മാത്രവുമല്ല, സു: അഅ്റാഫ് 158-ൽ

അല്ലാഹു പറയുന്നു : പറയുക : ഹേ, മനുഷ്യരേ, ആകാശ ഭൂമികളുടെ രാജത്വം ഏതൊരുവനുള്ളതാണോ ആ അല്ലാഹു നിങ്ങളിലേക്ക് മുഴുവനായി അയച്ച ദൂതനാണ് ഞാൻ
قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الخ - الأعراف
(സൂ: അഹ്സാബ് 40-ാം വചനത്തിൽ ഈ വിഷയകമായി പ്രസ്താവിച്ചിട്ടുള്ളത് ഓർമിക്കുക)

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٩﴾

﴾29﴿ അവർ [അവിശ്വാസികൾ] പറയുന്നു : എപ്പോഴാണ് ഈ വാഗ്ദാനം (ഉണ്ടാവുക)നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ?

قُل لَّكُم مِّيعَادُ يَوْمٍ لَّا تَسْتَـْٔخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾

﴾30﴿ (നബിയേ) പറയുക : നിങ്ങൾക്ക് ഒരു നിശ്ചിത ദിവസമുണ്ട് : (അതു വരുമ്പോൾ) നിങ്ങൾ അതുവിട്ട് ഒരു നാഴിക സമയം പിന്നോട്ടു പോകുകയില്ല ; മുന്നോട്ടും പോകുകയില്ല .

﴾29﴿ وَيَقُولُونَ അവർ പറയുന്നു مَتَى എപ്പോഴാണ് هَذَا الْوَعْدُ ഈ വാഗ്ദാനം إِنْ كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ ﴾30﴿ وَقَالَ പറയുകയും ചെയ്യുക لَنْ نُؤْمِنَ നിങ്ങൾക്കുണ്ട് الَّذِينَ كَفَرُوا ഒരു നിശ്ചിതദിവസം, ദിവസത്തിന്റെ നിശ്ചയം بِهَذَا الْقُرْآنِ നിങ്ങൾ പിന്നോട്ട് പോകയില്ല, പിന്തുകയില്ല وَلَا بِالَّذِي അതിൽ നിന്ന്, അതുവിട്ട് بَيْنَ يَدَيْهِ ഒരു നാഴികയും وَلَوْ تَرَى നിങ്ങൾ മുന്നോട്ട് പോകയുമില്ല, മുന്തുകയുമില്ല.

പുനരുത്ഥാനത്തെക്കുറിച്ച് നിങ്ങൾ പറയാറുണ്ടല്ലോ, അത് വാസ്തവത്തിൽ അതെപ്പോഴാണ് സംഭവിക്കുക ? അതൊന്നു പറഞ്ഞു തരണം എന്നു അവിശ്വാസികൾ പരിഹാസ പൂർവ്വം ചോദിക്കുകയാണ്. അതിനൊരു നിശ്ചിതസമയമുണ്ട്. അതു എപ്പോഴാണെന്ന് പറയാൻ വയ്യ. പക്ഷേ, അത്വന്നു കഴിഞ്ഞാൽ പിന്നെ അതിൽ നിന്ന് യാതൊരു രക്ഷയും, നീക്കുപോക്കും ലഭിക്കുന്നതല്ല. ഇതാണ് നിങ്ങൾ ആലോചിക്കേണ്ടത് എന്നാണതിന് മറുപടി.

വിഭാഗം - 4

وَقَالَ ٱلَّذِينَ كَفَرُوا۟ لَن نُّؤْمِنَ بِهَٰذَا ٱلْقُرْءَانِ وَلَا بِٱلَّذِى بَيْنَ يَدَيْهِ ۗ

﴾31﴿ അവിശ്വസിച്ചവർ പറയുകയാണ് : ഈ ക്വുർആനിലാകട്ടെ, ഇതിന്റെ മുമ്പുള്ളതിലാകട്ടെ, ഞങ്ങൾ വിശ്വസിക്കുകയില്ലതന്നെ.

وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ
مَوْقُوفُونَ عِندَ رَبِّهِمْ يَرْجِعُ
بَعْضُهُمْ إِلَىٰ بَعْضٍ ٱلْقَوْلَ يَقُولُ
ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ
ٱسْتَكْبَرُوا۟ لَوْلَآ أَنتُمْ لَكُنَّا
مُؤْمِنِينَ ﴿٣١﴾

ആ (അക്രമികൾ) – അവരിൽ ചിലർ ചിലരുടെ നേരെ വാക്ക് [സംസാരം] ആവർത്തിച്ചു [തർക്കിച്ചു] കൊണ്ട് തങ്ങളുടെ റബ്ബിന്റെ അടുക്കൽ നിറുത്തപ്പെട്ടവരാകുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ ?! (ഹാ ! അതു വല്ലാത്തൊരു കാഴ്ചയായിരിക്കും) അതായത് : ബലഹീനരായി ഗണിക്കപ്പെട്ടിട്ടുള്ളവർ വലിയവരെന്നു (ഗർവ്വ്)നടിച്ചവരോട് പറയും : നിങ്ങളില്ലായിരുന്നുവെങ്കിൽ ഞങ്ങൾ സത്യവിശ്വാസികളാകുമായിരുന്നു !

قَالَ ٱلَّذِينَ ٱسْتَكْبَرُوا۟ لِلَّذِينَ
ٱسْتُضْعِفُوٓا۟ أَنَحْنُ صَدَدْنَٰكُمْ عَنِ
ٱلْهُدَىٰ بَعْدَ إِذْ جَآءَكُم ۖ بَلْ كُنتُم
مُّجْرِمِينَ ﴿٣٢﴾

﴾32﴿ വലിയവരെന്ന് (ഗർവ്വ്)നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും : ഞങ്ങളാണോ, നിങ്ങൾക്ക് സൻമാർഗം വന്നെത്തിയ ശേഷം നിങ്ങളെ അതിൽ നിന്ന് തടഞ്ഞത് ? ! പക്ഷേ, നിങ്ങൾ (സ്വയം)കുറ്റവാളികളായിരുന്നു.

وَقَالَ ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ
ٱسْتَكْبَرُوا۟ بَلْ مَكْرُ ٱلَّيْلِ وَٱلنَّهَارِ إِذْ
تَأْمُرُونَنَآ أَن نَّكْفُرَ بِٱللَّهِ وَنَجْعَلَ لَهُۥٓ
أَندَادًا ۚ

﴾33﴿ ബലഹീനരായി ഗണിക്കപ്പെട്ടവർ, വലിയവരെന്ന് (ഗർവ്വ്)നടിച്ചവരോട് വീണ്ടും പറയും : എങ്കിലും, രാവും പകലുമുള്ള (നിങ്ങളുടെ)കുതന്ത്രം ! ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കുന്നതിനും, അവന് സമൻമാരെ ആക്കുന്നതിനും നിങ്ങൾ ഞങ്ങളോട് ആജ്ഞാപിച്ചുകൊണ്ടിരുന്നപ്പോഴത്തെ (കുതന്ത്രം ! അതാണ് ഞങ്ങളെ തടഞ്ഞത്).

وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ وَجَعَلْنَا ٱلْأَغْلَٰلَ فِىٓ أَعْنَاقِ ٱلَّذِينَ كَفَرُوا۟ ۚ هَلْ يُجْزَوْنَ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿٣٣﴾

ശിക്ഷ കാണുന്ന അവസരത്തിൽ അവർ (ഇരുകൂട്ടരും) ഖേദം മറച്ചുവെക്കുന്നതാണ്. അവിശ്വസിച്ചവരുടെ കഴുത്തുകളിൽ നാം ആമങ്ങൾ [വിലങ്ങുകൾ] ഏർപ്പെടുത്തുന്നതുമാണ്. അവർ പ്രവർത്തിച്ചുവന്നിരുന്നതിനല്ലാതെ അവർക്ക് പ്രതിഫലം കൊടുക്കപ്പെടുമോ ?!

﴾31﴿ وَقَالَ പറഞ്ഞു (പറയുന്നു) الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَن نُّؤْمِنَ ഞങ്ങൾ വിശ്വസിക്കുകയില്ലതന്നെ بِهَٰذَا الْقُرْآنِ ഈ ക്വുർആനിൽ وَلَا بِالَّذِي യാതൊന്നിലുമില്ല بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ള وَلَوْ تَرَىٰ നീ കണ്ടിരുന്നുവെങ്കിൽ, കാണുകയാണെങ്കിൽ إِذِ الظَّالِمُونَ അക്രമികളാകുന്ന സന്ദർഭം مَوْقُوفُونَ നിറുത്തപ്പെട്ടവർ عِندَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ يَرْجِعُ ആവർത്തിച്ചുകൊണ്ട് بَعْضُهُمْ അവരിൽ ചിലർ إِلَىٰ بَعْضٍ ചിലരുടെ നേരെ, ചിലരോട് الْقَوْلَ വാക്ക് (സംസാരം) يَقُولُ പറയും الَّذِينَ اسْتُضْعِفُوا ബലഹീനരായി ഗണിക്കപ്പെട്ടവർ لِلَّذِينَ اسْتَكْبَرُوا വലിയവരെന്നു(ഗർവ്വ്)നടിച്ചവരോട് لَوْلَا أَنتُمْ നിങ്ങളില്ലായിരുന്നുവെങ്കിൽ لَكُنَّا ഞങ്ങൾ ആകുമായിരുന്നു مُؤْمِنِينَ സത്യവിശ്വാസികൾ ﴾32﴿ قَالَ പറയും الَّذِينَ اسْتَكْبَرُوا വലുപ്പം (ഗർവ്വ്) നടിച്ചവർ لِلَّذِينَ اسْتُضْعِفُوا ബലഹീനമായി ഗണിക്കപ്പെട്ടവരോട് أَنَحْنُ ഞങ്ങളാണോ صَدَدْنَاكُمْ നിങ്ങളെ തടഞ്ഞു, തട്ടിത്തിരിച്ചത് عَنِ الْهُدَىٰ സൻമാർഗത്തിൽ നിന്ന്, നേർമാർഗം വിട്ട് بَعْدَ إِذْ جَاءَكُم അത് നിങ്ങൾക്ക് വന്നതിനുശേഷം بَلْ പക്ഷേ كُنتُم നിങ്ങളായിരുന്നു مُّجْرِمِينَ കുറ്റവാളികൾ ﴾33﴿ وَقَالَ പറയും الَّذِينَ اسْتُضْعِفُوا ബലഹീനരായി ഗണിക്കപ്പെട്ടവർ لِلَّذِينَ اسْتَكْبَرُوا വലിയവരായി നടിച്ചവരോട് بَلْ എങ്കിലും, പക്ഷേ مَكْرُ اللَّيْلِ രാത്രിയിലെ കുതന്ത്രം وَالنَّهَارِ പകലിലെയും إِذْ تَأْمُرُونَنَا നിങ്ങൾ ഞങ്ങളോട് ആജ്ഞാപിച്ചുകൊണ്ടിരുന്നപ്പോൾ أَن نَّكْفُرَ ഞങ്ങൾ അവിശ്വസിക്കുവാൻ بِاللَّهِ അല്ലാഹുവിൽ وَنَجْعَلَ لَهُ ഞങ്ങൾ അവന് ആക്കുവാനും أَندَادًا സമൻമാരെ, തുല്യൻമാരെ وَأَسَرُّوا അവർ സ്വകാര്യമാക്കും (മറച്ചുവെക്കും) النَّدَامَةَ ഖേദം لَمَّا رَأَوُا അവർ കാണുമ്പോൾ الْعَذَابَ ശിക്ഷ وَجَعَلْنَا നാം ആക്കുകയും ചെയ്യും الْأَغْلَالَ ആമങ്ങളെ, വിലങ്ങുകളെ فِي أَعْنَاقِ കഴുത്തുകളിൽ الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ هَلْ يُجْزَوْنَ അവർക്ക് പ്രതിഫലം കൊടുക്കപ്പെടുമോ إِلَّا مَا യാതൊന്നിനല്ലാതെ....അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന

ക്വുർആനെയും, അതിനുമുമ്പുള്ള വേദഗ്രന്ഥങ്ങളെയും നിഷേധിക്കുകമാത്രമല്ല, ഒരിക്കലും തങ്ങളതിൽ വിശ്വസിക്കുകയില്ലെന്ന് അഹങ്കാരപൂർവ്വം പ്രഖ്യാപിക്കുകയും ചെയ്യുന്ന ആ ധിക്കാരികൾ, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ചില രംഗങ്ങളാണ് ഈ വചനങ്ങളിൽ കാണുന്നത്. അവരിൽ അവിശ്വാസത്തിനും ദുർമാർഗത്തിനും കൊടി

പിടിച്ചും, അവയുടെ പ്രചരണത്തിന് വേണ്ടി ഭഗീരഥപ്രയത്നങ്ങൾ നടത്തിയും, കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്ന വലിയവരും അവരുടെ ഇംഗിതത്തിനും താളത്തിനും വഴങ്ങിക്കൊണ്ടിരുന്ന അനുഗാമികളും പരസ്പരം ആരോപണങ്ങളും, പ്രത്യാരോപണങ്ങളും നടത്തുന്നതാണ്. പക്ഷേ, ഫലമെന്ത് ? ശിക്ഷയിൽ രണ്ടുകൂട്ടരും പങ്കാളികൾതന്നെ.

ഒരു വിഭാഗത്തിന് മറ്റേ വിഭാഗത്തെ പഴിചാരി ഒഴിവാകുവാൻ മാർഗമില്ലെന്ന് കാണുമ്പോൾ-അപമാനവും നിരാശയും നിമിത്തം-അവർ മിണ്ടുവാൻ കഴിയാതെ മൗനമവലംബിക്കുന്നതിനെക്കുറിച്ചാണ് واسروا الندامة(അവർ ഖേദം മറച്ചുവെക്കും) എന്നു പറഞ്ഞത്, ശിക്ഷ അനുഭവിക്കുമ്പോൾ സഹിക്കവയ്യാതെ, അവർ നിലവിളിച്ച് അട്ടഹസിക്കുകയും, രക്ഷക്കപേക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് മറ്റു വചനങ്ങളിൽ പറഞ്ഞിട്ടുള്ളത് അവരുടെ വേറെ ചില രംഗങ്ങളെ വിവരിച്ചതാകുന്നു.

وَمَآ أَرۡسَلۡنَا فِي قَرۡيَةٖ مِّن نَّذِيرٍ إِلَّا قَالَ مُتۡرَفُوهَآ إِنَّا بِمَآ أُرۡسِلۡتُم بِهِۦ كَٰفِرُونَ ﴿٣٤﴾

﴾34﴿ ഒരു രാജ്യത്തും തന്നെ, വല്ല താക്കീതുകാരനേയും നാം അയച്ചിട്ട് അതിലെ സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല ; നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ നിശ്ചയമായും അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാണ് എന്ന്.

وَقَالُواْ نَحۡنُ أَكۡثَرُ أَمۡوَٰلٗا وَأَوۡلَٰدٗا وَمَا نَحۡنُ بِمُعَذَّبِينَ ﴿٣٥﴾

﴾35﴿ ഞങ്ങൾ, സ്വത്തുക്കളും, മക്കളും അധികമുള്ളവരാകുന്നു ; ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ലതാനും എന്നും അവർ പറയും.

﴾34﴿ وَمَآأَرۡسَلۡنَا നാം അയച്ചിട്ടില്ല فِي قَرۡيَةٍ ഒരു രാജ്യത്തിലും مِن نَذِيرٍ ഒരു താക്കീതുകാരനെയും إِلاقَالَ പറയാതെ مُتۡرَفُوهَا അതിലെ സുഖലോലുപൻമാർ إِنَّا നിശ്ചയമായും ഞങ്ങൾ بِمَا യാതൊന്നിൽ أُرۡسِلۡتُمۡ بِهِ നിങ്ങൾ അതുമായി അയക്കപ്പെട്ടിരിക്കുന്നു كَافِرُونَ അവിശ്വാസികളാണ്(നിഷേധികളാണ്) ﴾35﴿ وَقَالُوا അവർ പറയുകയും ചെയ്യും نَحۡنُ ഞങ്ങൾ أَكۡثَرُ കൂടുതലുള്ളവരാണ് أَمۡوَالا സ്വത്തുക്കൾ وَأَوۡلَادًا മക്കളും وَمَانَحۡنُ ഞങ്ങളല്ലതാനും بِمُعَذَّبِينَ ശിക്ഷിക്കപ്പെടുന്നവർ

നബി ﷺ തിരുമേനിയുടെ പ്രബോധനത്തിൽ വിശ്വസിക്കുന്നവർ താരതമ്യേന സാധുക്കളും, സാധാരണക്കാരുമാണ്. ക്വുറൈശി പ്രമാണികളായ ആളുകളാകട്ടെ, നബിയെ ധിക്കരിക്കുകയും, അവഹേളിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ അസ്വാസ്ഥ്യപ്പെടേണ്ടതില്ലെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. കാരണം, സുഖജീവിതത്തിനാവശ്യമായ ഉപാധികൾ ലഭിക്കുകയും, അങ്ങനെ ഭൗതികമായ ആഡംബര ജീവിതത്തിൽ ലയിക്കുകയും ചെയ്തിട്ടുള്ള ആളുകൾ പ്രവാചകൻമാരെ നിഷേധിക്കലും, ദിവ്യദൗത്യങ്ങളെ അവഹേളിക്കലും പണ്ടുമുതൽക്കേയുള്ള ഒരു പാരമ്പര്യമാണ്. ഓരോ പ്രവാചകന്റെയും കാലത്തുള്ള സുഖലോലുപൻമാരുടെ നില ഇത്തന്നെയായിരുന്നു. ഈ സുമുദായത്തിൽ മാത്രം കാണപ്പെടുന്ന ഒരു പ്രവണത

യല്ല ഇത്.

സത്യപ്രബോധനത്തെ നിരാകരിക്കലോ, പ്രവാചകൻമാരെ നിഷേധിക്കലോ മാത്രമല്ല ഇവർ ചെയ്യുന്നത്. തങ്ങൾക്ക് ലഭിച്ചിട്ടുള്ള സുഖസൗകര്യങ്ങളിൽ അഹങ്കരിക്കുകയും, അതെല്ലാം തങ്ങളുടെ യോഗ്യതയുടെ അടയാളമായി ഗണിക്കുകയും ചെയ്യും. അല്ലാഹുവിങ്കൽ തങ്ങൾക്കുള്ള പ്രത്യേക അടുപ്പം മൂലമാണ് അവൻ തങ്ങൾക്ക് ഇതെല്ലാം നൽകിയിരിക്കുന്നതെന്നും, ആകയാൽ തങ്ങളൊരിക്കലും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുകയില്ലെന്നുമായിരിക്കും അവരുടെ ധാരണ. പ്രവാചകൻമാരുടെ കാലത്തും അവരെ നിഷേധിക്കുന്ന അവിശ്വാസികളിലും മാത്രമല്ല ഇത്തരം സ്വഭാവങ്ങൾ കാണപ്പെടുക. ഭൗതിക സുഖങ്ങൾക്കും, ദേഹേച്ഛകൾക്കും മുൻഗണന നൽകിവരുന്ന ധനികരും പ്രമാണികളുമായ എല്ലാവരിലും - അവർ മുസ്‌ലിംകളോ അമുസ്‌ലിംകളോ ആകട്ടെ-ഏറെക്കുറെ ഈ സ്വഭാവങ്ങൾ കാണാവുന്നതാണ്. അടുത്ത വചനങ്ങളിൽ ഇത്തരം ധാരണ വെച്ചുപുലർത്തുന്നവർക്കുള്ള മറുപടി കാണുക :

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٦﴾

《36》 പറയുക (നബിയേ) : നിശ്ചയമായും എന്റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുന്നു : (അവൻ ഉദ്ദേശിക്കുന്നവർക്ക്)കുടുസ്സാക്കുകയും ചെയ്യുന്നു. എങ്കിലും, മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല.

വിഭാഗം - 5

وَمَآ أَمْوَٰلُكُمْ وَلَآ أَوْلَٰدُكُم بِٱلَّتِى تُقَرِّبُكُمْ عِندَنَا زُلْفَىٰٓ إِلَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَأُو۟لَٰٓئِكَ لَهُمْ جَزَآءُ ٱلضِّعْفِ بِمَا عَمِلُوا۟ وَهُمْ فِى ٱلْغُرُفَٰتِ ءَامِنُونَ ﴿٣٧﴾

《37》 നിങ്ങളുടെ സ്വത്തുകളാകട്ടെ, നിങ്ങളുടെ മക്കളാകട്ടെ, നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യസ്ഥാനം നൽകുന്നവയല്ല തന്നെ ; പക്ഷേ, വിശ്വസിക്കുകയും, സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നതാരോ അക്കൂട്ടർക്ക് അവർ പ്രവർത്തിച്ചിട്ടുള്ളതിന് ഇരട്ടി പ്രതിഫലമുണ്ടായിരിക്കും. അവരാകട്ടെ, മണിമന്ദിരങ്ങളിൽ നിർഭയരുമായിരിക്കും.

《36》 قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَبْسُطُ വിശാലപ്പെടുത്തുന്നു, നീട്ടിക്കൊടുക്കുന്നു الرِّزْقَ ഉപജീവനം, ആഹാരം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ കുടുസ്സാക്കുക(കണക്കാക്കുക, ഇടുക്കമാക്കുക)യും ചെയ്യുന്നു وَلَٰكِنَّ എങ്കിലും أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

﴾37﴿ وَمَآأَمْوَٰلُكُمْ നിങ്ങളുടെ സ്വത്തുക്കളല്ല وَلَآأَوْلَٰدُكُم നിങ്ങളുടെ മക്കളുമല്ല بِٱلَّتِي تُقَرِّبُكُمْ നിങ്ങളെ അടുപ്പിക്കുന്ന (സാമീപ്യം നൽകുന്ന) عِندَنَا നമ്മുടെ അടുക്കൽ زُلْفَىٰٓ ഒരു സാമീപ്യം (സാമീപ്യസ്ഥാനം) إِلَّا مَنْ ءَامَنَ പക്ഷേ ആരെങ്കിലും വിശ്വസിച്ചാൽ, വിശ്വസിച്ചവർക്കൊഴികെ وَعَمِلَ صَٰلِحًا സൽക്കർമം പ്രവർത്തിക്കുകയും فَأُو۟لَٰٓئِكَ എന്നാൽ അക്കൂട്ടർ لَهُمْ അവർക്കുണ്ട് جَزَآءُ ٱلضِّعْفِ ഇരട്ട പ്രതിഫലം بِمَا عَمِلُوا۟ അവർ പ്രവർത്തിച്ചതിന് وَهُمْ അവരാകട്ടെ فِى ٱلْغُرُفَٰتِ മണിമാളികകളിൽ, കൊട്ടാരങ്ങളിൽ ءَامِنُونَ നിർഭയരായിരിക്കും, സ്വസ്ഥരായിരിക്കും.

ഉപജീവനമാർഗങ്ങൾ ചിലർക്ക് വിശാലമായും, മറ്റു ചിലർക്ക് കുടുസ്സായും ലഭിക്കുന്നു. കൂടുതൽ ലഭിക്കുന്നവർക്ക് അവരുടെ കുത്തകാവകാശമായതുകൊണ്ടോ, അവരുടെ എതെങ്കിലും അർഹതകൊണ്ടോ ലഭക്കുന്നതല്ല അത്. ലഭിക്കാത്തവർക്ക് അവരുടെ ഏതെങ്കിലും സ്ഥാനക്കുറവുകൊണ്ട് ലഭിക്കാത്തതുമല്ല. എല്ലാം അല്ലാഹു കണക്കാക്കുന്നതാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് കൂടുതലായും, അവൻ ഉദ്ദേശിക്കുന്നവർക്ക് കുറവായും അവൻ നൽകുന്നു. അതെല്ലാം ചില യുക്തിരഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ അവൻ നിശ്ചയിക്കുന്നതാണ്. മനുഷ്യന്റെ യോഗ്യതയോ, നന്മയോ തിൻമയോ കണക്കാക്കുവാനുള്ള അളവുകോലല്ല അത്. ഈ വാസ്തവം അധികമാളുകളും അറിയുന്നില്ല. അതുകൊണ്ടാണ് അത്തരം ധാരണകൾക്ക് അവർ വശംവദരാകുന്നത്.

ധനം, ഐശ്വര്യം, സന്താനം മുതലായവ സിദ്ധിച്ചത് കൊണ്ട് മാത്രം അല്ലാഹുവിങ്കൽ യാതൊരു സ്ഥാന വലിപ്പമോ, സാമീപ്യമോ ആർക്കും ലഭിക്കുന്നില്ല. അവ വിനിയോഗിക്കേണ്ടുന്ന പ്രകാരം വിനിയോഗിക്കുന്നവർക്ക് അതു വമ്പിച്ച നേട്ടമായിരിക്കും. അല്ലാത്തവർക്ക് അത് നഷ്ടത്തിനും നാശത്തിനും മാത്രം ഹേതുവായിത്തീരുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ ധനവും മക്കളുമെല്ലാം തന്നെ ഒരു പരീക്ഷണമാകുന്നു أموالكم وأولادكم فتنة - الأنفال إنما! അതുകൊണ്ട് സത്യവിശ്വാസത്തോടുകൂടി സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, തങ്ങൾക്ക് സിദ്ധിച്ച അനുഗ്രഹങ്ങളെ നല്ല മാർഗത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നവരാരോ അവർക്ക് കൂടുതൽ ഇരട്ടി പുണ്യഫലം ലഭിക്കുന്നു. കാരണം, മറ്റുള്ളവർ ചെയ്യുന്ന സൽക്കർമ്മങ്ങളിൽ ഇവരും പങ്കുകാരാണെന്നതിനു പുറമെ, പ്രസ്തുത അനുഗ്രഹങ്ങളെ നല്ല മാർഗത്തിൽ വിനിയോഗിക്കുവാനുള്ള അവസരംകൂടി ഇവർക്കുണ്ടല്ലോ. അങ്ങനെ, ഇവർക്ക് കൂടുതൽ ഉന്നതമായ സ്വർഗീയപദവികൾ ലഭിക്കുവാൻ അവ കാരണമായിത്തീരുന്നു.

ഇമാം മുസ്‌ലിം ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥ് ഇവിടെ പ്രസ്താവ്യമാണ്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ധനികൻമാരായ ആളുകൾ ഞങ്ങളെപ്പോലെ നമസ്കാരം, നോമ്പ് മുതലായ കർമങ്ങൾ നിർവ്വഹിച്ചു വരുന്നു. അതേസമയത്ത് ഹജ്ജ്, ഉംറഃ, ജിഹാദ് (ധർമസമരം), ദാനധർമങ്ങൾ ആദിയായ സൽക്കർമങ്ങളും അവർ ചെയ്യുന്നു. അങ്ങനെ, സൽക്കർമങ്ങളിൽ ഉന്നതമായ സ്ഥാനം ധനികൻമാർ കൈക്കലാക്കുന്നുവല്ലോ ? എന്നിങ്ങിനെ മുഹാജിറുകളിൽ ദരിദ്രൻമാരായ സ്വഹാബികൾ നബി ﷺ യോടു സങ്കടപ്പെടുകയുണ്ടായി. തിരുമേനി മറുപടി പറഞ്ഞു : നിങ്ങളുടെ മുമ്പിൽ കടന്നിട്ടുള്ളവരുടെ ഒപ്പം എത്തിച്ചേരുവാനും, നിങ്ങളുടെ പിന്നാലെ വരുന്നവരുടെ മുമ്പിൽ കടക്കുവാനും പറ്റുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് പഠിപ്പിച്ചു തരാം : നിങ്ങൾ ഓരോ നമസ്കാരത്തിനുശേഷവും മുപ്പത്തിമൂന്നു പ്രാവശ്യം വീതം തസ്ബീഹും, ഹംദും, തക്ബീറും (سبحان الله , الحمد لله , الله أكبر എന്ന്)ചൊല്ലുക, പിന്നീട് അവർ വീണ്ടും വന്ന് ഇങ്ങിനെ അറി

യിച്ചു : ധനികൻമാരായ ഞങ്ങളുടെ സഹോദരങ്ങളും അപ്രകാരം ചെയ്തുവരുന്നുവല്ലോ ! അപ്പോൾ തിരുമേനി ഈ ക്വുർആൻ വചനം ഓതുകയാണ് ചെയ്തത് : **ذلك فضل الله يؤتيه من يشاء**(അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു)

മനുഷ്യൻ മരണപ്പെട്ടാലും മുറിഞ്ഞുപോകാതെ അവശേഷിക്കുന്നത് മൂന്നു കാര്യങ്ങളാണെന്ന് നബി ﷺ അരുളിച്ചെയ്തിട്ടുള്ളത് പ്രസിദ്ധമാണ്. നിലനിൽക്കുന്ന ദാനധർമങ്ങൾ, ഉപകാരപ്രദമായ അറിവ്, അവനുവേണ്ടി പ്രാർത്ഥിക്കുന്ന സൽക്കർമികളായ മക്കൾ ഇവയാണത്. അപ്പോൾ, സ്വത്തും, മക്കളും-അവയെ ശരിയാം വണ്ണം ഉപയോഗപ്പെടുത്തിയാൽ-മനുഷ്യന് എത്രമാത്രം അവന്റെ ഭാവിനൻമക്ക് ഉപകരിക്കുമെന്ന് ആലോചിച്ചു നോക്കുക ! നേരെമറിച്ച് അവയെ ദുരുപയോഗപ്പെടുത്തുന്നപക്ഷം അത് ഭാവി ജീവിതത്തെ അങ്ങേയറ്റം നഷ്ടപ്പെടുത്തുകയും ചെയ്യും. ഇങ്ങിനെയുള്ളവരോട് പരലോകത്തുവെച്ച് പറയപ്പെടുന്നത് ഇപ്രകാരമായിരിക്കും : أَذْهَبْتُمْ طَيِّبَاتِكُمْ فِي حَيَاتِكُمُ الدُّنْيَا وَاسْتَمْتَعْتُم بِهَا فَالْيَوْمَ تُجْزَوْنَ عَذَابَ الْهُونِ الخ -الاحقاف

സാരം : നിങ്ങൾക്ക് ലഭിച്ച നല്ല വിഭവങ്ങളെ നിങ്ങൾ നിങ്ങളുടെ ഐഹികജീവിതത്തിൽ വെച്ച് നശിപ്പിച്ചുകളയുകയും, അവമൂലം നിങ്ങൾ സുഖമനുഭവിക്കുകയും ചെയ്തു. ആകയാൽ ഇന്ന്-നിങ്ങൾ ഭൂമിയിൽ ന്യായമില്ലാതെ ഗർവ്വ് നടിച്ചുകൊണ്ടിരിക്കുകയും നിങ്ങൾ തോന്നിയവാസം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ-നിങ്ങൾക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു (സൂ: അഹ്ക്വാഫ് - 20) മേൽ കണ്ട ആശയങ്ങളെ അടുത്ത ആയത്തുകളിൽ വീണ്ടും ആവർത്തിച്ചു കാണാം :

وَٱلَّذِينَ يَسْعَوْنَ فِىٓ ءَايَٰتِنَا مُعَٰجِزِينَ أُو۟لَٰٓئِكَ فِى ٱلْعَذَابِ مُحْضَرُونَ ﴿٣٨﴾

﴾38﴿ (നമ്മെ) പരാജയപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് നമ്മുടെ ആയത്തുകളിൽ (കുഴപ്പത്തിന്)പരിശ്രമിക്കുന്നവരാകട്ടെ, അക്കൂട്ടർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു.

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ لَهُۥ ۚ وَمَآ أَنفَقْتُم مِّن شَىْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٣٩﴾

﴾39﴿ പറയുക : നിശ്ചയമായും എന്റെ റബ്ബ് തന്റെ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുകയും(താനുദ്ദേശിക്കുന്നവർക്ക്)കുടുസ്സാക്കിക്കൊടുക്കുകയും ചെയ്യുന്നു.

നിങ്ങൾ ഏതൊരു വസ്തു ചില വഴിക്കുന്നതായാലും അവൻ നിങ്ങൾക്ക് അതിനു പകരം തരുന്നതാണ്, അവൻ ഉപജീവനം നൽകുന്നവരിൽവെച്ച് ഉത്തമനുമത്രെ.

﴿38﴾ وَالَّذِينَ يَسْعَوْنَ (കുഴപ്പത്തിനു)പരിശ്രമിക്കുന്നവർ فِي آيَاتِنَا നമ്മുടെ ആയത്തുക
ളിൽ, ലക്ഷ്യങ്ങളിൽ مُعَاجِزِينَ അസാധ്യരാക്കിക്കൊണ്ട്, പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്ന
വരായി أُولَٰئِكَ അക്കൂട്ടർ فِي الْعَذَابِ ശിക്ഷയിൽ مُحْضَرُونَ ഹാജരാക്കപ്പെടുന്നവരാണ് ﴿39﴾
قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَبْسُطُ الرِّزْقَ ഉപജീവനം വിശാലപ്പെടു
ത്തുന്നു لِمَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ തന്റെ അടിയാന്മാരിൽനിന്ന് وَيَقْدِرُ
കുടുസ്സാക്കുകയും ചെയ്യുന്നു لَهُ അവന് وَمَا أَنفَقْتُم നിങ്ങൾ ചിലവ് ചെയ്യുന്നത് مِّن شَيْءٍ ഏ
തൊരു വസ്തുവെയും فَهُوَ എന്നാലവൻ يُخْلِفُهُ അതിന് പകരം നൽകുന്നു وَهُوَ അവൻ
خَيْرُ الرَّازِقِينَ ഉപജീവനം നൽകുന്നവരിൽ ഉത്തമനുമാണ്.

പിഴച്ച ആദർശലക്ഷ്യങ്ങളുള്ളവരും, ഭൗതിക താൽപര്യങ്ങൾക്ക് മുൻഗണന നൽകുന്നവരും അല്ലാഹുവിന്റെ ആയത്തുകളിൽ - ദൃഷ്ടാന്തങ്ങളും, വേദവാക്യങ്ങളുമാകുന്ന ലക്ഷ്യങ്ങളിൽ - കുഴപ്പമുണ്ടാക്കുവാൻ ശ്രമിക്കുക പതിവാണ്. വേറെ ചിലർ അതെല്ലാം ഇക്കാലത്തേക്ക് പറ്റിയതല്ലെന്നു സമർത്ഥിക്കും. ഇങ്ങിനെ പലരും പലതും അല്ലാഹുവിന് മനുഷ്യന്റെ ഗുണ ദോഷങ്ങളെപ്പറ്റി വേണ്ടത്ര അറിഞ്ഞുകൂടാഎന്നും, അവന്റെ ലക്ഷ്യങ്ങൾ വേണ്ടത്ര പ്രായോഗികമല്ല എന്നുമാണിവരുടെ നാട്യം. ഇങ്ങിനെയുള്ളവർക്ക് ചുരുങ്ങിയ വാക്കിൽ കനത്ത താക്കീതാണ് 38-ാം വചനവും, മുകളിൽ വായിച്ച 5-ാം വചനവും നൽകുന്നത്.

മനുഷ്യരെല്ലാം അല്ലാഹുവിന്റെ അടിയാൻമാരാണ്. എല്ലാവർക്കും അവൻ ഉപജീവനം നൽകുകയും ചെയ്യും. (ഭൂമിയിലുള്ള ഏതൊരു ജീവിയാകട്ടെ, അതിന് وَمَا مِن دَابَّةٍ فِي الْأَرْضِ إِلَّا عَلَى اللَّهِ رِزْقُهَا മേൽ ബാധ്യത ഇല്ലാത്തതില്ല) പക്ഷേ, മുമ്പു പറഞ്ഞതുപോലെ, അവനുമാത്രം വശദമായി അറിയാവുന്ന ചില യുക്തിരഹസ്യങ്ങളനുസരിച്ച് അവൻ ചിലർക്ക് വിശാലമായും ചിലർക്ക് ഇടുക്കമായും അത് വിതരണം ചെയ്യുന്നു. അതിൽ വ്യത്യാസം വരുത്തുവാൻ ആർക്കും സാധ്യമല്ല. ദാവൂദ് (അ),സുലൈമാൻ (അ) മുതലായ നബിമാർക്ക് അവൻ ധാരാളം സമ്പത്ത് നൽകി. ഈസാ നബി(അ), മുഹമ്മദ് നബി ﷺ മുതലായ നബിമാർ നിർദ്ധനൻമാരായിരുന്നു. നേരെമറിച്ച് ദുഷ്ടൻമാരായ ആളുകളിലും ധാരാളം ധനവാൻമാരെയും ദരിദ്രൻമാരെയും കാണാം. അതാണ് ഇതിന് കാരണം. അപ്പോൾ ധനവും, ദാരിദ്ര്യവും - രണ്ടും തന്നെ- ഓരോ പരീക്ഷണങ്ങളാണ്. وَنَبْلُوكُم بِالشَّرِّ وَالْخَيْرِ فِتْنَةً- الأنبياء(തിൻമകൊണ്ടും, നൻമകൊണ്ടും നാം നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്. ദാരിദ്ര്യത്തിലും, വിഷമത്തിലും ക്ഷമ കൈകൊള്ളണം. ധനത്തിലും സന്തോഷത്തിലും നന്ദി കൈകൊള്ളുകയും അവയെ സൽകാര്യങ്ങളിൽ ഉപയോഗപ്പെടുത്തുകയും വേണം.

നല്ല മാർഗത്തിൽ ചിലവഴിക്കുന്ന ധനം വാസ്തവത്തിൽ നശിക്കുകയില്ല, വളരുകയാണ് ചെയ്യുന്നത്. അല്ലാഹു അതിന് കൂടുതൽ മെച്ചപ്പെട്ട പ്രതിഫലം നൽകുന്നു. പരലോകത്ത്വെച്ച് ലഭിക്കുന്ന പ്രതിഫലം ഏതു നിലക്കും മെച്ചപ്പെട്ടതുതന്നെ. ഇഹത്തിൽവെച്ചും അല്ലാഹുവിന്റെ കാരുണ്യവും സഹായവും ലഭിക്കുവാൻ അത് കാരണമാകുന്നു. കൂടാതെ സഹജീവികളിൽനിന്നുള്ള സ്നേഹാദരവുകൾ, സഹായസഹകരണങ്ങൾ, പ്രാർത്ഥന എന്നിവയും മനസ്സന്തോഷവും അത്മൂലം സിദ്ധിക്കുവാനുണ്ട്. പക്ഷേ, ചിലവഴിക്കുന്നത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചായിരിക്കേണ്ടതാണ്. ചിലവഴിച്ചതിന്റെ ഫലം ഭാവിയിലേക്കും അവശേഷിക്കുന്നു. ചിലവഴിക്കാത്ത ധനം ഉടമസ്ഥനെ

വിട്ടുപിരിയുകയും, ചിലപ്പോൾ അവന് തന്നെ ആപത്തുണ്ടാക്കുകയും ചെയ്യും. ഒരിക്കൽ ഒരു ആട്ടിനെ അറുത്ത അവസരത്തിൽ നബി ചോദിച്ചു : എനി എന്തു ബാക്കിയുണ്ട് ? ആയിശാ (റ) പറഞ്ഞു : അതിന്റെ കുറകല്ലാത്ത ഒന്നും ബാക്കിയില്ല. തിരുമേനി പറഞ്ഞു : എല്ലാം ബാക്കി യുണ്ട് -കുറകൊഴിച്ച് (ബു:മു) കുറകു വീട്ടാവശ്യത്തിലും, ബാക്കി ഭാഗം ധർമത്തിലും വിനിയോഗിച്ചിരുന്നതാണ് നബി ഇങ്ങിനെ പറയുവാൻ കാരണം.

ആഹാര മാർഗം എല്ലാവർക്കും ഒരേ അളവിൽ നൽകാതിരുന്നത് ഈ ലോകവ്യവസ്ഥ യുടെ ഒരാവശ്യമാണെന്ന് സൂറത്തു -സുഖ്റുഫ്: 32-ൽ വെച്ചു നമുക്ക് കാണാം. إِنْ شَاءَ الله

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰٓئِكَةِ أَهَٰٓؤُلَآءِ إِيَّاكُمْ كَانُوا۟ يَعْبُدُونَ ﴿٤٠﴾

﴿40﴾ അവരെ മുഴുവനും അവൻ [അല്ലാഹു] ഒരുമിച്ചു കൂട്ടുന്ന ദിവസം (ഓർക്കുക) പിന്നീട് അവൻ മലക്കുക ളോട് പറയും : ഇക്കൂട്ടർ നിങ്ങളെയാ യിരുന്നുവോ ആരാധിച്ചിരുന്നത് ?!

قَالُوا۟ سُبْحَٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا۟ يَعْبُدُونَ ٱلْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾

﴿41﴾ അവർ പറയും : നീ എത്രയോ പരിശുദ്ധൻ ! നീയത്രെ ഞങ്ങൾക്ക് ബന്ധപ്പെട്ടവൻ-അവരല്ല. പക്ഷേ, അവർ ജിന്നുകളെ ആരാ ധിച്ചു വരികയായിരുന്നു. അവരിൽ അധികമാളുകളും അവരിൽ വിശ്വസി ക്കുന്നവരാകുന്നു.

﴾40﴿ وَيَوْمَ يَحْشُرُهُمْ അവരെ അവൻ ഒരുമിച്ചു കൂട്ടുന്ന ദിവസം جَمِيعًا മുഴുവനും, എല്ലാം ثُمَّ يَقُولُ പിന്നെ അവൻ പറയും لِلْمَلَائِكَةِ മലക്കുകളോട് أَهَٰؤُلَاءِ ഇക്കൂട്ടർ(ആയിരുന്നോ) إِيَّاكُمْ നിങ്ങളെ كَانُوا يَعْبُدُونَ ആരാധിച്ചുവരുക(യായിരുന്നോ) ﴾41﴿ قَالُوا അവർ പറയും سُبْحَانَكَ നീ മഹാപരിശുദ്ധൻ, നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു أَنتَ നീ, നീയത്രെ وَلِيُّنَا ഞങ്ങൾക്ക് ബന്ധപ്പെട്ടവൻ, കാര്യകർത്താവ് مِن دُونِهِم അവരെക്കൂടാതെ(അവരല്ല) بَلْ പക്ഷേ(എങ്കിലും) كَانُوا يَعْبُدُونَ അവർ ആരാധിച്ചുവന്നിരുന്നു الْجِنَّ ജിന്നുകളെ أَكْثَرُهُم അവരിലധികവും بِهِم അവരിൽ مُؤْمِنُونَ വിശ്വസിക്കുന്നവരാണ്.

മലക്കുകളെ അധിക്ഷേപിക്കുകയല്ല-അല്ലാഹു അല്ലാത്തവരെ ആരാധിച്ചുവന്നവരുടെ അപ രാധം സ്ഥാപിക്കുകയും, അവരെ അധിക്ഷേപിക്കുകയുമാണ് - ഈ ചോദ്യത്തിന്റെ താൽപ ര്യം. ഇതുപോലെ ഈസാ നബി(അ)യെയും, മാതാവിനെയും ആരാധിച്ചുവന്നവരെക്കു റിച്ച് ഈസാ നബി(അ)യോടും അല്ലാഹു പരലോകത്തുവെച്ച് ചോദിക്കുമെന്നും, അദ്ദേഹം അവരെ നിഷേധിച്ചുകൊണ്ട് മറുപടി പറയുമെന്നും സൂറത്തുൽ മാഇദഃ 116 ലും പ്രസ്താ

വിച്ചു കാണാം.

അല്ലാഹു അല്ലാത്ത ദൈവങ്ങളെ ആരാധിച്ചു വരുന്നവരിൽ പല തരക്കാരുണ്ട്. ചിലർ മലക്കുകളുടെ പേരിൽ വിഗ്രഹങ്ങൾ സ്ഥാപിക്കുന്നു. ചിലർ ദേവീദേവൻമാരെ ആരാധിക്കുന്നു. ചിലർ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും പിശാചുക്കളെ ആരാധിക്കുന്നു. ചിലർ പ്രേതങ്ങളെയും കാരണവൻമാരെയും ആരാധിക്കുന്നു. മുസ്‌ലിം പാമരൻമാരിൽപോലും പിശാചുക്കളെ ആരാധിക്കുന്ന ചിലരുണ്ടെന്നതു വളരെ ദുഃഖകരമായ ഒരു വാസ്തവമത്രെ. പക്ഷേ, അവരുടെ ആരാധ്യരായ പിശാചുക്കളെ കുറിച്ച് ജിന്നുകളെന്നോ മലക്കുകളെന്നോ അറബിപ്പേർ പറഞ്ഞു അവർ സമാധാനിക്കും, ചിലപ്പോൾ തങ്ങളുടെ പിശാചുക്കൾക്ക് (ചേക്കുട്ടി, കോയസ്സൻ മുതലായ) മുസ്‌ലിം നാമങ്ങൾ നൽകിയും തൃപ്തി അടയും. അത്രമാത്രം. തങ്ങളുടെ ആരാധ്യൻമാരിൽ തങ്ങൾക്ക് ഗുണവും ദോഷവും ചെയ്‌വാൻ കഴിവുള്ളവരാണെന്നും, അസാധാരണമായ ചില കഴിവുകൾ അവർക്കുണ്ടെന്നും അവർ അദൃശ്യകാര്യങ്ങൾ അറിയുമെന്നും, അവർക്ക് വേണ്ടി ചില കർമങ്ങളും വഴിപാടുകളും ചെയ്യേണ്ടതുണ്ടെന്നും മറ്റുമുള്ള ധാരണകൾ പലരിലും കാണാം. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് മലക്കുകളോട് അല്ലാഹു മേൽകണ്ട ചോദ്യം ചോദിക്കുന്നത്.

മലക്കുകളുടെ മറുപടിയുടെ സാരം ഇതാണ് : അല്ലാഹുവേ, അവർ ഞങ്ങളെ ആരാധിക്കുകയോ, ഞങ്ങൾ അതിന് അനുകൂലിക്കുകയോ ചെയ്യുന്ന പ്രശ്നമേ ഇല്ല. ആരാധനക്കർഹത നിനക്ക് മാത്രമാണല്ലോ. നീ പരമപരിശുദ്ധനും, എല്ലാ മാഹാത്മ്യങ്ങളുടെയും നാഥനുമാണ്. ഞങ്ങളുടെ കൈകാര്യവും , ഞങ്ങളുടെ രക്ഷയും, ഞങ്ങളുടെ സഹായവുമെല്ലാം നിന്റെ പക്കലാണ്. ഞങ്ങളും അവരുമായി യാതൊരു മൈത്രിയോ ബന്ധനമോ ഇല്ല. ഞങ്ങളറിയാതെയും ഞങ്ങളുടെ യാതൊരു പ്രേരണകൂടാതെയും അവർ ഞങ്ങളെ ആരാധിച്ചിട്ടുണ്ടെങ്കിൽ, അതുകൊണ്ട് തന്നെ അവർ ഞങ്ങളുടെ ശത്രുക്കളാണ്. വാസ്തവത്തിൽ അവർ ജിന്നുവർഗമായ പിശാചുക്കളെ ആരാധിക്കുകയും, അവരുടെ പ്രേരണകളിൽ വഞ്ചിതരാവുകയുമാണ് ചെയ്തിരുന്നത്. ചിലർ യാഥാർത്ഥ്യം ഓർക്കാതെ വിഡ്ഢിത്തം പ്രവർത്തിച്ചതായിരിക്കാമെങ്കിലും, മിക്കവരും ജിന്നുകളിൽ തികച്ചും ദിവ്യത്വം കൽപിക്കുന്നവരും വിശ്വാസം അർപ്പിക്കുന്നവരും തന്നെയായിരുന്നു.

ഇബ്‌ലീസും അവന്റെ വർഗക്കാരുമാണ് ഇവിടെ ജിന്നുകൾ (الجن) കൊണ്ട് ഉദ്ദേശ്യം. ജിന്ന് എന്ന് പറയുന്നതു മനുഷ്യർക്ക് അഗോചരമായ ഒരു വർഗമാണ്. അതുകൊണ്ട് അതിൽ മനുഷ്യൻ ഉൾപ്പെടുന്നില്ല. ജിന്നിലും മനുഷ്യരിലും ഉൾപ്പെട്ട ദുഷിച്ച ആളുകൾക്ക് പിശാചുക്കൾ (الشياطين) എന്നു പറയപ്പെടും. പക്ഷേ, ജിന്നു വർഗത്തിലെ പിശാചുക്കളെ ഉദ്ദേശിച്ചാണ് സാധാരണ പിശാചുക്കൾ (الشياطين) എന്ന് പറയാറുള്ളത്. ചില സന്ദർഭങ്ങളിൽ രണ്ടു വർഗത്തിലുള്ളവരെയും ഉദ്ദേശിച്ചുകൊണ്ട് ആ വാക്ക് ഉപയോഗിച്ചേക്കും. ഖുർആനിൽ രണ്ടിനും ഉദാഹരണം കാണും. (കൂടുതൽ വിവരം സൂ: ഹിജ്‌റിന്നുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണാം) إِنْ شَاءَ الله

فَٱلْيَوْمَ لَا يَمْلِكُ بَعْضُكُمْ لِبَعْضٍ نَّفْعًا وَلَا ضَرًّا

﴾42﴿ **അന്ന് നിങ്ങളിൽ ചിലർ ചിലർക്ക് (അന്യോന്യം) ഒരു ഉപകാരം ചെയ്‌വാനാകട്ടെ, ഉപദ്രവം ചെയ്‌വാനാകട്ടെ കഴിവുണ്ടാകുന്നതല്ല.**

وَنَقُولُ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿٤٢﴾

അക്രമം പ്രവർത്തിച്ചവരോട് നാം പറയുകയും ചെയ്യും ; നിങ്ങൾ വ്യാജമാക്കിയിരുന്ന (ആ)നരകത്തിലെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ !

《42》 فَالْيَوْمَ അന്ന് لَا يَمْلِكُ സ്വാധീനപ്പെടുത്തുകയില്ല(കഴിയുകയില്ല) بَعْضُكُمْ നി
ങ്ങളിൽ ചിലർ لِبَعْضٍ ചിലർക്ക് نَفْعًا ഉപകാരം ചെയ്‌വാൻ وَلَا ضَرًّا ഉപദ്രവം ചെയ്‌വാനും
ഇല്ല وَنَقُولُ നാം പറയുകയും ചെയ്യും لِلَّذِينَ ظَلَمُوا അക്രമം ചെയ്തവരോട് ذُوقُوا ആസ്വ
ദിക്കുവിൻ, രുചി നോക്കുവിൻ عَذَابَ النَّارِ നരകത്തിലെ ശിക്ഷ الَّتِي كُنتُمْ നിങ്ങളായിരുന്ന
തായ بِهَا അതിനെ تُكَذِّبُونَ വ്യാജമാക്കും.

ഇവർക്ക് യാതൊരു രക്ഷക്കും മാർഗമില്ലാതായിത്തീർന്നതിന്റെ കാരണം അടുത്ത ആയത്തിൽ നിന്നും മനസ്സിലാക്കാം.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالُوا۟ مَا هَٰذَآ إِلَّا رَجُلٌ يُرِيدُ أَن يَصُدَّكُمْ عَمَّا كَانَ يَعْبُدُ ءَابَآؤُكُمْ وَقَالُوا۟ مَا هَٰذَآ إِلَّآ إِفْكٌ مُّفْتَرًى ۚ وَقَالَ ٱلَّذِينَ كَفَرُوا۟ لِلْحَقِّ لَمَّا جَآءَهُمْ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٤٣﴾

《43》 നമ്മുടെ ആയത്തുകൾ വ്യക്തമായ നിലയിൽ അവർക്കു ഓതി കേൾപ്പിക്കപ്പെടുന്നതായാൽ അവർ പറയും : ഇവൻ നിങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്നതിൽ നിന്ന് നിങ്ങളെ തടയുവാൻ ഉദ്ദേശിക്കുന്ന ഒരു മനുഷ്യൻ എന്നല്ലാതെ (മറ്റൊന്നും) അല്ല. ഇതു കെട്ടിച്ചമക്കപ്പെട്ട ഒരു കള്ളം [നുണ] അല്ലാതെ (മറ്റൊന്നും) അല്ല എന്നും അവർ പറയും. (ആ)വിശ്വസിച്ചവർ യഥാർത്ഥത്തെക്കുറിച്ച് – അതവർക്ക് വന്നെത്തിയപ്പോൾ–പറയുകയാണ് : ഇത് പ്രത്യക്ഷമായ ഒരു ജാലമല്ലാതെ (മറ്റൊന്നും) അല്ല.

وَمَآ ءَاتَيْنَٰهُم مِّن كُتُبٍ يَدْرُسُونَهَا ۖ وَمَآ أَرْسَلْنَآ إِلَيْهِمْ قَبْلَكَ مِن نَّذِيرٍ ﴿٤٤﴾

《44》 അവർ പഠിച്ചറിയുമാറുള്ള യാതൊരു ഗ്രന്ഥങ്ങളും നാം അവർക്ക് കൊടുത്തിട്ടില്ല ; നിനക്കു മുമ്പ് അവരിലേക്ക് ഒരു താക്കീതു കാരനെയും നാം അയച്ചിട്ടുമില്ല.

《43》 وَإِذَا تُتْلَىٰ ഓതിക്കൊടുക്കപ്പെടുന്നതായാൽ عَلَيْهِمْ അവർക്ക് آيَاتُنَا നമ്മുടെ ആയ

ത്തുകൾ بَيِّنَاتٍ വ്യക്തമായ നിലയിൽ قَالُوا അവർ പറയും مَاهَذَا ഇവനല്ല إِلا رَجُلٌ ഒരു പുരുഷൻ(മനുഷ്യൻ) അല്ലാതെ يُرِيدُ അവൻ ഉദ്ദേശിക്കുന്നു أَنْ يَصُدَّكُمْ നിങ്ങളെ തടയുവാൻ عَمَّا كَانَ ആയിരുന്നതിൽ നിന്ന് يَعْبُدُ ആരാധിക്കും آبَاؤُكُمْ നിങ്ങളുടെ പിതാക്കൾ وَقَالُوا അവർ പറയുകയും ചെയ്യും مَاهَذَا ഇതല്ല إِلا إِفْكٌ കള്ളം (നുണ)അല്ലാതെ مُفْتَرًى കെട്ടിച്ചമക്കപ്പെട്ട وَقَالَ പറയുകയും ചെയ്യും الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِلْحَقِّ യഥാർത്ഥ(സത്യ)ത്തെക്കുറിച്ച് لَمَّا جَاءَهُمْ അതവർക്ക് വന്നപ്പോൾ إِنْ هَذَا ഇതല്ല إِلا سِحْرٌ ഒരു ജാലം (ചെപ്പിടിവിദ്യ) അല്ലാതെ مُبِينٌ പ്രത്യക്ഷമായ ﴿44﴾ وَمَا آتَيْنَاهُمْ നാമവർ ക്ക് നൽകിയിട്ടില്ല مِنْ كُتُبٍ വേദഗ്രന്ഥങ്ങളൊന്നും يَدْرُسُونَهَا അവർ പഠിച്ചറിയുന്ന وَمَا أَرْسَلْنَا നാം അയച്ചിട്ടുമില്ല إِلَيْهِمْ അവരിലേക്ക് قَبْلَكَ നിന്റെ മുമ്പ് مِنْ نَذِيرٍ ഒരു താക്കീതുകാരനെയും.

അവിശ്വാസികളുടെ ഒന്നാമത്തെ ആരോപണം നബിയെപ്പററിയും, ക്വുർആനെപ്പറ്റിയും, മൂന്നാമത്തേത് ക്വുർആനും നബിയും പ്രബോധനം ചെയ്യുന്ന തത്വങ്ങളും സംബന്ധിച്ചുമാകുന്നു. നിരർത്ഥങ്ങളായ ഈ ആരോപണങ്ങൾ ഉന്നയിക്കുവാൻ ഇവർക്ക് വല്ല അർഹതയും ഉണ്ടോ ? ഇല്ല. വേദഗ്രന്ഥത്തെക്കുറിച്ചുള്ള പരിചയമോ, പ്രവാചകൻമാർ മുഖേന സിദ്ധിച്ച അറിവോ ഇവർക്കുണ്ടായിരുന്നെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വിധി കൽപ്പിക്കുവാൻ ഇവർക്ക് ന്യായമുണ്ടായിരുന്നു. അറബി മുശ്‌രിക്കുകൾക്ക് അതു രണ്ടും ഇല്ലല്ലോ.

وَكَذَّبَ ٱلَّذِينَ مِن قَبْلِهِمْ وَمَا بَلَغُوا۟ مِعْشَارَ مَآ ءَاتَيْنَٰهُمْ فَكَذَّبُوا۟ رُسُلِى ۖ فَكَيْفَ كَانَ نَكِيرِ ﴿٤٥﴾

﴿45﴾ ഇവർക്ക് മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. അവർക്ക് നാം നൽകിയതിന്റെ പത്തിലൊരംശത്തിങ്കൽ ഇവർ എത്തിച്ചേർന്നിട്ടുമില്ല. അങ്ങനെ, അവർ എന്റെ ദൂതൻമാരെ വ്യാജമാക്കി. അപ്പോൾ എന്റെ പ്രതിഷേധം എപ്രകാരമാണുണ്ടായത് ?! (ഇവരൊന്ന് അന്വേഷിക്കട്ടെ)

﴿45﴾ وَكَذَّبَ الَّذِينَ مِنْ قَبْلِهِمْ ഇവരുടെമുമ്പുള്ള യാതൊരുകൂട്ടരും കളവാക്കി وَمَابَلَغُوا ഇവർ എത്തിയിട്ടുമില്ല مِعْشَارَ യാതൊന്നിന്റെ പത്തിലൊരംശം مَا آتَيْنَاهُمْ നാമവർക്ക് നല്കിയ فَكَذَّبُوا എന്നിട്ടവർ വ്യാജമാക്കി رُسُلِي എന്റെ ദൂതന്മാരെ فَكَيْفَ كَانَ അപ്പോൾ എങ്ങിനെ ആയി, ഉണ്ടായി نَكِيرِ എന്റെ പ്രതിഷേധം, വെറുപ്പ്

സൂ: റൂം 9 ൽ പ്രസ്താവിച്ചതുപോലെ, ഇവരെക്കാൾ ശക്തിയും, പ്രതാപവും, നാഗരികതയും, ആയസ്സുമെല്ലാം ഉണ്ടായിരുന്നിട്ടും അവരുടെ അക്രമത്തിന് നടപടി എടുക്കുന്നതിൽ അല്ലാഹുവിന് യാതൊരു തടസ്സവുമുണ്ടായില്ല. എന്നിരിക്കെ, അവരുടെ ദശമാനക്കണക്കിന് പോലും ശക്തി ലഭിച്ചിട്ടില്ലാത്ത ഇവരിൽ ശിക്ഷാ നടപടി എടുക്കുന്നതിനുണ്ടോ വല്ല മുടക്കവും ?!

വിഭാഗം - 6

۞ قُلْ إِنَّمَآ أَعِظُكُم بِوَٰحِدَةٍ ۖ أَن تَقُومُوا۟ لِلَّهِ مَثْنَىٰ وَفُرَٰدَىٰ ثُمَّ تَتَفَكَّرُوا۟ ۚ مَا بِصَاحِبِكُم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ لَّكُم بَيْنَ يَدَىْ عَذَابٍ شَدِيدٍ ﴿٤٦﴾

﴿46﴾ (നബിയേ) പറയുക : ഒരൊറ്റ കാര്യം മാത്രം ഞാൻ നിങ്ങളെ ഉപദേശിക്കുന്നു : നിങ്ങൾ അല്ലാഹുവിനു വേണ്ടി, ഈരണ്ടാളായും, ഓരോരുത്തരായും എഴുന്നേൽക്കുക [തയ്യാറാവുക] : പിന്നെ നിങ്ങൾ ചിന്തിച്ചു നോക്കുക (ഇത്രമാത്രം).

നിങ്ങളുടെ സുഹൃത്തിന് യാതൊരു ഭ്രാന്തുമില്ല ; കഠിനമായ ഒരു ശിക്ഷയുടെ മുമ്പിൽ അദ്ദേഹം നിങ്ങൾക്കൊരു താക്കീതുകാരനാണെന്നല്ലാതെ (മറ്റൊന്നും)അല്ല.

قُلْ مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٤٧﴾

﴿47﴾ പറയുക : ഞാൻ നിങ്ങളോട് പ്രതിഫലമായി വല്ലതും ചോദിക്കുന്ന പക്ഷം അത് നിങ്ങൾക്കുവേണ്ടിയാകുന്നു. എന്റെ പ്രതിഫലം അല്ലാഹുവിന്റെ മേൽ അല്ലാതെ (ബാധ്യത) ഇല്ല. അവൻ എല്ലാ കാര്യത്തിനും സാക്ഷ്യം വഹിക്കുന്നവനുമാകുന്നു.

﴿46﴾ قُلْ നീ പറയുക إِنَّمَا أَعِظُكُمْ നിശ്ചയമായും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു(ള്ളൂ) بِوَاحِدَةٍ ഒറ്റകാര്യം(മാത്രം) أَنْ تَقُومُوا നിങ്ങൾ എഴുന്നേൽക്കണ(തയ്യാറാകണ)മെന്ന് لِلَّهِ അല്ലാഹുവിന് വേണ്ടി مَثْنَى ഈരണ്ടാളായിട്ട് وَفُرَادَى ഓരോരുത്തരായിട്ടും ثُمَّ تَتَفَكَّرُوا പിന്നെ നിങ്ങൾ ചിന്തിക്കുക مَا بِصَاحِبِكُمْ നിങ്ങളുടെ ആളിൽ (സുഹൃത്തിൽ, ചങ്ങാതിയിൽ)ഇല്ല مِنْ جِنَّةٍ യാതൊരു ഭ്രാന്തും إِنْ هُوَ അദ്ദേഹമല്ല إِلَّا نَذِيرٌ ഒരു താക്കീതുകാരനല്ലാതെ لَكُمْ നിങ്ങൾക്കു بَيْنَ يَدَيْ عَذَابٍ ഒരു ശിക്ഷയുടെ മുമ്പിൽ شَدِيدٍ കഠിനമായ ﴿47﴾ قُلْ നീ പറയുക مَا سَأَلْتُكُمْ ഞാൻ നിങ്ങളോട് എന്തുചോദിച്ചുവോ (വല്ലതും ചോദിച്ചാൽ) مِنْ أَجْرٍ പ്രതിഫലമായിട്ട് فَهُوَ لَكُمْ എന്നാലതുനിങ്ങൾക്ക്വേണ്ടിയാണ് إِنْ أَجْرِيَ എന്റെ പ്രതിഫലമല്ല إِلَّا عَلَى اللَّهِ അല്ലാഹുവിന്റെ പേരിലല്ലാതെ وَهُوَ അവൻ عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിന്റെ മേലും شَهِيدٌ സാക്ഷ്യം വഹിക്കുന്നവനാണ്, സന്നദ്ധനാണ്.

എത്ര മഹത്തായ ഉപദേശം : ബുദ്ധിയും മനസ്സാക്ഷിയുമുള്ള ഏതൊരാൾക്കും നിരസിക്കാനാവാത്ത ഉപദേശം ! മനുഷ്യസ്രഷ്ടാവ്-മനുഷ്യന്റെ മനസ്സാക്ഷിയെയും, മനഃശ്ശാസ്ത്രത്തെയും കുറിച്ച് സസൂക്ഷ്മം അറിയുന്ന അല്ലാഹു-അവതരിപ്പിച്ച ഈ പ്രമേയം അസ്വീ

കാര്യമായിക്കാണുന്നവൻ നിശ്ചയമായും ഭാഗ്യം കെട്ടവൻ തന്നെ. ബുദ്ധിശൂന്യമോ, മനസ്സാക്ഷി പണയപ്പെട്ടവനോ അല്ലാത്ത ആർക്കും ഇതവഗണിക്കുക സാധ്യമല്ല.

ഒരാൾ ഒരു കാര്യത്തെക്കുറിച്ച് തുറന്ന ഹൃദയത്തോടെ സ്വയം ചിന്തിക്കുന്ന പക്ഷം അവന്റെ മനസ്സാക്ഷി അവന് നേർവഴി ചൂണ്ടിക്കാട്ടാതിരിക്കുകയില്ല. പരസ്പരം ഗുണകാംക്ഷികളായ രണ്ടു സ്നേഹിതൻമാർ ചേർന്നു ആത്മാർത്ഥതയോടെ അഭിപ്രായം കൈമാറിക്കൊണ്ട് ചർച്ച നടത്തുമ്പോഴും അവർ തങ്ങളുടെ കാര്യത്തിൽ ഒരു നല്ല തീരുമാനത്തിൽ എത്തിച്ചേരും. പക്ഷേ, കൂടുതൽ ആളുകൾ ചേർന്ന് സത്യാന്വേഷണം നടത്തുമ്പോൾ അത് സ്വസ്ഥതക്കും, കാര്യക്ഷമമായി ചിന്തിക്കുന്നതിനും ഭംഗം വരുത്തിയേക്കും. ചിന്താഗതി ചിതറിപ്പോകുവാനും, പരപ്രേരണകൾ രംഗപ്രവേശം ചെയ്വാനും, പക്ഷപാതപരമായ സമീപനങ്ങൾ ഉടലെടുക്കുവാനും അത് കാരണമാകുകയും ചെയ്യും. ആശയക്കുഴപ്പത്തിനും കക്ഷിവഴക്കുകൾക്കും പാത്രമായിട്ടുള്ള വിഷയങ്ങളെക്കുറിച്ച് സത്യാന്വേഷണം നടത്തുവാനും, തർക്കശാസ്ത്രത്തിന്റെയോ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെയോ നിർബ്ബന്ധത്തിന് വിധേയമാകാത്ത തീരുമാനം കണ്ടെത്തുവാനും ഏറ്റവും ഉപയുക്തമായ മാർഗമത്രെ സ്വകാര്യ വിചിന്തനം. ഈ തത്വം അടിസ്ഥാനമാക്കിയാണ് ഇമാം ശാഫീ(റ) പറഞ്ഞത് : ഒരാൾ തന്റെ സഹോദരനെ സ്വകാര്യമായി ഉപദേശിക്കുന്ന പക്ഷം, അവൻ അവനെ അലങ്കരിക്കുകയായിരിക്കും. ഒരാൾ തന്റെ സഹോദരനെ പരസ്യമായി ഉപദേശിക്കുന്ന പക്ഷം, അവൻ അവനെ വികലപ്പെടുത്തുകയായിരിക്കും (من نصح اخاه سرافقدزانه ومن نصح اخاه جهرا فقد شانه)

നബി ﷺ തിരുമേനിയുടെ ഇതപര്യന്തമുള്ള എല്ലാ ചരിത്രവും അവർക്കറിയാം. നാട്ടിലെ ജനങ്ങളുടെ എല്ലാ ശോച്യാവസ്ഥയും അവർ കണ്ടുകൊണ്ടിരിക്കുന്നു. നബി പ്രബോധനം ചെയ്തുവരുന്ന തത്വങ്ങളാകട്ടെ, അങ്ങേയറ്റം പ്രായോഗികവും, സനാതനവും. എന്നിരിക്കെ, ആത്മാർത്ഥതയോടും, നിഷ്കളങ്ക ഹൃദയത്തോടും കൂടി-ഓരോരുത്തൻ സ്വന്തമായോ, മറ്റൊരുവനോട് കൂട്ടുചേർന്നോ-അൽപം ചിന്തിച്ചു നോക്കുകയേ വേണ്ടതുള്ളൂ. എന്നാലവർക്ക് നബിയുടെ സത്യാവസ്ഥ ബോധ്യപ്പെടാതിരിക്കുകയില്ല. അതുകൊണ്ട് അതിന് തയ്യാറാകുവാൻ അവരെ ഉപദേശിക്കണമെന്നും, എന്തെങ്കിലും സ്വാർത്ഥോദ്ദേശ്യത്തോട്കൂടിയല്ല ഈ പ്രബോധന കൃത്യം നിർവ്വഹിക്കുന്നത്-അവരുടെ ഗുണത്തെമാത്രം ഉദ്ദേശിച്ചാണ്-എന്ന വസ്തുത അവരെ ഓർമിപ്പിക്കണമെന്നും നബി ﷺ യോടു കൽപിക്കയാണ്. ആശയക്കുഴപ്പം നേരിടുന്ന വിഷയങ്ങളിൽ മനസ്സമാധാനം കൈവരുന്നതിന് ആത്മാർത്ഥതയോടുകൂടി സ്വതന്ത്രമായും സ്വസ്ഥമായും സ്വയം ചിന്തിക്കേണ്ടതുണ്ടെന്നും, ഉപദേഷ്ടാക്കളായ ആളുകൾ നിസ്വാർത്ഥരായിരിക്കേണ്ടതുണ്ടെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. والله الموفق

قُلْ إِنَّ رَبِّى يَقْذِفُ بِٱلْحَقِّ عَلَّٰمُ ٱلْغُيُوبِ ﴿٤٨﴾

《48》 പറയുക : നിശ്ചയമായും എന്റെ റബ്ബ് യഥാർത്ഥത്തെ ഇട്ടുതരുന്നു : (അവൻ) അദൃശ്യങ്ങളെ നന്നായറിയുന്നവനാണ്.

قُلْ جَآءَ ٱلْحَقُّ وَمَا يُبْدِئُ ٱلْبَٰطِلُ وَمَا يُعِيدُ ﴿٤٩﴾

《49》 പറയുക : യഥാർത്ഥം വന്നു (കഴിഞ്ഞു) നിരർത്ഥമായത് തുടക്കമുണ്ടാക്കുകയുമില്ല. ആവർത്തനം ചെയ്കയുമില്ല.

﴾48﴿ قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَقْذِفُ ഇടുന്നു, എറിയുന്നു بِالْحَقِّ യഥാർത്ഥത്തെ, യഥാർത്ഥംകൊണ്ട് عَلَّامُ الْغُيُوبِ അദൃശ്യങ്ങളെ നന്നായറിയുന്നവനാണ് ﴾49﴿ قُلْ നീ പറയുക جَاءَ الْحَقُّ യഥാർത്ഥം(സത്യം)വന്നു وَمَا يُبْدِئُ തുടക്കമുണ്ടാക്കുക(തുടങ്ങിവെക്കുക)യില്ല الْبَاطِلُ നിരർത്ഥം, അയഥാർത്ഥം وَمَا يُعِيدُ അത് ആവർത്തനമുണ്ടാക്കുക(ആവർത്തിക്ക)യുമില്ല.

ഹക്ക് (الحق) എന്ന പദത്തിന് സന്ദർഭമനുസരിച്ച് സത്യം, ന്യായം, പരമാർത്ഥം, യഥാർത്ഥം, മുറ, ശരിയായത്, ധർമ്മം, കടമ, അവകാശം, അധികാരം, കാര്യം, വാസ്തവം, വേണ്ടപ്പെട്ടത് എന്നൊക്കെ അർത്ഥം വരുന്നതാണ്. ഇതിന്റെ വിപരീതാർത്ഥങ്ങളിൽ വരുന്ന പദമത്രെ ബാത്വിൽ (الباطل)

യഥാർത്ഥത്തെ ഇട്ടുതരുന്നു-അഥവാ എറിഞ്ഞുകൊടുക്കുന്നു (يقذف بالحق) എന്ന് പറഞ്ഞതിന്റെ താൽപര്യം, അല്ലാഹു നബിﷺക്കു സത്യയാഥാർത്ഥ്യങ്ങളെ വഹ്‌യ്മൂലം എത്തിച്ചുകൊടുക്കുന്നു എന്നത്രെ. ഈ വാക്യത്തിന് യഥാർത്ഥംകൊണ്ട് എറിയുന്നു എന്നും അർത്ഥം വരാവുന്നതാണ്. അപ്പോൾ-സൂ: അൻബിയാഉ് 18-ൽ കാണുന്നത്പോലെ - സത്യമായുള്ളതുകൊണ്ട് അസത്യമായതിനെ എറിഞ്ഞുതകർക്കുന്നു എന്നായിരിക്കും ഉദ്ദേശ്യം. ആദ്യത്തെ വചനത്തിലെ ആശയം ബലപ്പെടുത്തുകയാണ് രണ്ടാമത്തെ വചനം ചെയ്യുന്നത്. അതായത്, സത്യം-അഥവാ ഇസ്‌ലാമിക വ്യവസ്ഥ-വന്നു കഴിഞ്ഞു. അസത്യത്തിന് എനി തലപൊക്കുവാനും, നിലനിൽക്കുവാനും സാധ്യതയില്ല എന്ന് സാരം. ഈ അർത്ഥത്തിൽ സാധാരണ ഉപയോഗിക്കാറുള്ള ഒരു നീതി വാക്യം കൂടിയാണ് وما يبدئ الباطل وما يعيد എന്ന വാചകം.

قُلْ إِن ضَلَلْتُ فَإِنَّمَآ أَضِلُّ عَلَىٰ نَفْسِى ۖ وَإِنِ ٱهْتَدَيْتُ فَبِمَا يُوحِىٓ إِلَىَّ رَبِّىٓ ۚ إِنَّهُۥ سَمِيعٌ قَرِيبٌ ﴿٥٠﴾

﴾50﴿ പറയുക : ഞാൻ വഴിപിഴച്ചിട്ടുണ്ടെങ്കിൽ, എന്റെ പേരിൽ (ദോഷം വരുത്തി) തന്നെയാണ് ഞാൻ വഴി പിഴക്കുന്നത്. ഞാൻ നേർമാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ (അത്) എന്റെ റബ്ബ് എനിക്ക് വഹ്‌യ് നൽകുന്നത് കൊണ്ടുമാണ്. നിശ്ചയമായും അവൻ കേൾക്കുന്നവനാണ് ; സമീപസ്ഥനാണ്.

﴾50﴿ قُلْ നീ പറയുക إِن ضَلَلْتُ ഞാൻ വഴി പിഴച്ചെങ്കിൽ فَإِنَّمَا أَضِلُّ എന്നാൽ നിശ്ചയമായും ഞാൻ വഴിപിഴക്കുന്നു عَلَىٰ نَفْسِي എന്റെ പേരിൽ(മാത്രം) وَإِنِ اهْتَدَيْتُ ഞാൻ നേർമാർഗം പ്രാപിച്ചെങ്കിൽ فَبِمَا يُوحِي എന്നാൽ വഹ്‌യ്(ബോധനം)നൽകുന്നതുകൊണ്ടുമാണ് إِلَيَّ എനിക്ക് رَبِّي എന്റെ റബ്ബ് إِنَّهُ سَمِيعٌ നിശ്ചയമായും അവൻ കേൾക്കുന്നവനാണ് قَرِيبٌ സമീപസ്ഥനാണ്, അടുത്തവനാണ്.

നബി ﷺയുടെ മാർഗം ശരിയാണോ തെറ്റാണോ എന്ന സംശയത്തോടുകൂടിയുള്ള ഒരു പ്രസ്താവനയല്ല-സത്യനിഷേധികളെ ചിന്തിപ്പിക്കുവാനും, ആകർഷിക്കുവാനും വേണ്ടി

യുള്ള ഒരു സമീപന നയമാണ്-ഇത്. നബി ﷺ പാപങ്ങളിൽ നിന്നു സുരക്ഷിതനായിരിക്കെ, എന്റെ തിൻമകൾക്ക് ഞാൻ തന്നെ ഉത്തരവാദിയാണെന്നും, എന്റെ നൻമകൾ അല്ലാഹുവിന്റെ സഹായത്താൽ ലഭിക്കുന്നതാണെന്നും പ്രഖ്യാപിക്കുവാൻ നബിയോട് കൽപിച്ചിരിക്കുന്നത് നാം പ്രത്യേകം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാകുന്നു.

وَلَوْ تَرَىٰٓ إِذْ فَزِعُوا۟ فَلَا فَوْتَ وَأُخِذُوا۟ مِن مَّكَانٍ قَرِيبٍ ﴿٥١﴾

﴾51﴿ അവർ പേടിച്ചു നടുങ്ങുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (ഹാ, ഭയങ്കരം തന്നെ)! അപ്പോൾ പിടിയിൽപെടാതെ) ഒഴിവാകലേ ഇല്ല. സമീപസ്ഥലത്തുനിന്നുതന്നെ അവർ പിടിക്കപ്പെടുകയും ചെയ്യും.

﴾51﴿ وَلَوْ تَرَىٰ നീ കാണുകയാണെങ്കിൽ, കണ്ടിരുന്നെങ്കിൽ إِذْفَزِعُوا അവർ പേടിച്ചു നടുങ്ങുമ്പോൾ فَلَافَوْتَ അപ്പോൾ ഒഴിവാകൽ(പാഴാകൽ)ഇല്ല وَأُخِذُوا അവർ പിടിക്കപ്പെടുകയും ചെയ്യും مِنْ مَكَانٍ ഒരു സ്ഥലത്തുനിന്ന് قَرِيبٍ അടുത്ത, സമീപമായ

ഇപ്പോൾ എത്ര കേമൻമാരും, ധീരന്മാരുമാണെങ്കിലും ആ അവിശ്വാസികൾ പരലോകത്തെത്തുമ്പോൾ അങ്ങേയറ്റം ഭയവിഹ്വലരായിരിക്കും. രക്ഷപ്പെടുവാൻ ഒരു മാർഗവും അവർക്കില്ല. ഓടിപ്പോകുവാൻ അവർ ശ്രമിച്ചേക്കും, പക്ഷേ, സ്ഥലംവിടാൻ അനുവദിക്കാതെ നിന്നിടത്തുവെച്ചുതന്നെ അവരെ പിടികൂടും.

وَقَالُوٓا۟ ءَامَنَّا بِهِۦ وَأَنَّىٰ لَهُمُ ٱلتَّنَاوُشُ مِن مَّكَانٍۭ بَعِيدٍ ﴿٥٢﴾

﴾52﴿ അവർ(അപ്പോൾ) പറയുകയും ചെയ്യും : 'ഞങ്ങൾ അതിൽ വിശ്വസിച്ചു' എന്ന് (പ്രാപ്യമല്ലാത്ത) വിദൂര സ്ഥലത്തു നിന്ന് എങ്ങിനെയാണ് അവർക്ക് (വേഗത്തിൽ) കരസ്ഥമാകൽ ?

﴾52﴿ وَقَالُوا അവർ പറയുകയും ചെയ്യും آمَنَّابِهِ ഞങ്ങൾ അതിൽ (അദ്ദേഹത്തിൽ) വിശ്വസിച്ചു وَأَنَّىٰ لَهُمُ എങ്ങിനെയാണ്(എവിടെനിന്നാണ്)അവർക്ക് التَّنَاوُشُ കരസ്ഥമാകൽ, കയ്പറ്റൽ, കിട്ടൽ مِنْ مَكَانٍ ഒരു സ്ഥലത്തുനിന്ന് بَعِيدٍ വിദൂരമായ, അകന്ന

وَقَدْ كَفَرُوا۟ بِهِۦ مِن قَبْلُ ۖ وَيَقْذِفُونَ بِٱلْغَيْبِ مِن مَّكَانٍۭ بَعِيدٍ ﴿٥٣﴾

﴾53﴿ അവർ മുമ്പ് അതിൽ അവിശ്വസിച്ചിരിക്കയാണല്ലോ ! വിദൂരസ്ഥലത്തു നിന്ന് അവർ കാണാതെ (ഊഹാസ്ത്രം) എറിയുകയും ചെയ്തിരുന്നു

《53》 وَقَدْ كَفَرُوا അവർ വിശ്വസിച്ചിട്ടുണ്ട്, അവിശ്വസിച്ചിരിക്കെ بِهِۦ അതിൽ, അദ്ദേഹത്തിൽ مِن قَبْلُ മുമ്പ് وَيَقْذِفُونَ അവർ എറിയുകയും (ആരോപിക്കയും)ചെയ്തിരുന്നു بِٱلْغَيْبِ അദൃശ്യത്തിൽ(കാണാതെ, ഊഹിച്ചുകൊണ്ട്) مِن مَّكَانٍ بَعِيدٍ വിദൂരസ്ഥലത്തുനിന്ന്.

വിശ്വസിക്കേണ്ടുന്ന സമയമെല്ലാം അവർ പാഴാക്കിക്കളഞ്ഞു. എന്നിട്ട് ഇപ്പോൾ ശിക്ഷ കൺമുമ്പിൽ കണ്ടപ്പോൾ ഞങ്ങൾ വിശ്വസിച്ചുവെന്നു പറയുന്നു. വിശ്വസിക്കുവാനുള്ള സന്ദർഭം എനി പ്രാപിക്കാനാവാത്ത വിധം ദൂരപ്പെട്ടുപോയിരിക്കുന്നു. ഈ അവസരത്തിൽ എങ്ങിനെയാണ് ഇത്രവേഗം അവർക്ക് വിശ്വാസം ഉണ്ടായിത്തീർന്നത് ?! ഇതേവരെ അതിനെക്കുറിച്ച് ചിന്തിക്കുകയോ, അതിനെ സമീപിച്ചുനോക്കുകയോ അവർ ചെയ്തില്ല. അങ്ങകലെ നിന്ന് വെറും ഊഹത്തെ അടിസ്ഥാനമാക്കി ആരോപണങ്ങൾ ഉന്നയിക്കുകയും, ആക്ഷേപത്തിന്റെ ശരവർഷം പൊഴിക്കുകയുമാണവർ ചെയ്തിരുന്നത്. ജാലമാണ്, ഭ്രാന്താണ്, തനി വ്യാജമാണ് എന്നൊക്കെ പറഞ്ഞു കാലം കഴിക്കുകയാണല്ലോ അവർ ചെയ്തത്. എന്നു സാരം.

അതിൽ വിശ്വസിച്ചു(آمنا به) എന്നും അതിൽ അവിശ്വസിച്ചു(كفروا به) എന്നും പറഞ്ഞതിലുള്ള സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം നബി ﷺ പ്രബോധനം ചെയ്ത സത്യയാഥാർത്ഥ്യം (الحق)ആകുന്നു. ഒരു പക്ഷേ, അത് നബി ﷺയെ ഉദ്ദേശിച്ചായിരിക്കുവാനും സാധ്യതയുണ്ട്. അപ്പോൾ به എന്നതിനു രണ്ടിടത്തും അദ്ദേഹത്തിൽ എന്ന് അർത്ഥം കൊടുക്കണം

وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ كَمَا فُعِلَ بِأَشْيَاعِهِم مِّن قَبْلُ ۚ إِنَّهُمْ كَانُوا۟ فِى شَكٍّ مُّرِيبٍۭ ﴿٥٤﴾

《54》 അവരുടെയും, അവർ ഇച്ഛിക്കുന്നതിന്റെയും ഇടയിൽ മറ ഇടപ്പെടും തടസ്സം നേരിടും ; മുമ്പുണ്ടായിരുന്ന അവരുടെ കക്ഷികളെക്കൊണ്ട് ചെയ്യപ്പെട്ടതുപോലെ (ത്തന്നെ), (കാരണം) നിശ്ചയമായും അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന സംശയത്തിലായിരുന്നു.

《54》 وَحِيلَ മറയിടപ്പെടും, (തടയപ്പെടും) بَيْنَهُمْ അവർക്കിടയിൽ وَبَيْنَ مَا يَشْتَهُونَ അവർ ഇച്ഛിക്കുന്നതിനിടയിലും كَمَا فُعِلَ ചെയ്യപ്പെട്ടതുപോലെ بِأَشْيَاعِهِم അവരുടെ കക്ഷികളെക്കൊണ്ട് مِن قَبْلُ മുമ്പ്, മുമ്പുള്ള إِنَّهُمْ كَانُوا നിശ്ചയമായും അവരായിരുന്നു فِي شَكٍّ സംശയത്തിൽ مُرِيبٍ ആശയക്കുഴപ്പമുണ്ടാക്കുന്ന, സന്ദേഹകരമായ

എനി അവർ എന്തുതന്നെ ഇച്ഛിച്ചിട്ടും ഫലമില്ല. മുമ്പ് ഇവരെപ്പോലെ അവിശ്വാസികളായി ജീവിച്ചിരുന്ന എല്ലാ വിഭാഗക്കാരിലും എടുക്കുന്ന അതേ ശിക്ഷാനടപടി ഇവരിലും നടത്തപ്പെടും. കാരണം, സത്യത്തിൽ വിശ്വസിക്കാതെ, ആശയക്കുഴപ്പവും സംശയവുമായി തങ്ങളുടെ ജീവിതകാലം അവർ പാഴാക്കിയതുതന്നെ.

والله الموفق والمعين وله الحمد

[التسويد قبيل ظهر يوم الثلثاء ٢٨ ربيع الأخر ١٣٨١ هـ الموافق ١٠ /١٠ /٦١ م
والتبييض مساء يوم الإثنين ١١ صفر ١٣٨٩ – الموافق ٢٨/ ٤ /٦٩ م]

വ്യാഖ്യാനക്കുറിപ്പ്:

സുലൈമാൻ നബി (അ)യുടെ മരണവാർത്തയെപ്പറ്റി ക്വുർആന്റെ പ്രസ്താവനയും തൽപര കക്ഷികളുടെ വ്യാഖ്യാനവും

സ്വന്തം ആശയങ്ങൾക്ക് യോജിച്ചു കാണാത്ത ക്വുർആൻ വാക്യങ്ങൾക്ക് പുത്തൻ വ്യാഖ്യാനങ്ങൾ കണ്ടുപിടിച്ചു പ്രചരിപ്പിക്കുക പതിവാക്കിയവരുടെ പല ദുർവ്യാഖ്യാനങ്ങളെക്കുറിച്ചും നാം ഇതിനുമുമ്പ് നിരൂപണം നടത്തുകയുണ്ടായി. സുലൈമാൻ (അ), അദ്ദേഹത്തിന്റെ പിതാവായ ദാവൂദ് (അ) എന്നീ നബിമാരെ സംബന്ധിച്ചുള്ള ക്വുർആന്റെ പല പ്രസ്താവനകളും ഇവരുടെ പുതിയ വ്യാഖ്യാനങ്ങൾക്ക് പ്രത്യേകം കാരണമായിട്ടുണ്ട്. അതിലൊന്നാണ് സുലൈമാൻ നബി (അ)യുടെ മരണ വൃത്താന്തത്തെക്കുറിച്ച് സൂ:സബഉ് 14-ാം വചനത്തിൽ അല്ലാഹു ചെയ്ത പ്രസ്താവനയും, ഈ വചനത്തിന്റെ അർത്ഥവ്യാഖ്യാനങ്ങളിൽ ഇവർ ചെയ്ത പല ക്രമക്കേടുകളും ചൂണ്ടിക്കാട്ടുകയും, അത്തരം വ്യാഖ്യാനങ്ങൾ വഴി ആശയക്കുഴപ്പത്തിലായവർക്ക് യാഥാർത്ഥ്യം മനസ്സിലാക്കുകയുമാണ് ഈ കുറിപ്പു കൊണ്ടുദ്ദേശ്യം. والله الموفق

സൂ: സബഇലെ പ്രസ്തുത വചനം ഇതാണ് :-

فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِ إِلَّا دَابَّةُ الْأَرْضِ تَأْكُلُ مِنسَأَتَهُ فَلَمَّا خَرَّ تَبَيَّنَتِ الْجِنُّ أَن لَّوْ كَانُوا يَعْلَمُونَ الْغَيْبَ مَا لَبِثُوا فِي الْعَذَابِ الْمُهِينِ

(അങ്ങനെ, അദ്ദേഹത്തിന്റെ - സുലൈമാന്റെ- മേൽ നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടിതിന്നു (നശിപ്പിച്ചു)കൊണ്ടിരുന്ന ചിതൽജീവിയല്ലാതെ (മറ്റാരും) അവർക്ക് അറിവു നൽകുകയുണ്ടായില്ല. എന്നിട്ട് അദ്ദേഹം നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് വ്യക്തമായി ; തങ്ങൾക്ക് അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ ഈ നിന്ദ്യമായ ശിക്ഷയിൽ തങ്ങൾ കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നില്ല എന്ന്)

ഈ ആയത്തിന്റെ നേർക്കുനേരെയുള്ളതും, ക്വുർആൻ വ്യാഖ്യാതാക്കൾ നാളിതുവരെ സ്വീകരിച്ചുവന്നതുമായ വ്യാഖ്യാനം യഥാസ്ഥലത്ത് നാം വിവരിച്ചിട്ടുണ്ട്. ആയത്തിന്റെ ആദ്യഭാഗത്തിന് പുതിയ വ്യാഖ്യാനക്കാർ സ്വീകരിച്ച അർത്ഥം : അങ്ങനെ അദ്ദേഹത്തിന്റെ പേരിൽ നാം മരണം വിധിച്ചപ്പോൾ, ഭൂമിയിലെ ഒരു ജീവിമാത്രമാണ് അദ്ദേഹത്തിന്റെ മരണം അവരെ അറിയിച്ചത്. ആ ജീവി അദ്ദേഹത്തിന്റെ രാജദണ്ഡു തിന്നുകയായിരുന്നു. എന്നാണ് ഇവർ നൽകുന്ന വ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ബൈബ്ളിൽ (1. രാജാക്കൾ, അ: 112) പറഞ്ഞതുപോലെ സുലൈമാൻ (അ)ന്റെ മകൻ അദ്ദേഹത്തിനുശേഷം രംഗത്തുവരികയും, ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായിത്തീരുകയും ചെയ്തു. ഇസ്രാഈല്യ, യഹൂദ്യാ എന്നിങ്ങിനെ രാഷ്ട്രം രണ്ടായി പിരിഞ്ഞു. അങ്ങനെ, ആ ക്ഷേമ രാഷ്ട്രം ആ മകൻ താമസംവിനാ അധഃപതിപ്പിച്ചു. അതുവഴി, സുലൈമാൻ നബിയുടെ മരണം ജനങ്ങളെ അറിയിച്ചത് അവനാണ്, ഭൂമിയിലെ ഒരു ജീവി (دابة الأرض) എന്നു പറഞ്ഞത് ആ മകനെപ്പററിയാണ്. അല്ലാഹു വെറുപ്പോടെ പറഞ്ഞതാണ് ആ വാക്ക്. ഒരു തറവാട്ടിലെ അച്ചടക്കത്തെ ലംഘിക്കുന്ന അനന്തരാവകാശിയെക്കുറിച്ച് അതിലെ മുതിർന്ന അംഗങ്ങൾ തങ്ങളുടെ ബാപ്പ മരിച്ചത് അറിയിച്ചത് ഇവനാണ് എന്ന് പറയുംപോലെയുള്ള ഒരു പ്രയോഗമാണി

ത്. മിൻസഅത്ത് (منسأة) എന്നാൽ 'ദണ്ഡ്' അഥവാ 'ചെങ്കോൽ' എന്നാണർത്ഥം ചെങ്കോൽ ധരിക്കുക എന്ന് പറഞ്ഞാൽ രാജത്വം കൊടുക്കുക എന്നാണല്ലോ ഉദ്ദേശ്യം. അതുപോലെ സുലൈമാൻ നബി(അ) മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ രാജദണ്ഡ് അഥവാ രാജത്വം നശിപ്പിച്ചത് ഭൂമിയിലെ ഒരു അധമ ജീവിയാണ്. ആ മകനാണ്) അഥവാ അദ്ദേഹം മരിച്ചത് കൊണ്ടുണ്ടായ മാറ്റം അറിയിച്ചത് അവനാണ്. ഇതാണ്. ഇവരുടെ വ്യാഖ്യാനത്തിന്റെ ചുരുക്കം.

ആയത്തിന്റെ ബാക്കി ഭാഗത്തിന് ഇവരുടെ അർത്ഥം : അങ്ങനെ, അദ്ദേഹം മരണമടഞ്ഞപ്പോൾ തങ്ങൾ അദൃശ്യകാര്യം അറിഞ്ഞിരുന്നെങ്കിൽ അപമാനകരമായ ശിക്ഷയിൽ (ഇത്രയും കാലം) ജീവിക്കേണ്ടിവരികയില്ലായിരുന്നുവെന്ന് ജിന്നുകൾക്ക് വ്യക്തമായി. എന്നാണ് ഇതിന് നൽകുന്ന വിവരണത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ഫലസ്തീൻ കടുത്ത പോക്കിരികളുടെയും, ധിക്കാരികളുടെയും നാടാണ്. സുലൈമാൻ നബി(അ) അവരെ കർശനമായി നിയന്ത്രിച്ചു. പാകത വിട്ടവരെ ചങ്ങലയിട്ടും മറ്റും ശിക്ഷിച്ചു. കുറെയൊക്കെ പാകതയുള്ളവരെക്കൊണ്ട് കഠിന ജോലികൾ ചെയ്യിച്ചു. ആ മുരട്ടുജീവികൾക്ക് ചാടിപ്പോകാനും ഭയമായി. അദ്ദേഹം മരിച്ചപ്പോൾ അവർക്കൊരു ഖേദം : ഇദ്ദേഹം ഇന്ന സമയത്ത് മരിക്കുമെന്നറിഞ്ഞെങ്കിൽ അതിന്ന് അൽപം മുമ്പ് നമുക്ക് ചാടിപ്പോകാമായിരുന്നു. എന്നാൽ, നമ്മെ തിരിച്ചുകൊണ്ടുവരാൻ സാധ്യമല്ലല്ലോ. പിന്നീടുള്ളത് മകനാണ്. അവനെപ്പറ്റി നമുക്കറിയാവുന്നതാണ്. (മരണമടഞ്ഞു എന്ന് അർത്ഥംകൊടുത്ത) خر എന്ന പദത്തിന് മരിച്ചു എന്നും വീണു എന്നും അർത്ഥമുണ്ട്. വീണു എന്ന അർത്ഥം കൽപിച്ചതുകൊണ്ടാണ് വടി ചിതൽതിന്നു എന്നും മറ്റും പറയേണ്ടിവന്നതും കഥ കെട്ടിയുണ്ടാക്കേണ്ടി വന്നതും (*) ഇവർ വളരെയേറെ നീട്ടിവലിച്ചു പ്രസ്താവിച്ചിട്ടുള്ളതിന്റെ ചുരുക്കമാണിത്.

തങ്ങളുടെ അഭിപ്രായം ശരിവെച്ച ഒരു പണ്ഡിതന്റെയൊ, ഗ്രന്ഥത്തിന്റെയോ പേർ ഇവർ കണ്ടെത്തിയതായി കാണുന്നില്ല. എങ്കിലും-പലപ്പോഴും ഇവർ ചെയ്യാറുള്ളതുപോലെ -ഒരു വ്യഥാ ശ്രമം ഇവിടെയും നടത്തിനോക്കാതിരുന്നിട്ടില്ല. മഹാനായ ഇബ്നു കഥീർ (റ) തങ്ങളുടെ അഭിപ്രായക്കാരനാണെന്ന് വരുത്തുവാൻ ഇവർ ഒരു ചെപ്പിടിവിദ്യ നടത്തിയിരിക്കുന്നു : ഇബ്നു കഥീറിനെക്കൊണ്ട് ചിലപ്പോൾ വളരെ കാര്യമുണ്ട്, അദ്ദേഹം ഒരു ഹദീഥു പണ്ഡിതനും കൂടിയാണ്. സുലൈമാൻ നബിയുടെ മരണം സംബന്ധിച്ച കഥ സ്വീകാര്യമല്ലെന്നു അദ്ദേഹം തന്റെ തഫ്സീറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കഥ നബി പറഞ്ഞതായിട്ടാണ് ഉദ്ധരിച്ചുകാണുന്നതെന്നും, പക്ഷേ, അത് 'മുൻകറും, ഗരീബു'മാണെന്നും അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ഇത് വലിയ ആശ്വാസം തന്നെ എന്ന് ഇവർ പ്രസ്താവിക്കുന്നു. ആയത്തിലെ വാക്കുകളുടെ അർത്ഥം പരിശോധിക്കുന്നതിനു മുമ്പായി ആദ്യം ഇബ്നു കഥീർ (റ)നെപ്പറ്റി പറഞ്ഞ ഈ പ്രസ്താവന നമുക്കൊന്ന് പരിശോധിക്കാം :

മേലുദ്ധരിച്ച ഖുർആൻ വചനത്തെക്കുറിച്ച് തനിക്ക് പറയുവാനുള്ള വ്യാഖ്യാനം ഇബ്നു കഥീർ (റ) തന്റെ തഫ്സീറിൽ ആദ്യമേ വിവരിച്ചിട്ടുണ്ട്. നാലുവരിയോളം വരുന്ന അതിന്റെ സാരം ഇതാണ് : സുലൈമാൻ നബിയുടെ മരണം ഉണ്ടായതെങ്ങിനെയെന്നും, അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്ത ജിന്നുകൾക്ക് ആ വാർത്ത എങ്ങിനെയാണ് അല്ലാഹു അറിയാൻ കഴിയാതാക്കിയത് എന്നും ഈ ആയത്തിൽ അല്ലാഹു വിവരിക്കുന്നു. അതായത് : ഇബ്നു അബ്ബാസ്, മുജാഹിദ്, ഹസൻ, ഖത്താദഃ (റ) എന്നിവരും ഒന്നിലധികം ആളു

(*) സുലൈമാൻ നബി(അ) മരിച്ച വിവരം അറിഞ്ഞത് അദ്ദേഹത്തിന്റെ വടി ചിതൽ തിന്നറുത്തതുകൊണ്ടാണെന്നും മറ്റും പറയുന്നതാണ് കഥ കൊണ്ടുദ്ദേശ്യം.

കളും പറഞ്ഞിട്ടുള്ളതുപോലെ ഒരു കൊല്ലത്തോളം വരുന്ന ഒരു നീണ്ട കാലം അദ്ദേഹത്തിന്റെ വടിയുടെ-അതാണ് അദ്ദേഹത്തിന്റെ മിൻസത്ത് എന്നു പറഞ്ഞത്-മേൽ അദ്ദേഹം ഊന്നിപ്പിടിച്ചുകൊണ്ട് കഴിഞ്ഞുകൂടി. അങ്ങനെ ദാബ്ബത്തുൽഅർള് – അതായത് ചിതൽ – അത് തിന്നപ്പോൾ അത് ദുർബലമാകുകയും, അദ്ദേഹം ഭൂമിയിലേക്ക് വീഴുകയും, അദ്ദേഹം അതിന്റെ ഒരു നീണ്ട കാലം മുമ്പ് മരണപ്പെട്ടിരുന്നുവെന്നു അറിയപ്പെടുകയും ചെയ്തു. ജിന്നുകൾ ധരിച്ചു വശാകുകയും മനുഷ്യരെ അവർ ധരിപ്പിക്കുകയും ചെയ്തിരുന്നതുപോലെ, മറഞ്ഞ കാര്യങ്ങൾ തങ്ങൾക്ക് അറിയുകയില്ലെന്നും ജിന്നുകൾക്ക് -മനുഷ്യർക്കു തന്നെയും- വ്യക്തമാക്കുകയും ചെയ്തു. ഇതാണ് ഇബ്നു കഥീറിന്റെ വ്യാഖ്യാനവും അദ്ദേഹത്തിന്റെ വചനങ്ങളും.

തുടർന്നുകൊണ്ട് ഇബ്നു കഥീർ(റ) – അദ്ദേഹത്തിന്റെ പതിവു പ്രകാരം – ഈ വിഷയകമായി വന്ന ചില പ്രമാണങ്ങൾ ഉദ്ധരിക്കുകയും, അവയുടെ സ്വീകാര്യതയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു. ഒന്നാമതായി ഉദ്ധരിക്കുന്നത് ഇവർ ചൂണ്ടിക്കാട്ടിയ ആ ഹദീഥ്-നബി പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ട ഹദീഥു-തന്നെ, കുറെ അതിശയോക്തി കലർന്ന ആ ഹദീഥിന്റെ മുമ്പും പിമ്പും (ഇവർ ചൂണ്ടിക്കാട്ടിയതിനെക്കാൾ ശക്തിയായ ഭാഷയിൽ) അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഒരു പക്ഷേ, അത് മൗക്വൂഫ് (സ്വഹാബിയുടെ പ്രസ്താവന) ആയിരിക്കാമെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. രണ്ടാമതായി, ചില സ്വഹാബികളിൽ നിന്നു നിവേദനം ചെയ്യപ്പെട്ടതും, കൂടുതൽ അതിശയോക്തി കലർന്നതുമായ ഒരു രിവായത്താണദ്ദേഹം ഉദ്ധരിക്കുന്നത്. തുടർന്നുകൊണ്ട് ആ പ്രസ്താവന വേദക്കാരിൽ നിന്ന് കേട്ടതായിരിക്കുമെന്നും, യഥാർത്ഥത്തോടു യോജിച്ച ഭാഗമല്ലാതെ അതിൽനിന്നൊന്നും സ്വീകരിച്ചുകൂടാത്തതാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. അപ്പോൾ ഈ രണ്ട് പ്രമാണങ്ങളും വിശ്വാസയോഗ്യമല്ലെന്ന് അദ്ദേഹം നമുക്കു കാണിച്ചുതന്നു. ഒരു കാര്യം മറന്നുകൂടാ : ഒരു ഹദീഥോ രിവായത്തോ സ്വീകാര്യമല്ലെന്ന് പറയുമ്പോൾ, അതിൽ അതിശയോക്തി കലർന്നതും മറ്റും തെളിവുകളാൽ സ്ഥാപിതമായതുമായ ഭാഗം അവയിലുണ്ടെങ്കിൽ അതും തള്ളപ്പെടണമെന്നു അതിന് അർത്ഥമില്ലാത്തതാണ്.

മൂന്നാമതായി ഇബ്നു കഥീർ (റ) ഉദ്ധരിക്കുന്നത്, അബ്ദുറഹിമാനുബ്നു സൈദുബ്നു അസ്‌ലം(റ) പ്രസ്താവിച്ചതായി ഇബ്നുവഹാബും, അസ്ബഗും (اصبغ) ഉദ്ധരിച്ച രിവായത്താണ്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു ; സുലൈമാൻ (അ) ഒരു പളുങ്കുകൊട്ടാരമുണ്ടാക്കുവാൻ ജിന്നുകളോട് കൽപിച്ചിരുന്നു. അദ്ദേഹം അതിൽ വടി കുത്തിപ്പിടിച്ചുകൊണ്ട് നമസ്കാരത്തിന് നിന്നു. ആ നിലയിൽ അദ്ദേഹം മരണമടഞ്ഞു. ജിന്നുകൾ പതിവുപോലെ അവരവരുടെ ജോലിചെയ്തുകൊണ്ടിരുന്നു. അവർക്കു അദ്ദേഹത്തെ കാണാമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ വടി തിന്നറുക്കുവാൻ ചിതലിനെ നിയോഗിച്ചു. വടിക്ക് ബലക്ഷയം വന്നപ്പോൾ അദ്ദേഹം നിലംപതിച്ചു. അപ്പോഴാണ് ജിന്നുകൾ വിട്ടുപോയത്. ഇതിന്റെ നിവേദകൻമാരിൽ ഒരാളായ അസ്ബഗു പറയുകയാണ് : നിലംപതിക്കുന്നതിന് മുമ്പ് സുലൈമാൻ നബി (അ) ഒരു കൊല്ലം അങ്ങിനെ നിന്നിട്ടുണ്ടെന്ന് (ഇബ്നു സൈദു അല്ലാത്ത) മറ്റു ചിലരിൽ നിന്ന് എനിക്ക് വിവരം കിട്ടിയിരിക്കുന്നു. ഇതാണ് മൂന്നാമത്തെ ഉദ്ധരണി. ഇതിനെത്തുടർന്ന് ഇബ്നു കഥീർ(റ) ന്റെ വാചകം ഇതാണ് : والله أعلم وذكر غير واحد من السلف نحوامن هذا. (മുൻഗാമികളിൽ ഒന്നിലധികം ആളുകൾ ഏതാണ്ടിപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹുവിനറിയാം)

ചുരുക്കത്തിൽ, ഇബ്നു കഥീർ(റ) തന്റെ തഫ്സീറിൽ ആദ്യം തനിക്കു മേപ്പടി ആയ

ത്തിന്റെ വ്യാഖ്യാനമായി മനസ്സിലായത് ഇന്നതാണെന്ന് രേഖപ്പെടുത്തി. പിന്നീട് വിഷയത്തെ സംബന്ധിച്ച രണ്ടു ഉദ്ധരണികൾ ഉദ്ധരിക്കുകയും അവയെ വിമർശിക്കുകയും, അവ സ്വീകാര്യമല്ലെന്നു ചൂണ്ടിക്കാട്ടുകയും ചെയ്തു. അവസാനം, തന്റെ വ്യാഖ്യാനമായി താൻ ആദ്യം രേഖപ്പെടുത്തിയ അഭിപ്രായത്തോട് യോജിച്ച ഒരു രിവായത്തിനെ ശരിവെക്കുകയും അതുവഴി തന്റെ ആദ്യത്തെ സ്വന്തം പ്രസ്താവനയെ ഒന്നുകൂടി ബലപ്പെടുത്തുകയും ചെയ്തു. ഇതാണ് ഇബ്നു കഥീർ (റ) ചെയ്തത്. അദ്ദേഹം വടിയെ രാജദണ്ഡാക്കുകയും, ചിതലിനെ മനുഷ്യനാക്കുകയും ചെയ്തിട്ടില്ല, ജിന്നുകളെ പോക്കിരികളാക്കുകയും ചെയ്തിട്ടില്ല. മാത്രമല്ല, മിൻസത്തു എന്നാൽ വടിയാണെന്നും ദാബ്ബത്തുൽ അർദ്വ് എന്നാൽ, ചിതലാണെന്നും പ്രത്യേകം എടുത്തുപറയുകയും കൂടി ചെയ്തിരിക്കുകയാണ്. ഇബ്നു കഥീർ(റ) ഒരു പുത്തൻ വ്യാഖ്യാനക്കാരനാണെന്ന് വരുത്തിത്തീർക്കണമെന്ന വാശിയില്ലാത്തവർക്ക് ഇപ്പോൾ ഇവരുടെ കൃത്രിമം മനസ്സിലായിരിക്കുമെന്ന് കരുതുന്നു.

ഇബ്നു കഥീറിനെക്കൊണ്ട് ചിലപ്പോൾ ഉപകാരമുണ്ടെന്നും, അദ്ദേഹം ക്വുർആൻ വ്യാഖ്യാതാവും ഹദീഥ് പണ്ഡിതനും കൂടിയാണെന്നുമുള്ള ഇവരുടെ പ്രശംസ നാം കണ്ടുവല്ലൊ. അതു നാമും ഏറ്റു പറയുന്നു. കൂടാതെ, അദ്ദേഹം ക്വുർആന്റെയും ഹദീഥിന്റെയും ഉദ്ദേശ്യങ്ങളെ അന്യഥാവ്യാഖ്യാനിക്കാത്ത മഹാനും, സലഫുസ്സ്വാലിഹിന്റെ മാർഗം മുറുകെ പിടിക്കുന്ന ആളുംകൂടിയാണെന്നും നമുക്കു പറയാം. ഈ ആയത്തിന്റെ വിവരണത്തിൽ അദ്ദേഹവും, അദ്ദേഹത്തെപ്പോലെയുള്ള പല മഹാൻമാരും സ്വീകരിച്ച അതേനിലതന്നെ നാമും സ്വീകരിക്കുന്നു. അവർ പ്രസ്താവിച്ചുവെന്നുള്ളതല്ല കാരണം. ക്വുർആന്റെ വാക്യങ്ങളോട് അവരുടെ വ്യാഖ്യാനങ്ങൾ വ്യക്തമായി യോജിച്ചുകാണുന്നതും, അവർ സ്വന്തമായൊരഭിപ്രായം ആദ്യം സ്വരൂപിച്ചുവെച്ച ശേഷം ക്വുർആനെ അതിനോട് യോജിപ്പിക്കുവാൻ ശ്രമിക്കാറില്ലത്തതുമാണ് അതിനുകാരണം. എന്നാൽ, സുലൈമാൻ നബി(അ) മരണപ്പെട്ട ശേഷം ഒരു കൊല്ലത്തോളം വടി കുത്തിപ്പിടിച്ച നിലയിൽ നിന്നുവെന്നുള്ള കാല നിർണയത്തെ ശരിവെക്കുവാനോ നിഷേധിക്കുവാനോ മതിയായ തെളിവു നാം കാണുന്നുമില്ല. والله أعلم

എനി ആയത്തിലെ ചില വാക്കുകൾക്ക് ഇവർ കൽപിച്ച അർത്ഥങ്ങളെക്കുറിച്ച് നമുക്ക് പരിശോധിക്കാം. ഇവരുടെ വ്യാഖ്യാനത്തിന്റെ അച്ചുതണ്ട് മിൻസഅത്ത്, ദാബ്ബത്തുൽഅർദ്വ് (منسأة دابة الأرض) മുതലായ വാക്കുകളുടെ അർത്ഥങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. മിൻസഅത്ത് എന്ന പദത്തിന് വടി, ആട്ടിടയന്റെ വടി. ഇടയന്റെ കൈവശമുണ്ടാകുന്ന വലിയ വടി എന്നിങ്ങിനെയുള്ള അർത്ഥങ്ങളാണ് നിഘണ്ടുകളിലും മറ്റും കാണുന്നത് (*) 'രാജങ്ങ്ഡ' എന്നോ 'ചെങ്കോൽ' എന്നോ അർത്ഥം വരത്തക്ക ഒരു വാക്കും എവിടെയും കാണുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇവർ തന്നെ അതു തേടിപ്പിടിക്കുമായിരുന്നുവല്ലോ.

(*) ക്വാമൂസിൽ العصا (വടി)എന്നും മുൻജിദിൽ العصا العظيمة التى تكون مع الراعى എന്നും, മുഫ്റദാത്ത്-റാഗിബിൽ عصا ينسأبه الشيء اى يؤخر എന്നും, ഫറാഇദു-ദ്ദുർരിയ്യഃയിൽ Stick, Shepherd's staff എന്നും കാണാം. അറബിഭാഷാനിപുണനായ അബൂഉബൈദഃ المنسأ العصا مفعلة من نسأ اذا زجرت الأبل എന്നു പറഞ്ഞതായി ഫത്ഹുൽബാരിയിലും കാണാം. ഇമാം ബുഖാരി (باب واذكر عبدنا داود ذاالأيد أنه اواب എന്ന അദ്ധ്യായത്തിൽ) ഇബ്നു അബ്ബാസ് (റ)ന്റെ ഒരു പ്രസ്താവന ഉദ്ധരിച്ചതിൽ ഇങ്ങിനെ കാണാം. عصاه دابة الأرض الأرضة تأكل متسامة .... ഇങ്ങിനെ പലതും.

ദാബ്ബത്ത് (دابة) എന്നാൽ ജീവി, ജന്തു, മൃഗം എന്നൊക്കെയാണർത്ഥം അർദ്വു (ارض) ഭൂമിയും അതേ മൂന്ന് അക്ഷരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന അരിദ്വ എന്നതിന് ചിതൽപിടിച്ചു എന്നും, അർദ്വുൻ എന്നതിന് ചിതൽപിടിക്കുക എന്നുമാണ് അർത്ഥം. ഇതും നിഘണ്ടുക്ക

ളിൽ കാണാം. ഏതായാലും ദാബ്ബത്തുൽ അർദ്വ് എന്ന് പറയുമ്പോൾ ഭൂമിയിലെ ജീവി അല്ലെങ്കിൽ ഭൂമിയിലെ ജന്തു എന്നിങ്ങിനെ മലയാളത്തിൽ ആ വാക്കിന് വിവർത്തനം നൽകാമെങ്കിലും എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളും ഇവിടെ അതിന് അറബിയിൽ പര്യായപദമായി കൊടുത്തിട്ടുള്ളവാക്ക് (അൽഅറദ്വത്ത്)എന്നത്രെ. ഈ വാക്കിനാകട്ടെ, ചിതൽ എന്നു തന്നെയാണർത്ഥം. ഇവർ പറയുംപോലെ, ഭൂമിയിലെ ഒരു ജീവി എന്ന് دابة الأرض ന് ആരും അർത്ഥം പറഞ്ഞിട്ടില്ല. പറയുവാൻ തരവുമില്ല. അൽ എന്ന അവ്യയം കൂടാതെ (ദാബ്ബത്തുഅർദ്വിൻ) എന്നായിരുന്നു ഉള്ളതെങ്കിൽ ആ അർത്ഥം വരുമായിരുന്നില്ല. മാത്രമല്ല, വടി തിന്നറുക്കുന്ന ജീവിയായതുകൊണ്ട് ആ ജീവി - ഇവർ പറയും പോലെ - മനുഷ്യനാകുവാനും ന്യായമില്ല.

എനി, മിൻസഅത്തിന് ചെങ്കോൽ, അല്ലെങ്കിൽ രാജദണ്ഡ് എന്നും ദാബ്ബത്തുൽ അർദ്വിന്ന് ഭൂമിയിലെ ഒരു ജീവി അല്ലെങ്കിൽ മനുഷ്യജീവി എന്നും അർത്ഥം വരാമെന്ന് സങ്കൽപിക്കുക, എന്നാൽതന്നെയും രാഷ്ട്രത്തെ - അല്ലെങ്കിൽ രാജാധികാരത്തെ-നശിപ്പിക്കുക എന്ന അർത്ഥത്തിൽ دابة الأرض تأكل المنسأة പോലെയുള്ള ഒരു അലങ്കാര പ്രയോഗം നാളിതുവരെ അറബിഭാഷയിലുള്ളതായി അറിയപ്പെടുന്നില്ല. ഇന്ന ആളുടെ മരണം കൊണ്ടുണ്ടായ നഷ്ടം വെളിപ്പെട്ടത് ഇന്ന ആൾ മൂലമാണ് എന്ന ഉദ്ദേശ്യത്തിൽ ما دل على موته الافلان (ഇന്നവനല്ലാതെ അയാളുടെ മരണത്തെപ്പറ്റി അറിയിച്ചില്ല) എന്നതുപോലുള്ള ഒരു പ്രയോഗം അറബികളിൽ പതിവുള്ളതായും കാണുന്നില്ല. എനി, വല്ല ആധുനിക അറബി സാഹിത്യങ്ങളിലും അങ്ങിനെ ഉണ്ടെങ്കിൽതന്നെ, അത് ക്വുർആൻ അവതരിച്ച കാലത്തെ ഭാഷക്കു ബാധകവുമല്ല. ഒരു ഭാഷയിലെ പ്രയോഗവും, ശൈലിയും മറ്റൊരു ഭാഷയിൽ - ആ ഭാഷക്കാർ ഉപയോഗിക്കാറില്ലാത്തപക്ഷം-അർത്ഥ വിവരണത്തിന് മാനദണ്ഡമാക്കുവാൻ നിവൃത്തിയില്ല. ഇതെല്ലാം ഉദാഹരണങ്ങൾ ഉദ്ധരിച്ചു വിവരിക്കുന്ന പക്ഷം ഈ കുറിപ്പ് വളരെ ദീർഘിച്ചു പോകുമെന്ന് കരുതി ചുരുക്കുകയാണ്.

മിൻസഅത്തിന്റെയും ദാബ്ബത്തുൽ അർദ്വിന്റെയും അർത്ഥങ്ങൾ ഇവർ കല്പിച്ചതു ശരിയല്ലാത്ത സ്ഥിതിക്ക് ആ തെറ്റായ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത വ്യാഖ്യാനങ്ങൾക്കൊന്നും മറുപടി പറയേണ്ടതായിട്ടില്ല. എങ്കിലും സാധാരണക്കാരെ സംശയിപ്പിക്കുന്ന ഇവരുടെ ചില ചോദ്യങ്ങളെയും, യുക്തിവാദങ്ങളെയും കുറിച്ച് അൽപം ചില സംഗതികൾകൂടി ഇവിടെ ഓർമിപ്പിക്കാം :

വളരെ തന്ത്രപരമായ പ്ളാനുകളോടുകൂടി എല്ലാ കാര്യങ്ങളും നടത്തിവരുന്ന അല്ലാഹുവിന് ഒരു നബിയുടെ മയ്യിത്ത് (മൃതദേഹം) മറവുചെയ്യുവാൻ പ്ലാനുണ്ടാക്കുവാൻ കഴിയുകയില്ലേ ? എന്ന് ഇവർ ചോദിക്കുന്നു. എന്നാൽ, സുലൈമാൻ നബി(അ)യുടെ മരണവർത്തമാനം കുറെ നാളത്തേക്കു ആരും അറിയാതാക്കിയതു കഴിവുകേടായോ പ്ലാനുകളിൽ വന്ന പാകപ്പിഴവായോ - ഇവരല്ലാതെ - ആരും കരുതുകയില്ല. കരുതുന്നുമില്ല. നേരെ മറിച്ച് അവന്റെ അപാരമായ കഴിവിന്റെയും മനുഷ്യർക്ക് കണ്ടുപിടിക്കാൻ കഴിയാത്ത വമ്പിച്ച പ്ലാനുകളുടെയും ഒരു ചെറിയ ഉദാഹരണം മാത്രമായിരുന്നു അത്. ഒരു വടിയുമായി നിൽക്കുന്ന സുലൈമാൻ(അ)-ഒരു പ്രവാചകനും മഹാരാജാവും കൂടിയാണദ്ദേഹം-അതേ നിലയിൽ മരണപ്പെടുകയും, ആ വാർത്ത മനുഷ്യരും ജിന്നുകളും അടങ്ങുന്ന പ്രജകളും, ഉദ്യോഗസ്ഥൻമാരും കുറെ ദിവസം അറിയാതിരിക്കുകയും അതേസമയത്ത് ആ മൃതദേഹത്തിൽ മരണത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടാതിരിക്കുകയും ചെയ്യുന്നത് ഒരു അസാധാരണസംഭവം തന്നെയാണ്. സുലൈമാൻ നബി(അ)യെപ്പറ്റി മറ്റുപല അസാധാരണ കാര്യങ്ങളും പറയുന്ന കൂട്ടത്തിലൊന്നായിത്തന്നെയാണ് ഈ സംഭവവും അല്ലാഹു പറഞ്ഞിട്ടുള്ളതും. പക്ഷേ, ആ ഓരോ കാര്യവും ദുർവ്യാഖ്യാനം ചെയ്‌വാൻ നേർച്ചനേർന്നി

ട്ടുള്ളവർക്ക് അത് സമ്മതിക്കുവാൻ വിഷമമുണ്ടാകും എന്നേയുള്ളൂ. മരണവാർത്ത അറിയാൻ താമസിച്ചത്നിമിത്തം മൃതദേഹത്തിൽ സ്വാഭാവികമായും ഉണ്ടാകാറുള്ള സാധാരണമായ വല്ല മാറ്റങ്ങളും സംഭവിച്ചിരുന്നുവെങ്കിൽ ഇവരുടെ ചോദ്യത്തിന് സ്ഥാനമുണ്ടായിരുന്നു. അങ്ങിനെ ആരും പറയുകയോ, സംശയിക്കുകയോ ചെയ്തിട്ടുമില്ല – ഈ കൂട്ടർ ഒഴികെ.

മനുഷ്യൻ മരിച്ചാൽ രണ്ടു മൂന്നു ദിവസം കൊണ്ടു മൃതദേഹത്തിൽ മാറ്റം വരും. സുലൈമാൻ നബി(അ)മനുഷ്യനാണല്ലോ. എന്നിരിക്കെ കുറെകാലം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ മൃതദേഹത്തിൽ എന്തുകൊണ്ട് മാറ്റം വന്നില്ല ? ഇതാണൊരു ചോദ്യം. ഈ സംഭവം സാധാരണയിൽ നിന്ന് ഒറ്റപ്പെട്ട ഒരു സംഭവമാണെന്ന വാസ്തവം ഇരിക്കട്ടെ. അല്ലെന്നിരുന്നാൽ തന്നെ ആ മൃതദേഹത്തിൽ മാറ്റം പ്രത്യക്ഷപ്പെടാതിരിക്കുവാൻ പലനിലക്കും സാധ്യതയുണ്ട്. അബ്ദുറഹ്മാനുബ്നു സൈദ്(റ)ൽ നിന്ന് ഇബ്നുകഥീർ(റ) ഉദ്ധരിച്ച പ്രസ്താവനയിൽ, അദ്ദേഹം മരണപ്പെട്ടത് ഒരു പളുങ്കുകൊണ്ടു നിർമിച്ച മുറിയിൽവെച്ചാണെന്നു പറഞ്ഞുവല്ലോ. ഇത് ശരിയോ തെറ്റോ ആവട്ടെ, അദ്ദേഹത്തിന്റെ മരണം ഒരു വായുനിയന്ത്രണം(എയർ കണ്ടീഷൻ)ചെയ്യപ്പെട്ട മുറിയിൽ വെച്ചായിരിക്കുകയും, വസ്തുക്കൾ വേഗം കേടുവരാതിരിക്കത്തക്ക ഏതെങ്കിലും ഏർപ്പാടുകൾ ആ മുറിയിൽ ഉണ്ടായിരിക്കുകയും ചെയ്താൽ അതിൽ അൽഭുതമൊന്നുമില്ലല്ലൊ. ഇവർക്ക്, ചൂടും തണുപ്പും നിയന്ത്രിച്ചും ചില മരുന്നുപയോഗങ്ങൾ നടത്തിയും സാധനങ്ങൾ കേടുവരാതെ സൂക്ഷിക്കുന്ന സമ്പ്രദായം പണ്ടുകാലംമുതൽക്കേ പതിവുള്ളതാണ്. മ്യൂസിയങ്ങളിലും ശവക്കല്ലറകളിലും എത്രയോ മൃതദേഹങ്ങൾ നൂറ്റാണ്ടുകളായി അങ്ങിനെ ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നു. അങ്ങിനെ ഏതെങ്കിലും തരത്തിലുള്ള ഒരു സവിശേഷതയുണ്ടായിരുന്ന ഒരു മുറിയിൽവെച്ചാണ് സുലൈമാൻ നബി (അ)യുടെ മരണം സംഭവിച്ചതെങ്കിൽ അതിൽ അസാംഗത്യമായി എന്താണുള്ളത് ? അദ്ദേഹത്തിന്റെ കാലത്തെ സംബന്ധിച്ചിടത്തോളം അതിനു ധാരാളം സാധ്യതയുണ്ട്താനും.

എനി, സൂറത്തുൽ കഹ്ഫിൽ ഗുഹാനിവാസികളെ (اصحاب الكهف) പ്പറ്റി ഇക്കൂട്ടർ തന്നെ പ്രസ്താവിച്ച ചില പ്രസ്താവനകൾവെച്ചു നോക്കിയാൽ, ഈ ചോദ്യം – മൃതദേഹത്തിൽ എന്തുകൊണ്ട് മാറ്റം വന്നില്ല എന്ന ചോദ്യം – ചോദിക്കാൻ ഇവർ മുതിർന്നതിൽ ആശ്ചര്യംതോന്നും. ഗുഹാനിവാസികളെ തപസ്സിരിക്കുന്ന സന്യാസികളുടെ സ്ഥിതിഗതികളോട് ഉപമിച്ചുകൊണ്ട് ഇവർ അവിടെ പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം ഇതാണ് : ലോകബന്ധം ഇല്ലാതെ ഏകാന്തമായി ഭജനയിലും ആരാധനയിലും അവർ മുഴുകും. ചില പ്രത്യേകരീതിയിൽ ഇരുന്നോ, നിന്നോ മറ്റുവിധത്തിലോ മരണംവരെ കഴിഞ്ഞുകൂടും അതേ അവസ്ഥയിൽ തന്നെ അവർ മരിക്കും. ഭക്ഷണപാനീയങ്ങളെപറ്റി അവർക്ക് ശ്രദ്ധയില്ല. കിട്ടിയാൽ ഉപയോഗിക്കും അത്രമാത്രം. അവരെ ആരും അലട്ടാറില്ല. അതിനാൽ മരണപ്പെട്ടാലും ആരും അന്വേഷിക്കയോ പരിശോധിക്കയോ ഇല്ല. മരണശേഷവും മുമ്പുണ്ടായിരുന്ന അതേ അവസ്ഥയിൽ – നിന്നോ ഇരുന്നോ മറ്റോ – അവശേഷിക്കും. കാലാവസ്ഥയുടെ അനുകൂലവും, ദുഷ്ടജന്തുക്കളിൽ നിന്നും രക്ഷയും കിട്ടിയാൽ മൃതദേഹങ്ങൾ നൂറ്റാണ്ടുകളോളം അങ്ങിനെത്തന്നെയിരിക്കും, അകലെ നിന്നു നോക്കുന്നവർക്ക് അവർ ജീവിച്ചിരിക്കുകയാണെന്ന് തോന്നും.

സുലൈമാൻ നബി (അ) ഒരു സന്യാസിയായിരുന്നുവെന്നു നാം പറയുന്നില്ല. അദ്ദേഹം രാജാവെന്നപോലെ പ്രവാചകനും, ഭരണകർത്താവെന്ന് പോലെ മഹാഭക്തനും, ആരാധനയിൽ മുഴുകുന്നവനുമാണെന്ന് ക്വുർആൻ കൊണ്ട്തന്നെ മനസ്സിലാക്കാം, അദ്ദേഹം ഒരു സ്ഥലത്ത് സ്വസ്ഥമായി ആരാധനയിലോ, ധ്യാനത്തിലോ, മറ്റേതെങ്കിലും കാര്യത്തിലോ മുഴുകിയിരുന്നാൽ ആരെങ്കിലും അദ്ദേഹത്തെ അലട്ടാനോ പരിശോധിക്കാനോ ധൈര്യപ്പെടുമോ ? ഇങ്ങിനെയുള്ള ഒരവസരത്തിൽ പെട്ടെന്ന് അല്ലാഹു അദ്ദേഹത്തെ മര

ണപ്പെടുത്തുന്നപക്ഷം കുറെ നാളത്തേക്കെങ്കിലും അതുമറ്റാരും അറിയാതെയും, അന്വേഷിക്കാതെയും അജ്ഞാതമായിരിക്കുക സ്വാഭാവികം മാത്രമാണ്. സന്യാസിമാരെക്കുറിച്ചുള്ള ഇവരുടെ പ്രസ്താവനയിൽ സാധാരണ മനുഷ്യപ്രകൃതിക്കെതിരായി ഒന്നുമില്ലെങ്കിൽ അത് സുലൈമാൻ നബി(അ)യിലും അങ്ങിനെത്തന്നെയാണല്ലോ. ഗുഹാനിവാസികളുടെ സംഭവത്തിന്റെ യഥാർത്ഥനില മാറ്റി മറിച്ചു ചിത്രീകരിക്കുവാൻ ഇവർ ഉപയോഗിച്ച അതേ ന്യായങ്ങളെ സുലൈമാൻ നബി(അ)ന്റെ സംഭവത്തിന്റെ യഥാർത്ഥനില സ്ഥാപിക്കുവാൻ മറ്റുള്ളവർക്കും ഉപയോഗപ്പെടുത്താമല്ലോ. പക്ഷേ, സംഭവിച്ചത് അതാണെന്ന് നാം പറയുന്നില്ല.

ഇവരുടെ മറ്റൊരു ചോദ്യത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ജിന്നുകൾ അദൃശ്യകാര്യം അറിയുമെന്ന വാദം ശരിയല്ലെന്ന് സമ്മതിപ്പിക്കുവാനാണ് ഇത്രയും കാലം സുലൈമാൻ നബി അങ്ങിനെ നിന്നതെന്ന് പറയുന്നു. ഈ ആവശ്യത്തിന് ഇത്ര പാടുപെടേണ്ടതുണ്ടോ ? നിങ്ങളെപ്പോഴാണ് മരിക്കുക എന്നു അവരോട് ചോദിച്ചാൽ പോരെ? അവർ ഉത്തരം മുട്ടുകയില്ലേ ? തന്റെ മുമ്പിലുള്ള ഒരാൾ മരിച്ചതും മരിക്കാത്തതും അദൃശ്യകാര്യമാണോ ? പഞ്ചേന്ദ്രിയങ്ങൾക്കും, ബുദ്ധിക്കും അതീതമായതല്ലേ അദൃശ്യകാര്യം ? സംഭവത്തെ മാറ്റിമറിക്കുന്ന തിരക്കിൽ ഇവർക്ക് ചില അമളികൾ പിണഞ്ഞിട്ടുണ്ടെന്നും, അതോടുകൂടി പൊതുജനങ്ങളെ കബളിപ്പിക്കാവുന്ന സൂത്രങ്ങൾ മാത്രമാണിതെന്നും പറയാതിരിക്കാൻ വയ്യ, കാരണം :

ജിന്നുകൾ അദൃശ്യകാര്യം (ഗൈബ്)അറിയുകയില്ലെന്ന് അവരെ സമ്മതിപ്പിക്കേണ്ടതിന്മാത്രമാണ് സുലൈമാൻ നബി(അ)ന്റെ മൃതദേഹം കുറെകാലം അങ്ങിനെ അല്ലാഹു താമസിപ്പിച്ചതെന്നു ആരും പറയുന്നില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ അത് പറഞ്ഞവരുടെ മാത്രം അഭിപ്രായമാണ്. അദ്ദേഹം നിലത്തുവീണപ്പോൾ അക്കാര്യം ജിന്നുകൾക്ക് വ്യക്തമായി (الخ – فلما خر تبينت الجن) എന്നേ ക്വുർആൻ പറയുന്നുള്ളൂ. എന്നിരിക്കെ, ഈ ചോദ്യങ്ങൾക്ക് വകയില്ല. ഓരോരുത്തരും എപ്പോഴാണ് മരിക്കുക എന്ന് ചോദിച്ചാലും മതി എന്ന പ്രസ്താവനക്കും പ്രസക്തിയില്ല. കാരണം, മരണസമയം അറിയുന്നത് മാത്രമല്ല അദൃശ്യകാര്യം. ഒരു അദൃശ്യകാര്യം അറിയാത്തത്കൊണ്ടു മറ്റുകാര്യങ്ങൾ അറിയുകയില്ലെന്നു വരികയില്ല ; അതിരിക്കട്ടെ, ഇവിടെ ജിന്നുകൾക്ക് മുൻകൂട്ടി അറിയാൻ കഴിയാതിരുന്ന അദൃശ്യകാര്യം ഏതായിരുന്നുവെന്നാണ് നോക്കേണ്ടത്. സുലൈമാൻ നബി (അ) എപ്പോൾ മരിക്കും എന്നുള്ളതല്ല അത്. അദ്ദേഹം വടിപിടിച്ചു നിൽക്കുന്നു ; അദ്ദേഹത്തെ വേണമെങ്കിൽ നോക്കിക്കാണുകയും ചെയ്യാം ; ജിന്നുകൾ നിർബന്ധിതരായി കഠിന ജോലികളിൽ കഴിയുകയാണ്. ഇതിനിടയിൽ അദ്ദേഹം ആരുമാരും അറിയാതെ മരിച്ചു ; മരണത്തിന്റെ അടയാളമൊന്നും അറിയപ്പെട്ടില്ല. ജീവനോടെയിരിക്കുകയാണെന്ന ധാരണയിൽ സംഗതികളെല്ലാം നടന്നുവരുന്നു ; ഒരു നേരിയ സംശയമെങ്കിലും തങ്ങൾക്ക് ലഭിച്ചിരുന്നെങ്കിൽ–നാളുകളോ, മാസങ്ങളോ–കഴിഞ്ഞപ്പോഴാണ് സംഗതി മനസ്സിലാകുന്നത് ;അതും നിസ്സാര ജീവിയായ ചിതലിന്റെ കാരണത്താൽ; ഇപ്പോഴാണ് ജിന്നുകൾക്ക് വ്യക്തമാകുന്നത് ; തങ്ങൾ അദൃശ്യകാര്യം അറിയുമായിരുന്നെങ്കിൽ ഈ നിന്ദ്യമായ ശിക്ഷയിൽ കഴിഞ്ഞുകൂടേണ്ടിവരികയില്ലായിരുന്നു (ما لبثوا الخ ان لو كانوا يعلمون الغيب) എന്ന് ! അതെ, തങ്ങൾ അദൃശ്യങ്ങളെ അറിയുന്നവരാണെന്ന ജിന്നുകളുടെ വാദവും, അതു ശരിയാണെന്നു കരുതിയിരുന്ന മനുഷ്യരുടെ ധാരണയും തെറ്റാണെന്ന് അനുഭവം വ്യക്തമാക്കി.

സാധാരണ നിലക്ക് ഒരാൾ മരണപ്പെട്ടതറിയുന്നത് അദൃശ്യം അറിയലല്ല. എന്നാൽ, മരണലക്ഷണങ്ങളൊന്നും പ്രത്യക്ഷപ്പെടാതിരിക്കുമ്പോൾ, അത് അദൃശ്യത്തിൽപെട്ടതുതന്നെയാണ്. ഇവർ പറയുന്നതുപോലെ സുലൈമാൻ നബി (അ) എപ്പോൾ മരിക്കുമെന്ന

തല്ല ഇവിടെ അദൃശ്യം കൊണ്ടുദ്ദേശ്യം. സുലൈമാൻ നബി (അ) മരിച്ചപ്പോൾ ജിന്നുകൾക്കൊരു ഖേദം ; ഇന്നപ്പോൾ മരിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ അതിന് അൽപം മുമ്പ് നമുക്ക് ചാടിപ്പോകാമായിരുന്നു ; എന്നാൽ നമ്മെ ആരും തിരിച്ചുകൊണ്ടുവരികയില്ലായിരുന്നു ; അദ്ദേഹത്തിന്റെ മകനെപ്പറ്റിയാണെങ്കിൽ നമുക്ക് ഭയപ്പെടേണ്ടതൊന്നുമില്ല എന്നൊക്കെയുള്ള ഇവരുടെ വിശദീകരണവും അപ്രസക്തമാണ്. മിൻസഅത്തിന്റെയും ദാബ്ബത്തുൽ അർദ്വിന്റെയും അർത്ഥങ്ങൾ മാറ്റിപ്പറഞ്ഞതിൽ നിന്നുത്ഭവിച്ചതാണല്ലോ ഈ വിശദീകരണം. കൂടാതെ, ഇതിൽ മറ്റൊരു വാക്കിന്റെ അർത്ഥംകൂടി മാറ്റപ്പെട്ടിട്ടുമുണ്ട്. അദ്ദേഹം മരണപ്പെട്ടപ്പോൾ എന്നു പറഞ്ഞത് ആയത്തിലെ فلما خر എന്ന വാക്കിന്റെ അർത്ഥമെന്ന നിലക്കാണ്. അതുകൊണ്ട് خر യുടെ അർത്ഥം എന്താണെന്നുകൂടി നോക്കേണ്ടിയിരിക്കുന്നു :

خر (ഖർറ) എന്ന വാക്കിന് വീണു എന്നും, മരിച്ചു എന്നും അർത്ഥമുണ്ട്. വീണു എന്നർത്ഥം കല്പിച്ചതുകൊണ്ടാണ് നമുക്ക് അബദ്ധം പിണഞ്ഞതും, മരിച്ചു എന്ന അർത്ഥമാണ് ഇവിടെ കല്പിക്കേണ്ടതെന്നും ആണല്ലോ ഇവരുടെ വാദം. രണ്ടർത്ഥവും ആ വാക്കിന് വരാമെന്നുള്ളത് വാസ്തവമത്രെ. പക്ഷേ, ആ പദത്തിന്റെ സാക്ഷാൽ അർത്ഥം വീണു എന്നു തന്നെയാണ്. ക്വുർആനിൽ 12 സ്ഥലങ്ങളിൽ ഈ ക്രിയ ഉപയോഗിച്ചു കാണാം. (19:58; 25:73; 38:24; 7:143 മുതലായവ) ഇവിടെയൊന്നും മരിച്ചു എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല. ക്വുർആന്റെ വാക്കർത്ഥങ്ങൾ മാത്രം വിവരിക്കുന്ന ഇമാം റാഗിബിന്റെ നിഘണ്ടുവിലും മറ്റു ചില നിഘണ്ടുവിലും വീണു (سقط) എന്നല്ലാതെ, മരിച്ചു (مات) എന്ന് ഒരു അർത്ഥം തന്നെ അതിനു കൊടുത്തിട്ടില്ല. ചുരുക്കം ചില നിഘണ്ടുകളിൽ മരിച്ചു എന്നും അർത്ഥം പറയാതില്ല. അപ്പോൾ കല്പിച്ചുകൂട്ടി മരിച്ചു എന്ന അർത്ഥംതന്നെ സ്വീകരിക്കുന്നതിൽ ചില താല്പര്യമുണ്ടെന്ന് വ്യക്തമാണ്. എനി, മരിച്ചു എന്ന അർത്ഥം സ്വീകരിച്ചാൽ തന്നെ ഇവരുടെ വിവരണത്തിൽ അൽപം ചില പന്തികേടുണ്ടാനും.

സുലൈമാൻ (അ) മരിച്ചപ്പോൾ, അദ്ദേഹം മരിക്കുന്ന സമയം മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിൽ അതിന്റെ അല്പം മുമ്പ് ചാടിപ്പോകാമായിരുന്നുവെന്ന് ജിന്നുകൾ ഖേദിച്ചുവെന്നാണല്ലോ ഇവർ പറയുന്നത്. അതേസമയത്ത് ജിന്നുകൾ എന്നു പറയുന്നത് ഇവരുടെ അഭിപ്രായത്തിൽ കടുത്ത പോക്കിരികളായ മനുഷ്യൻമാരാണ്. സുലൈമാൻ (അ)ന്റെ ഭരണകൂടം അദ്ദേഹത്തിന് ശേഷം എന്ത് പരിവർത്തനത്തിന് വിധേയമായാലും ശരി, അദ്ദേഹത്തിന്റെ ജീവിതകാലം കഴിയുന്നതുവരെ, അതിലെ ഉദ്യോഗസ്ഥൻമാരും, ഉത്തരവാദപ്പെട്ടവരും അതിലെ നിയമനിയന്ത്രണങ്ങൾ പാലിച്ചു പോരുമല്ലോ. മരിക്കുന്നതിന്റെ അടുത്തകാലം മുതൽ ആ ഉദ്യോഗസ്ഥൻമാരെയും - സുലൈമാൻ നബിയെത്തന്നെയും - കബളിപ്പിച്ചു ചാടിപ്പോകാമെന്നു ആ പോക്കിരിമനുഷ്യൻമാർ കരുതുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. അടുത്തകാലത്ത് എന്നു പറഞ്ഞതിന് ഇവർ നൽകുന്ന വിവക്ഷ നിമിഷങ്ങളും മണിക്കൂറുകളുമാണെങ്കിൽ ആ ചാടിപ്പോക്ക് നാമമാത്രമായിരിക്കും. ദിവസങ്ങളോ മാസങ്ങളോ ആണെങ്കിൽ - സുലൈമാൻ (അ) ബോധാവസ്ഥയിലുണ്ടെങ്കിൽ - അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥവൃന്ദം അതിന്നനുവദിക്കുമോ ?

യഥാർത്ഥത്തിൽ ഇതൊന്നുമല്ല സംഭവം. ജിന്നുകൾ എന്നു പറയുന്നത് മനുഷ്യരിൽ നിന്നും വ്യത്യസ്തരായ ഒരു വർഗമാണ്. അവരെ സുലൈമാൻ നബിക്കു-പക്ഷികളെയും കാറ്റിനെയും കീഴ്പെടുത്തിയതുപോലെ - അല്ലാഹു ഒരു പ്രത്യേകാനുഗ്രഹമെന്ന നിലക്ക് കീഴ്പെടുത്തിക്കൊടുത്തതാണ്. ഭൗതികവും, സാധാരണ രാജകീയവുമായ ഏതെങ്കിലും കഴിവല്ലായിരുന്നു അതിന്കാരണം. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തോളം ആ ദിവ്യാനുഗ്രഹം നിലനിൽക്കുകയും ചെയ്യും. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പെ അതു

നഷ്ടപ്പെടുമെന്ന് പറയുവാൻ ആർക്കും അധികാരമില്ല. അദ്ദേഹം മരിച്ചിട്ടു പിന്നെയും അതറിയാതെ തങ്ങൾ കഷ്ടപ്പെടേണ്ടിവന്നല്ലോ എന്ന ഖേദത്തിനല്ലാതെ, മരിക്കുന്നതിന്റെ അടുത്തു ചാടിപ്പോകാമായിരുന്നുവെന്ന് ഖേദിക്കുവാൻ ഇവിടെ ന്യായമില്ല.

സുലൈമാൻ(അ) ഒരു നബിയും രാജാവും കൂടിയാണ്. രണ്ടു നിലക്കും പല കാര്യങ്ങളും അദ്ദേഹം നിർവ്വഹിക്കേണ്ടതുണ്ടാകും. എന്നിരിക്കെ അതിലൊന്നും ഇടപെടാതെ ഇത്ര അധികകാലം അദ്ദേഹം ഒഴിഞ്ഞുനിൽക്കുക സാധ്യമാണോ ? ആരെങ്കിലും ചെന്ന് അന്വേഷിക്കാതിരിക്കുമോ ? എന്ന് ഇവർ പറയുന്നു. അദ്ദേഹം അങ്ങിനെ ഒഴിഞ്ഞുനിന്ന കാലം-അഥവാ മരണത്തിനും, മരണവാർത്ത പുറത്തായതിനും ഇടയ്ക്കുള്ള കാലം-എത്രയാണെന്ന് നമുക്കറിഞ്ഞുകൂടാ എന്ന് നാം മുമ്പേ പറഞ്ഞു. എങ്കിലും കുറച്ചധികം നാളുകൾ അങ്ങിനെ കഴിഞ്ഞിട്ടുണ്ടെന്നു ക്വുർആന്റെ വചനങ്ങളിൽ അൽപം ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. ഏതായാലും, ഒരു ഭരണാധിപനോ, പ്രവാചകനോ, തന്റെ തലസ്ഥാന കേന്ദ്രവും, ഭരണാതിർത്തിയും വിട്ടു കുറച്ചുകാലത്തേക്ക് യാത്രപോകുകയോ അദ്ദേഹം കുറെ കാലം രോഗത്തിലോ മറ്റോ ആവുകയോ ചെയ്യുന്നത് നിമിത്തം അദ്ദേഹത്തിന്റെ ആൾക്കാർ മൂലം അവ നടന്നുകൊണ്ടിരിക്കുകതന്നെ ചെയ്യും. എല്ലാ കാലത്തും ഇതിന് ഉദാഹരണങ്ങൾ ഉണ്ടാകാറുമുണ്ട്. സുലൈമാൻ (അ) കുറെ നാളുകളോളം ജനസമ്പർക്കം കൂടാതെ ഒഴിഞ്ഞുനിന്നുവെങ്കിൽ-ആ കാലത്ത് യഥാർത്ഥത്തിൽ അദ്ദേഹം മരിച്ചിരുന്നുവെങ്കിലും അതാരും അറിഞ്ഞിട്ടില്ലല്ലോ-ആ നാളുകളത്രയും അദ്ദേഹത്തിന്റെ ജനമദ്ധ്യെ നടത്തുവാനുണ്ടായിരുന്ന കാര്യങ്ങൾ മുടങ്ങിപ്പോയിരിക്കുമെന്നു ഊഹിക്കുവാൻ നിവൃത്തിയില്ല. പിന്നീട്, അദ്ദേഹത്തിന് സ്വന്തം നിലക്കുള്ള ദിനചര്യകളുടെ കാര്യമാണ് ആലോചിക്കുവാനുള്ളത്.

അദ്ദേഹത്തിന്റെ കാലത്തുള്ള ആരാധനാകർമങ്ങൾ എങ്ങിനെയെല്ലാമായിരുന്നുവെന്നു നമുക്കറിവില്ല. മിക്കവാറും നമ്മുടെ ഇന്നത്തെപ്പോലെയുള്ള രൂപത്തിൽ ആയിക്കൊള്ളണമെന്നില്ല. സകരിയ്യാ നബി(അ)ക്ക് ഒരു ദൃഷ്ടാന്തമെന്ന നിലക്ക് മൂന്നു ദിവസം സംസാരിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം ജനങ്ങളോട് രാവിലെയും വൈകുന്നേരവും തസ്ബീഹ് നടത്തുവാൻ ആംഗ്യംമൂലം ഉപദേശിച്ചതും, പ്രാർത്ഥനാമണ്ഡപത്തിൽ ജനസമ്പർക്കമില്ലാതിരുന്നിട്ടും സൂ: മർയമിൽ നാം കണ്ടു. ഇതുപോലെ ഏതെങ്കിലും വിധത്തിലുള്ള ഒരു നിലപാടു സ്വീകരിച്ചുകൊണ്ട് സുലൈമാൻ നബി (അ)യും സ്വസ്ഥമായിരിക്കും, അതിൽ മരിച്ചുപോകയും ചെയ്തിരിക്കാം. അല്ലാഹുവിനറിയാം. ഭക്ഷണത്തിന്റെയും മറ്റും കാര്യങ്ങൾ തന്നെ ഇത്തരം അവസ്ഥയിൽ വലിയൊരു പ്രശ്നമാകുന്നില്ല. കുറെ ദിവസങ്ങളോളം ഭക്ഷണപാനീയങ്ങളില്ലാതെ സാധാരണക്കാരായ ചില ആളുകൾ പോലും-ധ്യാനത്തിലായും അല്ലാതെയും - കഴിഞ്ഞുകൂടിയ സംഭവങ്ങൾ പത്രങ്ങളിലും മറ്റും കാണാറുള്ളതാണല്ലോ. സുലൈമാൻ നബി(അ)യെ സംബന്ധിച്ചിടത്തോളം ഇതിനെല്ലാം കൂടുതൽ സാധ്യതയാണുള്ളത്. ആരെങ്കിലും അദ്ദേഹത്തെ എത്തിയും പാളിയും നോക്കുകയില്ലേ, പരിശോധിക്കുകയില്ലേ എന്നീ സംശയവും ഇതുപോലെത്തന്നെ. മേൽപറഞ്ഞതുപോലെയുള്ള ഒരു ഏകാന്തതയിൽ അദ്ദേഹം കഴിയുവാൻ തീർച്ചയാക്കിയാൽ ആരെങ്കിലും അതിനു ധൈര്യപ്പെടുമോ ? വേണമെങ്കിൽ, അദ്ദേഹത്തിന്റെ ജീവിതാവസാനകാലത്തു അദ്ദേഹം അങ്ങിനെ ഒരു ഏകാന്തതയിലിരിക്കണമെന്നു അല്ലാഹുവിന്റെ കല്പന ഉണ്ടായിക്കൂടെന്നുമില്ല. ഇങ്ങിനെ പലനിലക്കും ആയിരിക്കുവാൻ സാധ്യതയുണ്ടെന്നേ നാം പറയുന്നുള്ളൂ. യഥാർത്ഥത്തിൽ സംഭവിച്ചതെന്തൊക്കെയാണെന്ന് ക്വുർആനിൽ നിന്നോ മറ്റോ നമുക്കുതിട്ടപ്പെടുത്തിപ്പറയുക സാധ്യമല്ല. ഇക്കാരണത്താൽ ക്വുർആന്റെ വ്യക്തമായ പ്രസ്താവനകളെ വളച്ചുതിരിച്ചു അർത്ഥവ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുവാനും നമുക്ക് സാധ്യമല്ല.

ഒരു ചിതൽ ഒരു ദിവസം വടിയിൽ നിന്നു തിന്നറുക്കുന്നത് എത്രയെന്ന് കണക്കുകൂട്ടി

യിട്ടാണ് ഒരു കൊല്ലം അദ്ദേഹം താമസിച്ചുവെന്നു കണക്കാക്കിയത് എന്നാണ് ചില കഥാകാരൻമാർ പറയുന്നത്. ഈ കണക്കുകൂട്ടലിനെയും, ഒരു കൊല്ലക്കാലാവധിയെയും കുറിച്ച് നമുക്കൊന്നും പറയുവാനില്ല. അതുകൊണ്ട് അതുസംബന്ധിച്ച് ഇവരുടെ വിമർശനങ്ങൾക്ക് നാം മറുപടി പറയേണ്ടതുമില്ല. അവസാനമായി നമുക്കിവരോട് പറയുവാനുള്ളത് അവർ തന്നെ പറഞ്ഞിട്ടുള്ള ചില വാക്കുകളാണ് : ഇങ്ങിനെ (പുതിയ) കഥ കെട്ടിയുണ്ടാക്കുന്നതിനെപ്പറ്റി നമുക്കൊന്നും പറയുവാനില്ല. കഥയിൽ ആർക്കും ചോദ്യവുമില്ല. പക്ഷേ, അത് ക്വുർആന്റെ പേരിലും, അതിന്റെ വ്യാഖ്യാനമെന്ന നിലക്കുമാകരുത്. ഇതാണ് നമുക്ക് സഹിക്കാൻ കഴിയാത്തത്.

അല്ലാഹുവേ, ഞങ്ങൾക്കെല്ലാവർക്കും ഹിദായത്തും തൗഫീക്വും, സൽബുദ്ധിയും നൽകുകയും ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യേണമേ ! ആമീൻ

മആരിബിലെ അണക്കെട്ട് (سد مأرب)

അറേബ്യാ ഉപദ്വീപിന്റെ പടിഞ്ഞാറെ കടൽതീര പ്രദേശങ്ങളിൽകൂടി, തെക്കുഭാഗത്ത് യമൻമുതൽ, വടക്കു ഭാഗത്ത് ഫലസ്തീൻ വരെ നീണ്ടുകിടക്കുന്ന ഒരു പർവ്വതനിരയാണ് ശ്രുതിപ്പെട്ട സറാത്തു മലനിര (جبال سراة) യമനിലെ മആരിബി (مأرب)ന്റെ തെക്കുപടിഞ്ഞാറുഭാഗത്തുകൂടി ഇതിന്റെ ഒരു ശാഖ നീണ്ടുപോകുന്നു. ഈ ശാഖയുടെ പല ഭാഗത്തുനിന്നായി ഉത്ഭവിക്കുന്ന താഴ്വരകൾ കിഴക്കെ ഓവുചാൽ (الميراب الشرقي) എന്ന പേരിലറിയപ്പെടുന്ന ഒരു വലിയ താഴ്വരയിൽ അവസാനിക്കുന്നു. മഴ പെയ്യുമ്പോൾ മലകളിൽ നിന്ന് ഈ താഴ്വരകൾ വഴിയായി ഒഴുകിയൊലിച്ചുവരുന്ന വെള്ളമെല്ലാംകൂടി ഉദുനാഃ താഴ്വര (اذنة وأدى)യിൽകൂടി ഗമിക്കുന്നു. ഈ താഴ്വര സമുദ്രവിതാനത്തിൽ നിന്ന് 1100 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടെനിന്ന് ആ വെള്ളം വടക്കുകിഴക്കോട്ടായി ഒഴുകിയ ശേഷം, മആരിബിൽ എത്തുംമുമ്പ് ഒരു മലയിടുക്കിൽ കൂടി വളരെ ഊക്കിൽ കടന്നുപോകണം. ഇരുവശത്തുമുള്ള മലകളിൽ ഒന്നിന് വലത്തെ ബലക് (البلق الأيمن) എന്നും മറ്റേതിന് ഇടത്തെ ബലക് (البلق الأيسر) എന്നു പേർ. രണ്ടിനുമിടയിലുള്ള അകലം ഏറെക്കുറെ 600 മുഴമാകുന്നു.

ആ പ്രദേശത്ത് മഴവെള്ളം ഭൂമിയിൽ അധികം തങ്ങിനിൽക്കാറില്ല. മണലിൽ ആണ്ടുപോകുന്ന പ്രകൃതിയാണുള്ളത്. തന്നിമിത്തം, പുഴകളോ, കിണർ, കുളം മുതലായവ ഉണ്ടായിരുന്നില്ല. താഴ്വരകളിൽ കൂടി ഒഴുകി വരുന്ന വെള്ളം അവിടെവിടെ തടഞ്ഞു കെട്ടിനിറുത്തിയാണ് അവിടുത്തുകാർ ഉപയോഗിച്ചിരുന്നത്. അധികം താമസിയാതെ അവ വറ്റിപ്പോകുന്നതുകൊണ്ട് ജലക്ഷാമവും വിളനാശവും അവർക്ക് സാധാരണമാണ്. ചിലപ്പോൾ, അതിവർഷം നിമിത്തം കൂടുതൽ ആപത്തുകളും സംഭവിക്കും. ഇതിനു നിവാരണമായി ഏതോ ഒരു ഭരണകർത്താവിന്റെ കാലത്ത് ഏറെക്കുറെ 150 അടി ഉയരവും, 800 അടിയോളം നീളവും വരുന്ന ഒരു അണക്കെട്ട് നിർമിക്കപ്പെട്ടു.

പ്രസ്തുത മലയിടുക്കിനും, മആരിബിനുമിടയിൽ ഏകദേശം 3000 ചതുരശ്രനാഴികയോളം വരുന്ന ഒരു വിശാലമായ ഭൂമി സ്ഥിതി ചെയ്യുന്നു. ഇടക്കിടെ കുന്നുകളും, ചരിവുകളും ഉൾക്കൊള്ളുന്ന ആ പ്രദേശം മരുഭൂമിയായി വരണ്ടുകിടക്കുകയായിരുന്നു. അതെല്ലാം ക്രമേണ ഫലഭൂയിഷ്ടമായിത്തീർന്നു. അതൊരു സമ്പൽസമൃദ്ധമായ സുഖവാസസ്ഥലമായി മാറുകയും ചെയ്തു. താഴ്വരയുടെ ഇരുപുറത്തുമായി സ്ഥിതിചെയ്യുന്ന ബലക്വു മലകൾക്കിടയിൽ, യന്ത്രങ്ങളുടെ സഹായമൊന്നും ഇല്ലാതിരുന്ന അക്കാലത്തു നിർമിക്കപ്പെട്ട ആ കൂറ്റൻ അണക്കെട്ട് ഈ പരിഷ്കരിച്ച യന്ത്രയുഗത്തിലെ വമ്പിച്ച പദ്ധതി കളെപ്പോലും അതിശയിപ്പിക്കുന്നതായിരുന്നു. അണക്കെട്ടിലെ വെള്ളം തോടുകൾ വഴിയായും മറ്റും ഉപയോഗപ്പെ

ടുത്തിക്കൊണ്ട് ആ വിശാല പ്രദേശങ്ങളത്രയും അവർ കൃഷിനിലങ്ങളും, കായ്കനിത്തോട്ടങ്ങളുമാക്കി മാറ്റി. കുന്നുകളുടെ ഓരങ്ങളിൽ, താഴ്‌വരയുടെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന അതി സമൃദ്ധവും, വിശാലവുമായ-വിവിധ ഉൽപന്നങ്ങളടങ്ങുന്ന -തോട്ടങ്ങളുടെ സമൂഹത്തെക്കുറിച്ചാണ് വലഭാഗത്തും ഇടഭാഗത്തുമുള്ള രണ്ടു തോട്ടങ്ങൾ (جنتان عن يمين وشمال) എന്ന് സൂ: സബഇൽ അല്ലാഹു പറഞ്ഞിരിക്കുന്നത്. അഥവാ ആ തോട്ടങ്ങൾ രണ്ടും കേവലം സാധാരണപോലെയുള്ള രണ്ടു തോട്ടങ്ങൾ മാത്രമായിരുന്നില്ല. ആ രാജ്യക്കാരുടെ ഏക ജീവിതാലംബമായിരുന്നു അത്.

ഈ അണക്കെട്ടിനെയും, അതിന്റെ ആൾക്കാരായ സബഉ് ഗോത്രക്കാരെയും സംബന്ധിച്ചു അറബി ചരിത്രകാരൻമാർ ചെയ്തിരുന്ന പ്രസ്താവനകളെയെല്ലാം സംശയഗതിയോടെ മാത്രം വീക്ഷിച്ചുകൊണ്ടിരുന്ന യൂറോപ്യന്മാർ ക്രി:1843-ൽ ഫ്രാൻസുകാരനായ ആർനൂഡ് (A.J. Arnaud) എന്ന സഞ്ചാരി ആ പ്രദേശങ്ങൾ സഞ്ചരിച്ചു നിരീക്ഷണം നടത്തിയ ശേഷം – ഇപ്പോൾ അതു വിശ്വസിക്കുവാൻ നിർബ്ബന്ധിതരായിരിക്കയാണ്. 1874-ൽ അദ്ദേഹം അതിന്റെ പഴയകാലത്തെ വരച്ചുകാട്ടുന്ന ഭൂപടവും പ്രസിദ്ധീകരിച്ചു. പിന്നീട് വേറെ ചിലരും ആ പ്രദേശം സന്ദർശിക്കുകയും, കൂടുതൽ തെളിവുകളും, അവശിഷ്ടങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിന്റെ ആവിർഭാവത്തിനു 400 കൊല്ലം മുമ്പാണ് ആ അണപൊട്ടി രാജ്യം നശിച്ചതെന്നും, അതല്ല, ക്രിസ്ത്വബ്ദം ആറാം നൂറ്റാണ്ടിൽ (542-നും 570-നും ഇടയിൽ) ആണെന്നും അഭിപ്രായങ്ങളുണ്ട്. മഹാനായ ഇബ്നുഖൽദൂൻ ابن خلدون പറയുന്നത് ക്രിസ്ത്വബ്ദം അഞ്ചാം നൂറ്റാണ്ടിലായിരിക്കണമെന്നാകുന്നു. ഏതായാലും നബി ﷺ തിരുമേനിക്കും ഈസാ നബി (അ)ക്കും ഇടയിലായിരുന്നു ആ സംഭവം الله أعلم

അണക്കെട്ടിന്റെ സ്വഭാവവും കിടപ്പും അടുത്ത 13-ാം പടത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

[المراجع : تفسير الجواهر للشيخ الطنطاوى , وتفسير المراغى , وترجمان القرأن بالإنجليزية للعلامة يوسف على]